വാല്യം 4
ഇഷ്യു 1

ഡിസംബർ 2018

# നിയമധ്വനി

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം







## പ്രസാധക കുറിപ്പ്

മലയാളം കേരള ജനതയുടെ മാതൃഭാഷയും ഭരണഭാഷയുമാണ്. ജനാധിപത്യ സംവിധാനത്തിൽ ഭരണം ജനങ്ങളുടെ ഭാഷയിലായിരിക്കുക എന്നത് ജനങ്ങളുടെ ഭാഷാപരമായ മനുഷ്യാവകാശമാണ്. കേരളത്തിന്റെ ഭരണഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി സർക്കാർ വിവിധ കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരികയാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയും ഹൈക്കോടതിയും പുറപ്പെടുവിക്കുന്ന വിധിന്യായങ്ങൾ വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഈയവസരത്തിൽ നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പിൽ നിന്നും സമകാലികവും പ്രസക്തവുമായ വിധിന്യായങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധപ്പെടുത്തുന്ന **നിയമ ധ്വനി** എന്ന പ്രസിദ്ധീകരണം സാധാരണ ജനങ്ങളുടെ നിയമ അവബോധത്തിന് ഒരു മുതൽക്കൂട്ടാകുമെന്ന് വിശ്വസിച്ചുകൊണ്ടും മാന്യ വായനക്കാർ നൽകുന്ന പ്രോത്സാഹനങ്ങൾക്ക് നന്ദി സമർപ്പിച്ചു കൊണ്ടും നിയമ ധ്വനിയുടെ ഡിസംബർ പതിപ്പ് വായനയ്ക്കായി സമർപ്പിക്കുന്നു.

ആശംസകളോടെ,

**ബി. ജി. ഹരീന്ദ്രനാഥ്**
നിയമ സെക്രട്ടറി.

നിയമ വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം
02-02-2019

## ഉൾത്താളുകളിൽ......

### സുപ്രീം കോടതി വിധിന്യായങ്ങൾ

1. കേരള അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടേഴ്സ് അസോസ്സിയേഷൻ *Vs* കേരള സർക്കാരും മറ്റുള്ളവരും ........ 03
2. നാരായൺ മൽഹാരി തൊറാട്ട് *Vs* വിനായക് ദിയോറാവു ഭഗതും മറ്റൊരാളും... 09
3. സരോജിനി അമ്മ *Vs* വേലായുധൻ പിള്ള ശ്രീകുമാർ ........ 17
4. സന്തോഷ് *Vs* സ്റ്റേറ്റ് ഓഫ് കേരള ........ 23
5. വിജയകുമാർ *Vs* സ്റ്റേറ്റ് ഓഫ് ജമ്മു & കാശ്മീർ ........ 27

### ഹൈക്കോടതി വിധിന്യായങ്ങൾ

1. രാജീവ് തോമസ് *Vs* ഷീജാ ആന്റണി ........ 35
2. റിയാ കെ. ആർ. *Vs* ആൽബിൻ വർഗ്ഗീസ്. വി. ........ 43
3. സുരേഷ് *Vs* സ്റ്റേറ്റ് ഓഫ് കേരള ........ 47
4. ഉദയകുമാർ *Vs* സ്റ്റേറ്റ് ഓഫ് കേരള ........ 51

# സുപ്രീം കോടതി വിധിന്യായങ്ങൾ

# ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ഉദയ് ഉമേഷ് ലളിത്

&

ബഹു. ജസ്റ്റിസ് ഡോ. ധനഞ്ജയ വൈ. ചന്ദ്രചൂഢ്

നാരായൺ മൽഹാരി തൊറാട്ട്

*Vs*

വിനായക് ദിയോറാവു ഭഗതും മറ്റൊരാളും

ക്രിമിനൽ അപ്പീൽ നമ്പർ 1487/2018

(2018-ലെ പ്രത്യേക അനുമതി ഹർജി (ക്രിമിനൽ) നം. 7933-ൽ നിന്നും ഉത്ഭവിച്ചത്)

2018 നവംബർ 28-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

ഒന്നാം എതിർകക്ഷി ഇരയുടെ ഭാര്യയെ അവളുടെ മൊബൈലിൽ വിളിച്ചുകൊണ്ടിരുന്നതായും അവളെ ഉപദ്രവിച്ചിരുന്നതായും ആ ആരോപണങ്ങളെ ഇരയുടെ അമ്മയുടേയും ഭാര്യയുടേയും മൊഴി പിന്തുണക്കുന്നതായും അന്വേഷണ വേളയിൽ രേഖപ്പെടുത്തിയിട്ടുള്ളതും ആയത് വ്യക്തമായ ആരോപണങ്ങളുമാണ്. ആത്മഹത്യയ്ക്ക് 3-4 ദിവസം മുമ്പ് ഇരയും ഒന്നാം എതിർകക്ഷിയും തമ്മിൽ വാക്കുതർക്കമുണ്ടായിരുന്നതായി രേഖകൾ കാണിക്കുന്നു. ഈ വസ്തുതകളുടെ വെളിച്ചത്തിൽ, ആത്മഹത്യാ കുറിപ്പ് ഒന്നാം എതിർകക്ഷിക്കെതിരെ വ്യക്തമായ ആരോപണം നടത്തിയിട്ടുണ്ടെന്ന വസ്തുതയുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒന്നാം എതിർകക്ഷിക്ക് ആത്മഹത്യ നടത്തുന്നതിനു സഹായിക്കുവാനോ കാരണമാക്കുവാനോ പ്രേരിപ്പിക്കുവാനോ തക്കതായ ഉദ്ദേശ്യമുണ്ടായിരുന്നോ എന്ന ചോദ്യത്തിൽ ഹൈക്കോടതി ഇടപെട്ടത് ന്യായീകരിക്കാവുന്നതല്ല. അന്വേഷണം പൂർത്തിയാക്കാനിരിക്കുന്നതും കുറ്റപത്രം ഏതെങ്കിലുമുണ്ടെങ്കിൽ ഫയൽ ചെയ്യാനിരിക്കുന്നതുമായ വേളയിൽ എതിർകക്ഷിയുടെ ഭാഗത്തുനിന്നും വേണ്ടുന്ന മാനസിക ഘടകമോ ഉദ്ദേശമോ ഉണ്ടായിരുന്നോ എന്ന വീക്ഷണത്തിലേക്ക് ഹൈക്കോടതി പോകേണ്ടതില്ലായിരുന്നു.

### വിധിന്യായം

ജസ്റ്റിസ് ഉദയ് ഉമേഷ് ലളിത്

1. കാലതാമസം മാപ്പാക്കി. അനുമതി നൽകി.

2. ഒന്നാം എതിർകക്ഷി സമർപ്പിച്ചിട്ടുള്ളതും എഫ്.ഐ.ആർ. നം. 35/2015

പ്രകാരം അയാൾക്കെതിരെ ആരംഭിച്ചിട്ടുള്ള നടപടികളും റദ്ദാക്കിയിട്ടുള്ളതുമായ ക്രിമിനൽ അപേക്ഷ നം. 380/2015 അനുവദിച്ചുകൊണ്ട് നാഗ്പൂരിലെ ബോംബെ ഹൈക്കോടതി 28-03-2016 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിനും ഉത്തരവിനുമെതിരെയാണ് ഈ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

3. അപ്പീൽവാദിയിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ 14-2-2015-ൽ വാഷിം പോലീസ് സ്റ്റേഷനിൽ മുകളിൽ പ്പറഞ്ഞ എഫ്.ഐ.ആർ. നം. 35/2015 സമർപ്പിച്ചു. അപ്പീൽവാദിയുടെ മകളും മരുമകനും ഒരു ഗ്രാമത്തിലെ ഒരു ജില്ലാ പരിഷത് സ്കൂളിലെ അദ്ധ്യാപകരായിരുന്നതും അവിടെ ഒന്നാം എതിർകക്ഷിയും ഒരു അദ്ധ്യാപകനായിരുന്നതും ഒന്നാം എതിർ കക്ഷി അപ്പീൽവാദിയുടെ മകളെ ഫോണിൽ വിളിക്കാറുള്ളതും അവളെ ശല്യം ചെയ്തിരുന്നതായും ഒന്നാം എതിർകക്ഷി മകളെ നിരന്തരം വിളിക്കുന്നത് നിർത്തുന്ന തിന് മരുമകൾ ശ്രമങ്ങൾ നടത്തിയിട്ടും ഒന്നാം എതിർകക്ഷി അവളെ വിളിയ്ക്കുന്നത് തുടരുകയും 9-2-2015-ൽ മരുമകനും ഒന്നാം എതിർകക്ഷിയും തമ്മിൽ ഒരു വാക്കേറ്റം ഉണ്ടാകുകയും ഒരു ആത്മഹത്യാ കുറിപ്പ് എഴുതിവച്ചശേഷം 12-2-2015-ൽ മരുമകൻ ആത്മഹത്യ ചെയ്യുകയും ചെയ്തു. പ്രസ്തുത ആത്മഹത്യാ കുറിപ്പിന്റെ ശരി തർജ്ജമ താഴെപ്പറയുന്ന പ്രകാരമാകുന്നു:

"സർ, പോലീസ് സ്റ്റേഷൻ ആഫീസർ, ഞാൻ താഴ്മയായി അപേക്ഷിക്കുന്നത്, എന്റെ കുടുംബജീവിതം വിനായക് ഭഗത് നശിപ്പിച്ചിട്ടുള്ളതും ആയതിനാൽ അയാളോട് ദയവ് കാണിക്കരുത്, ഇത് താഴ്മയായ അപേക്ഷയാകുന്നതും അയാളെ മരണം വരെ തൂക്കിലിടണമെന്നതുമാണ് എന്റെ അവസാനത്തെ ആഗ്രഹം".

4. കുറ്റകൃത്യം രജിസ്റ്റർ ചെയ്തതിനു ശേഷം, ഒന്നാം എതിർകക്ഷി മുൻകൂർ ജാമ്യത്തിനുവേണ്ടി ഒരു അപേക്ഷ സമർപ്പിക്കുകയും ആയത് 21-2-2015-ൽ വാഷിം പ്രിൻസിപ്പൽ ഡിസ്ട്രിക്റ്റ് & സെഷൻസ് ജഡ്ജി തള്ളുകയും ചെയ്തു. ഹൈക്കോടതിയിൽ (എബിഎ) നം. 96/2015 എന്ന ക്രിമിനൽ അപേക്ഷ ഫയൽ ചെയ്തുകൊണ്ട് സംഗതി മുന്നോട്ടു കൊണ്ടുപോയി. 7-4-2015-ലെ ഉത്തരവിൻ പ്രകാരം ഹൈക്കോടതി ഹർജി തള്ളി. ഹൈക്കോടതി ഇപ്രകാരം നിരീക്ഷിക്കുക യുണ്ടായി:

"................ അപേക്ഷകനു വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകനേയും സംസ്ഥാന ത്തിനുവേണ്ടിയുള്ള വിദ്വാനായ എപിപി യേയും കേൾക്കുകയും അവരുടെ വാദങ്ങളുടെ പശ്ചാത്തലത്തിൽ, എന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുള്ള രേഖകളും അതേപോലെ വിദ്വാനായ എപിപി എന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുള്ള രേഖകളും പരിശോധിച്ചു. എന്നിരുന്നാലും, ഉപദ്രവം നടത്തി എന്ന് അപേക്ഷകനെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള ഘടകം അതായത്, ആത്മഹത്യാ കുറിപ്പ് എന്നു വിളിക്കപ്പെടുന്ന ഒരു കഷ്ണം പേപ്പർ മാത്രമാണ് എന്നായിരുന്നു അപേക്ഷകനു വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകന്റെ ഒരു ശ്രമം. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ മാത്രം ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പിലെ ഉദ്ദേശ്യമോ പ്രേരണയോ ആകർഷിക്കപ്പെടുന്ന ഒരു നിഗമനത്തിൽ

ഒരാൾക്ക് എത്തിച്ചേരാൻ കഴിയുകയില്ലെന്ന തായിരുന്നു വാദം. റിപ്പോർട്ടിന്റെ ഒരു പരിശോധനയിൽ നിന്നും, ഇത് അപേക്ഷ കന്റെ ആകസ്മികമോ അവസരോചിതമോ ആയ ഒരു ശ്രമമല്ലാത്തതും എന്നാൽ അപേക്ഷകന് അദ്ദേഹത്തിന്റെ സഹപ്രവർത്ത കനുമായുള്ള ഒരു സുഹൃത്ബന്ധം ആണെന്നുമാണ് വ്യക്തമാകുന്നത്. അപേക്ഷകൻ നിരന്തരമായി ഇരയുടെ ഭാര്യയുമായി മൊബൈൽ ഫോണിൽ ബന്ധം സ്ഥാപിച്ചിരുന്നതായി റിപ്പോർട്ടിൽ തന്നെ വ്യക്തമാക്കുന്നു. അപേക്ഷകൻ അത്തരം പ്രവൃത്തികളിൽ നിന്നും സ്വയം വിട്ടു നിൽക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഒരു തിരിച്ചറിവ് നൽകുന്നതിന് ശ്രമിച്ചിരുന്നു എന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. എന്നാൽ, അത്തരത്തിലെ ഒരു ശ്രമം നടത്തിയിട്ടും, അപേക്ഷകൻ യാതൊരു ശ്രദ്ധയും കൊടുക്കുകയോ അയാളുടെ പ്രവൃത്തികൾ നിർത്തുകയോ ചെയ്തില്ല. ഇരയായ സഞ്ജയ്-യുടെ മാതാപിതാക്കളുടെ അന്വേഷണ ഏജൻസി രേഖപ്പെടുത്തി യിട്ടുളള മൊഴികൾ, ദമ്പതികളും അപേക്ഷകനും തമ്മിലുള്ള ബന്ധം തുടക്കത്തിൽ ലളിതവും അനൗപചാരികവും ആയിരുന്നതും അപേക്ഷകൻ സഞ്ജയ്-യുടെ ഭാര്യയെ നിരന്തരം വിളിക്കുകയും ചെയ്തിരുന്നു എന്ന് വ്യക്തമായി സൂചിപ്പി ക്കുന്നു. അപേക്ഷകൻ സഞ്ജയ്-യുടെ മരണത്തിനു 3-4 ദിവസത്തിനു തൊട്ടു മുമ്പ് ഒരു ആനന്ദ് കലേയുടെ പലചരക്കു കടയിൽ വച്ച് സഞ്ജയും അപേക്ഷകനുമായി ഒരു ധാരണയിലെത്തിയിരുന്നതും സഞ്ജയ് ആവലാതി അറിയിച്ചിട്ടും സഞ്ജയ്-യുടെ ഭാര്യയെ അപേക്ഷകൻ ഫോണിൽ വിളിച്ചു കൊണ്ടിരുന്നു. ഈ വസ്തുതകൾ സഞ്ജയ്-യുടെ അമ്മയുടെ മൊഴിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ സഞ്ജയ് മാനസികസമ്മർദ്ദത്തിലും നിരാശയിലു മായിരുന്നു. സഞ്ജയ്-യുടെ ഭാര്യയുടെ മൊഴിയിൽ നിന്നും വെളിവാകുന്നത് എന്താണെന്ന് ശ്രദ്ധിക്കുന്നതും താത്പര്യ മുണർത്തുന്നതാണ്. അവളും അതേപോലെ അവളുടെ ഭർത്താവും അപേക്ഷകനുമായി ധാരണയിലെത്തിയിട്ടും അവളെ നിരന്തരം വിളിച്ചിരുന്നതായി സഞ്ജയ്-യുടെ ഭാര്യ വ്യക്തമായും സ്പഷ്ടമായും പറയുന്നു".

5. മുകളിൽ പറഞ്ഞിട്ടുള്ള ഹൈക്കോടതി യുടെ വീക്ഷണം പ്രത്യേക അനുമതി ഹർജി (ക്രിമിനൽ) നം. 3497/2015 ഫയൽ ചെയ്തുകൊണ്ട് ചോദ്യം ചെയ്തിരുന്നെ ങ്കിലും, ഈ കോടതി ആ ചോദ്യംചെയ്യൽ പ്രത്യേക അനുമതി ഹർജിയിൽ അർഹത യില്ലെന്നു കണ്ടുകൊണ്ട് 29-4-2015-ൽ തള്ളി.

6. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കാവുന്ന കുറ്റ ത്തിന് അപ്പീൽവാദിയുടെ റിപ്പോർട്ടിനെ തുടർന്ന് മേൽപ്പറഞ്ഞ 35/2015-ാം നമ്പർ പ്രഥമവിവര റിപ്പോർട്ട് റദ്ദുചെയ്യുന്നതിനായി ഒന്നാം എതിർകക്ഷി, അതിനുശേഷം, ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പിൻകീഴിൽ ഹൈക്കോടതിയിൽ 380/2015 എ നമ്പർ ക്രിമിനൽ അപേക്ഷ ഫയൽ ചെയ്തു. ഇടക്കാലാശ്വാസമായി കുറ്റകൃത്യവുമായി ബന്ധപ്പെട്ട തുടർനടപടി കളുടെ നിരോധനവും ആവശ്യപ്പെട്ടു. കുറ്റകൃത്യത്തിൽ അന്വേഷണം അവസാനി പ്പിച്ചിട്ടില്ലെന്നുള്ളത് രേഖകൾ പ്രകാരമുള്ള ഒരു വസ്തുതയാണ്.

7. ഒന്നാം എതിർകക്ഷി ഉന്നയിച്ച തർക്കം ഹൈക്കോടതി സ്വീകരിച്ചു. ഒന്നാം എതിർകക്ഷി മൊബൈലിൽ മരുമകളെ വിളിക്കാറുണ്ടായിരുന്നെന്നും അപ്പീൽ വാദിയുടെ മകനും ഒന്നാം എതിർകക്ഷിയും തമ്മിൽ വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ടെന്നുമുള്ള വസ്തുതകൾ സൂചിപ്പിച്ചതിനു ശേഷം ഹൈക്കോടതി താഴെ പറയും പ്രകാരം നിരീക്ഷിച്ചു.

"എന്തുതന്നെ ആയിരുന്നാലും പ്രത്യക്ഷ സ്വഭാവത്തിലുള്ളതും സഞ്ജയ്യെ ആത്മഹത്യയ്ക്കു സഹായിക്കുകയോ പ്രേരിപ്പിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന ഉദ്ദേശ്യം പോലും അപേക്ഷകന് ഉണ്ടെന്ന് കാണിക്കുന്ന യാതൊരു വസ്തുതയും ഇല്ലെന്ന് മേൽപ്പറഞ്ഞത് സൂചിപ്പിക്കുന്നു. സഞ്ജയ് ആത്മഹത്യ ചെയ്യുന്നതിന് ഏതെങ്കിലും സജീവമായതോ നേരിട്ടുള്ളതോ ആയ യാതൊരു സൂചനയും അപേക്ഷകന്റെ ഭാഗത്തു നിന്നുമില്ലായിരുന്നു. അതുപോലെ, അപേക്ഷകനല്ലാത്ത രണ്ടാമത്തെ ആളിന്റെ പുത്രൻ ആത്മഹത്യ ചെയ്യുന്നതിന് എന്തെങ്കിലും പ്രേരണയോ എന്തെങ്കിലും കരുതിക്കൂട്ടിയുള്ള പ്രവൃത്തിയോ നടന്നതായി കാണുന്നില്ല. ഇവിടത്തെ അപേക്ഷകന്റെ ഭാഗത്തു നിന്നും സഞ്ജയ്യെ ആത്മഹത്യയിലേക്ക് നയിക്കുന്ന എന്തെങ്കിലും പ്രോത്സാഹനമോ പ്രേരണയോ സൂചിപ്പിക്കുന്ന അത്തരം യാതൊരു വസ്തുതയും പരേതന്റെ പോക്കറ്റിൽ കണ്ട കുറിപ്പിൽ അടങ്ങുന്നില്ല".

ഹൈക്കോടതിയുടെ തീർപ്പും പ്രഥമ വിവര റിപ്പോർട്ട് റദ്ദാക്കിയ ഉത്തരവുമാണ് ഇപ്പോൾ ചോദ്യം ചെയ്തിട്ടുള്ളത്.

8. അപ്പീൽവാദിക്കു വേണ്ടിയുള്ള അഭിഭാഷകൻ മിസ്റ്റർ സചിൻ പട്ടേലിനേയും എതിർകക്ഷിക്കു വേണ്ടിയുള്ള അഭിഭാഷകൻ പ്രതീക്. ആർ. ബൊംബാർഡേയേയും സംസ്ഥാനത്തിനു വേണ്ടിയുള്ള അഭിഭാഷകനായ രാമകാന്ത് റാവു കട്നേഷ് വാർക്കറേയും ഞങ്ങൾ കേട്ടു.

9. ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെ 306-ാം വകുപ്പിന്റെ പരിധിയ്ക്കുള്ളിൽ വിഷയം കൊണ്ടുവരുന്നതിനോ ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പിൻ കീഴിൽ പ്രഥമ വിവര റിപ്പോർട്ട് അസ്ഥിരപ്പെടുത്തുന്നതിനോ വേണ്ടതായ ഉദ്ദേശ്യം എതിർകക്ഷിയ്ക്ക് ഉണ്ടായിരുന്നോ എന്നും രേഖയിൽ പ്രഥമ ദൃഷ്ട്യാ സ്ഥാപിച്ചിട്ടുണ്ടോ എന്ന ചോദ്യങ്ങളിൽ ഹൈക്കോടതി ഇടപെട്ടത് ന്യായീകരിക്കാൻ കഴിയുകയില്ലെന്ന് അപ്പീൽവാദിക്കു വേണ്ടി വാദിച്ചു. മറ്റൊരു വിധത്തിൽ, ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പിൻ കീഴിലെ അധികാരം വിനിയോഗിച്ച് കൊണ്ട് പ്രഥമ വിവര റിപ്പോർട്ട് റദ്ദാക്കുന്നതിൽ ഹൈക്കോടതിയെ നീതീകരിക്കാമെന്ന് ഈ കോടതിയുടെ **നേതായി ദത്ത Vs സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാൾ** (2005) 2 എസ്സ്.സി.സി. 659; **എം. മോഹൻ Vs ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്** (സംസ്ഥാനത്തെ പ്രതിനിധീകരിച്ചുകൊണ്ട്) (2011) 3 എസ്സ്.സി.സി 626; **സ്റ്റേറ്റ് ഓഫ് കേരളയും മറ്റുള്ളവരും** Vs **എസ്സ്. ഉണ്ണികൃഷ്ണൻ നായരും മറ്റുള്ളവരും** എന്നീ തീർപ്പുകൾ ഒന്നാം എതിർകക്ഷിക്കു വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ അവലംബിച്ചു.

10. നേതായ് ദത്ത ഇരയെ ധാരാളം തെറ്റായ പ്രവൃത്തികൾ ചെയ്യാൻ ഏർപ്പെടുത്തിയിരുന്നതായും, ചില അവസരങ്ങളിൽ രാവും പകലും ഇര ജോലിസ്ഥലത്ത് ഉണ്ടായിരിക്കണമെന്ന് ആവശ്യപ്പെടുകയും, എല്ലാ റസ്റ്റോറന്റുകളും അടച്ചതിനുശേഷം വൈകിട്ട് 8 മണിയോടു കൂടി മാത്രമേ അയാൾക്ക് ജോലിസ്ഥലം വിടാൻ കഴിയുകയുള്ളൂവെന്നുമുള്ള വസ്തുത അയാൾ റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും നേതായ് ദത്ത യാതൊന്നും ചെയ്തില്ലെന്നും നേതായ് ദത്തയിൽ (മുകളിലത്തെ) ആത്മഹത്യാ കുറിപ്പ് ആരോപിക്കുന്നു. ഈ കേസ് ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പിൻ കീഴിലുള്ള അധികാരം വിനിയോഗിക്കാൻ യോഗ്യമാണെന്ന് ഈ വസ്തുതകളുടെ പശ്ചാത്തലത്തിലായിരുന്നു കണ്ടെത്തിയത്.

11. **എം. മോഹൻ** (മുകളിലത്തെ)-ൽ എ-3 കാമാച്ചിയോട് (ഇര) "നിങ്ങൾ ഒരു കാറിൽ പോകാൻ ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ കുടുംബത്തിൽ നിന്നും ഒരു കാർ കൊണ്ടു വരണമെന്നും" അതിനുശേഷം അവളുടെ ഭർത്താവിനോടും കുട്ടിയോടും പൊതുഗതാഗതം സ്വീകരിക്കാൻ ആവശ്യപ്പെട്ടതായി കാമാച്ചി പറഞ്ഞു. അതിനു കുറച്ചു ദിവസങ്ങൾക്കു ശേഷം ഇര ആത്മഹത്യ ചെയ്തു. കുറ്റപത്രം സമർപ്പിച്ചതിനുശേഷം എ 3 യെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 304 ബി, 498 എ യും 306-ഉം വകുപ്പുകളിൻ കീഴിൽ വിളിച്ചു വരുത്തി. ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പിൻ കീഴിലെ നടപടികളിൽ ഹൈക്കോടതി, ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 498 എ യും 304 ബി യും വകുപ്പുകളിൻ കീഴിലുള്ള കുറ്റാരോപണങ്ങൾ റദ്ദാക്കിയെങ്കിലും ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പിൻ കീഴിലുള്ള കുറ്റത്തിന് പ്രതി വിചാരണ നേരിടണമെന്ന് വിധിക്കുകയും ആ വീക്ഷണം ഈ കോടതി മുമ്പാകെ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. ഈ കേസിലെ വസ്തുതകളിലും സാഹചര്യങ്ങളിലും ഈ കോടതി 48-ഉം 49-ഉം ഖണ്ഡികകളിൽ താഴെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തുകയുണ്ടായി:

"48. നിലവിലെ കേസിൽ, ദുഷ്പ്രേരണയുടെ ഉദാഹരണങ്ങളെപ്പറ്റി എന്തുതന്നെ സംവദിച്ചാലും അപ്പീൽവാദികൾക്കെതിരെ യാതൊരു ആരോപണവുമില്ല. പരേതന് ക്വാളിസ് കാർ ഉപയോഗിക്കുന്നതിനുള്ള അനുമതി നിഷേധിച്ച 14-1-2005-ലെ സംഭവവുമായി 18-1-2005-ൽ സംഭവിച്ചിട്ടുള്ള ആത്മഹത്യയ്ക്ക് നേരിട്ടുള്ള യാതൊരു ബന്ധവുമില്ല. നിസ്സംശയമായും പരേതൻ തൂങ്ങിമരിച്ചിട്ടുള്ളതാണ്. പരേതൻ പെട്ടെന്നുള്ള വികാരക്ഷോഭത്തിനും വിരോധത്തിനും നമ്മുടെ ജീവിതത്തിൽ നിരന്തരം സംഭവിക്കുന്ന വൈജാത്യങ്ങൾക്കും പെട്ടെന്നു വികാരഭരിതനാകുമായിരുന്നു എന്നതിന് യാതൊരു സംശയവുമില്ല. ഒരു കൂട്ടുകുടുംബത്തിൽ, ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ തികച്ചും അസാധാരണമല്ല. ഓരോ വ്യക്തിയുടേയും മാനുഷിക സംവേദനക്ഷമത ഓരോ വ്യക്തികളിലും വ്യത്യസ്തമായിരിക്കുന്നു. ഓരോ വ്യക്തിക്കും ആത്മബോധത്തെയും ആത്മാഭിമാനത്തെയും സംബന്ധിച്ച് അവരുടേതായ ആശയമുണ്ട്. ഒരേ സാഹചര്യത്തിൽ വ്യത്യസ്തരായ വ്യക്തികൾ വ്യത്യസ്തമായി പെരുമാറുന്നു. കുടുംബത്തിൽ ആത്മഹത്യയുടെ ഒരു ഉപകഥ

നടന്നത് തികച്ചും ദൗർഭാഗ്യകരമാണ്. എന്നാൽ മറുപടി നൽകാൻ ശേഷിക്കുന്ന ചോദ്യം അപ്പീൽവാദികളെ ആ ദൗർഭാഗ്യ കരമായ സംഭവവുമായി ഏതെങ്കിലും തരത്തിൽ ബന്ധിപ്പിക്കാമോ എന്നതാണ്?

49. ഈ കോടതി പ്രഖ്യാപിച്ചിട്ടുള്ളതും രേഖയിലുള്ളതുമായ മുഴുവൻ വസ്തുത കളുടെയും ഒരു സൂക്ഷ്മമായ പരിശോധന യിൽ, അപ്പീൽവാദികൾക്ക് വിദൂരമായി പോലും ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പിൻകീഴിലെ കുറ്റകൃത്യവുമായി യാതൊരു ബന്ധവുമില്ലെന്നുള്ള നിഗമനത്തിൽ സുരക്ഷിതമായി എത്തിച്ചേരാൻ സാധിക്കും. പരേതനായ ആനന്ദരാജിന്റെ (എ1) ഭർത്താവി നെതിരെയും ഈശ്വരിയ്ക്കും (എ3) എതിരെ യുമുള്ള ക്രിമിനൽ നടപടികൾ അന്തിമ തീരുമാനമില്ലാതെ നിലനിൽക്കുന്നു."

12. **സ്റ്റേറ്റ് ഓഫ് കേരളയും മറ്റുള്ളവരിലും** (മുകളിലത്തെ) ആത്മഹത്യ ചെയ്ത വ്യക്തി ഒരു കുറ്റത്തിൽ അന്വേഷണം നടത്തുന്ന ഒരു സി.ബി.ഐ. ആഫീസർ ആയിരുന്നു. ഇര ഉപേക്ഷിച്ചു പോയിട്ടുള്ള ആത്മഹത്യാകുറിപ്പ് പ്രകാരം യഥാർത്ഥത്തിൽ അയാളുടെ ജൂനിയർമാരായ രണ്ട് സി.ബി.ഐ. ആഫീസർമാർ, ഒരു അഭിഭാഷകനും അതേ പോലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റും ആത്മഹത്യയ്ക്ക് നേരിട്ട് ഉത്തരവാദികളാണ് എന്ന് പറയപ്പെടുന്നു. വീണ്ടും വസ്തുതകൾ പരിഗണിച്ചുകൊണ്ട് പ്രഥമ വിവര റിപ്പോർട്ട് റദ്ദാക്കിക്കൊണ്ടുള്ള ഹൈക്കോടതിയുടെ വിധി ഈ കോടതി ശരിവച്ചു. ഈ കോടതിയുടെ 12-ാം ഖണ്ഡികയിലെ നിരീക്ഷണങ്ങൾ ശ്രദ്ധാർഹമാണ്. പ്രസ്തുത 12-ാം ഖണ്ഡിക താഴെപ്പറയുന്ന അർത്ഥ ത്തിലായിരുന്നു:

"12. വസ്തുതകളുടെ വിവരണത്തിൽ നിന്നും നിലവിലെ കേസിലെ രേഖയിൽ കൊണ്ടുവന്ന വസ്തുതയിൽ നിന്നും നാം കാണുന്നത് ആരോപണങ്ങളുടെ ആധാര ബിന്ദുവായി നിലകൊള്ളുന്നത് ആത്മഹത്യാ കുറിപ്പാണെന്നും ആയതിനെ ഗുണനിരൂ പണം ചെയ്യുന്നതിന് ഇതിന് മുമ്പ് ഞങ്ങൾ അതിനെ പുനരാവിഷ്ക്കരിച്ചിട്ടുണ്ട്. ആയതിന്റെ ഒരു വ്യക്തമായ വായനയിൽ നിന്നും, എതിർകക്ഷികൾ എന്തെങ്കിലും ദുഷ്പ്രേരണ യുണ്ടാക്കിയിട്ടുണ്ടോ എന്നു സ്ഥാപിക്കാൻ പ്രയാസമാണ്. കുറിപ്പിൽ, എതിർകക്ഷികൾ എല്ലാം ചെയ്യുന്നതിനു നിർബന്ധിക്കുകയും അയാളെ ചതിക്കുകയും തീവ്രമായ പ്രതിസന്ധിയിൽ അകപ്പെടുത്തുകയും ചെയ്തു എന്ന് പറഞ്ഞിട്ടുള്ളതല്ലാതെ മറ്റ് യാതൊന്നും അടങ്ങുന്നില്ല. എതിർകക്ഷികൾ പദവിയിൽ താഴെയുള്ളവരും അത്തരം ഒരു സംഭവം നടന്നു എന്നത് ആശ്ചര്യപ്പെടു ത്തുന്നു. അതുകൂടാതെ, ആരോപണം യഥാർത്ഥത്തിൽ വ്യക്തതയില്ലാത്തതാണ്. ഇത് ചിന്താക്കുഴപ്പമുണ്ടാക്കുന്നതു കൂടി യാണ്, വകുപ്പിനു വേണ്ടി അയാളെ അന്വേ ഷണ സംഘത്തിന്റെ തലവനാക്കുകയും ഹൈക്കോടതി അയാളിൽ പൂർണ്ണവിശ്വാസം അർപ്പിക്കുകയും, കോടതിയെ സമീപി ക്കുന്നതിന് അയാൾക്ക് സ്വാതന്ത്ര്യം നൽകു കയും, അത്തരം സാഹചര്യത്തിൽ പദവി യിൽ താഴെയുള്ള ആഫീസർമാരെ ബുദ്ധിമുട്ടിച്ചതായോ വഞ്ചിക്കപ്പെട്ടതായോ കരുതുന്നതിന് യാതൊരു സാഹചര്യവു മില്ലാത്തതുമാണ്. അതുകൂടാതെ, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് അയാളുടെ മേൽ സമ്മർദ്ദം ചെലുത്തി എന്നു പ്രസ്താവിച്ചു കൊണ്ട് അയാൾ അദ്ദേഹത്തിന്റെ മേൽ കുറ്റം ആരോപിച്ചു. അയാൾ അഭിഭാഷകനെതി രെയും ആരോപണം ഉന്നയിച്ചു".

13. ഞങ്ങൾ ഇപ്പോൾ പരിഗണിക്കുന്നത് ഇപ്പോഴത്തെ കേസിന്റെ വസ്തുതകളാണ്. ഒന്നാം എതിർകക്ഷി ഇരയുടെ ഭാര്യയെ അവളുടെ മൊബൈലിൽ വിളിച്ചുകൊണ്ടിരുന്നതായും അവളെ ഉപദ്രവിച്ചിരുന്നതായും ആ ആരോപണങ്ങളെ ഇരയുടെ അമ്മയുടേയും ഭാര്യയുടേയും മൊഴി പിന്തുണക്കുന്നതായും അന്വേഷണവേളയിൽ രേഖപ്പെടുത്തിയിട്ടുള്ളതും ആയത് വ്യക്തമായ ആരോപണങ്ങളുമാണ്. ആത്മഹത്യയ്ക്ക് 3-4 ദിവസം മുമ്പ് ഇരയും ഒന്നാം എതിർകക്ഷിയും തമ്മിൽ വാക്കുതർക്കമുണ്ടായിരുന്നതായി രേഖകൾ കാണിക്കുന്നു. ഈ വസ്തുതകളുടെ വെളിച്ചത്തിൽ, ആത്മഹത്യാ കുറിപ്പ് ഒന്നാം എതിർകക്ഷിക്കെതിരെ വ്യക്തമായ ആരോപണം നടത്തിയിട്ടുണ്ടെന്ന വസ്തുതയുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒന്നാം എതിർകക്ഷിക്ക് ആത്മഹത്യ നടത്തുന്നതിന് സഹായിക്കുവാനോ കാരണമാക്കുവാനോ പ്രേരിപ്പിക്കുവാനോ തക്കതായ ഉദ്ദേശ്യമുണ്ടായിരുന്നോ എന്ന ചോദ്യത്തിൽ ഹൈക്കോടതി ഇടപെട്ടത് ന്യായീകരിക്കാവുന്നതല്ല. അന്വേഷണം പൂർത്തിയാക്കാനിരിക്കുന്നതും കുറ്റപത്രം ഏതെങ്കിലുമുണ്ടെങ്കിൽ ഫയൽ ചെയ്യാനിരിക്കുന്നതുമായ വേളയിൽ എതിർകക്ഷിയുടെ ഭാഗത്തുനിന്നും വേണ്ടുന്ന മാനസിക ഘടകമോ ഉദ്ദേശ്യമോ ഉണ്ടായിരുന്നോ എന്ന വീക്ഷണത്തിലേക്ക് ഹൈക്കോടതി പോകേണ്ടതില്ലായിരുന്നു.

14. ഞങ്ങൾ, അതുകൊണ്ട് അപ്പീൽ വാദിക്കുവേണ്ടി ഉയർത്തിയിട്ടുള്ള വാദങ്ങളിൽ മെരിറ്റ് ഉള്ളതായി കാണുന്നു. അപ്പീലിൽ ചോദ്യം ചെയ്യപ്പെട്ട വിധിന്യായവും ഉത്തരവും ആയതിനാൽ അസ്ഥിരപ്പെടുത്തുകയും നിലവിലെ അപ്പീൽ അനുവദിക്കുകയും ചെയ്യുന്നു. വിഷയത്തിലുള്ള അന്വേഷണം ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പിൻകീഴിലെ ഒരു ഹർജിയിൽ ആരംഭിച്ചതാണെങ്കിലും എത്രയും വേഗം അന്വേഷണം പൂർത്തീകരിക്കാൻ ഞങ്ങൾ ബന്ധപ്പെട്ട അധികാരികളോട് നിർദ്ദേശിക്കുന്നു.

15. വസ്തുതയുടെ ഉചിതമായ അവസ്ഥയിൽ പരിഗണിക്കേണ്ടതുകൊണ്ട് വസ്തുതയുടെ മെരിറ്റിനെ കുറിച്ച് ഞങ്ങൾ യാതൊരു അഭിപ്രായവും പ്രകടിപ്പിച്ചിട്ടില്ലാത്തതും പ്രകടിപ്പിക്കാത്തതുമാണ്.

16. മേൽപറഞ്ഞ വ്യവസ്ഥകളിന്മേൽ അപ്പീൽ അനുവദിച്ചിരിക്കുന്നു.

*——————*

# ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് അരുൺ മിശ്ര

&

ബഹു. ജസ്റ്റിസ് ഇന്ദിരാ ബാനർജി

(സിവിൽ അപ്പീൽ നമ്പർ 10785/2018)

(2017-ലെ എസ്സ്.എൽ.പി. (സി) നമ്പർ 35515/2017-ൽ നിന്നും ഉത്ഭവിച്ചത്)

സരോജിനി അമ്മ

*Vs*

വേലായുധൻ പിള്ള ശ്രീകുമാർ

2018 ഒക്ടോബർ 26-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**വസ്തുവിൽ കൈവശാവകാശമില്ലാത്ത അത്തരം വസ്തുവിന്റെ ഉടമസ്ഥാവകാശം ദാനം ചെയ്യുവാൻ കഴിയുകയില്ലെന്നുള്ളതിന് നിയമത്തിൽ യാതൊരു വ്യവസ്ഥയുമില്ല. എന്നിരുന്നാലും, വസ്തു കൈമാറ്റ ആക്റ്റിന്റെ 122-ാം വകുപ്പിൽ ദാനത്തിന്റെ മുന്നുപാധികൾ പാലിക്കേണ്ടതാണ്. പ്രതിഫലമില്ലാതെയുള്ള വസ്തു കൈമാറ്റമാണ് ദാനം. മാത്രവുമല്ല, ഒരു ഭാരസഹിതദാനം ആധാരത്തിലെ ഉപാധികൾ അനുസരിക്കുമ്പോൾ മാത്രമേ പൂർണ്ണമാകുന്നുള്ളൂ.**

വിധിന്യായം

ജസ്റ്റിസ്. ഇന്ദിരാ ബാനർജി

അപ്പീൽ അനുവദിച്ചു.

2. അപ്പീൽവാദിയ്ക്ക് അനുകൂലമായി ഒന്നാം അപ്പീൽ കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായവും ഉത്തരവും അസ്ഥിരപ്പെടുത്തികൊണ്ട് എതിർകക്ഷി ഫയൽ ചെയ്ത സെക്കന്റ് അപ്പീൽ ഹൈക്കോടതി അനുവദിച്ചതിനെതിരെ ആർ. എസ്സ്. എ. നം 757/2011 ആയി ഹൈക്കോടതി 3-4-2017 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിനും ഉത്തരവിനും എതിരെയാണ് ഈ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

3. ഒരു ദാനയാധാരത്തിന്റെ രീതിയിലുള്ളതും എന്നാൽ സമ്മതപൂർവ്വം പ്രതിഫലത്തിനുവേണ്ടി പൂർത്തീകരിച്ചിട്ടുള്ളതും ആയതിൽ പകുതി കൊടുത്തിട്ടുള്ളതും ബാക്കി കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളതുമായ ഒരു പ്രമാണം ഔപചാരിക പ്രമാണമായോ ദാനയാധാരമായോ കരുതാൻ കഴിയുമോ എന്നതാണ് ഇവിടത്തെ ചുരുക്കത്തിലുള്ള ചോദ്യം. കൈവശത്തിൽ സൂക്ഷിക്കാനും അനുഭവിക്കാനുള്ള അവകാശത്തിനും ആധാരമെഴുതി ഒപ്പിട്ടയാളുടെ മരണശേഷം നടപ്പിൽ വരുത്തുന്നതിനുള്ള അവകാശം ദാതാവിന് നീക്കിവച്ചിട്ടുള്ള ഒരു ദാനയാധാരം ഒരു ദാനമാണോ ഒരു വിൽപത്രമാണോ എന്നതാണ് ബന്ധപ്പെട്ട മറ്റൊരു ചോദ്യം.

4. 6-6-2015-ൽ ഭർത്താവ് മരിച്ചുപോയിട്ടുള്ളതും കുട്ടികളില്ലാത്തതുമായ 74 വയസ്സുള്ള ഒരു വിധവയാണ് അപ്പീൽവാദി. അപ്പീൽ വാദിയുടെ അനന്തരവനാണ് (സഹോദരന്റെ മകൻ) എതിർകക്ഷി. എതിർകക്ഷി അപ്പീൽ വാദിയേയും അവളുടെ ഭർത്താവിനേയും സംരക്ഷിക്കുമെന്ന പ്രതീക്ഷയിൽ, കുറച്ചു പ്രതിഫലത്തോടുകൂടി അപ്പീൽവാദി എതിർകക്ഷിയ്ക്ക് അനുകൂലമായി ഒരു കരുതൽ ദാനയാധാരം ചമച്ചു. അപ്പീൽ വാദിയുടേയും അവരുടെ ഭർത്താവിന്റേയും മരണശേഷം ദാനം പ്രാബല്യത്തിൽ വരുമെന്ന് ദാനായാധാരത്തിൽ വ്യക്തമായി പ്രസ്താവിച്ചു.

5. അപ്പീൽവാദിയുടെ അഭിപ്രായത്തിൽ 2-6-1999-നോ അതിനടുത്തോ അപ്പീൽവാദി, ദാനയാധാരം നിരസിച്ചുകൊണ്ട് 1844/1999 എ നമ്പർ റദ്ദാക്കൽ ആധാരം ചമച്ചു, ഏകദേശം എട്ട് മാസങ്ങൾക്കുശേഷം, 1-2-2000-നോ അതിനടുത്തോ അപ്പീൽവാദി ചമച്ചിട്ടുളള റദ്ദാക്കൽ ആധാരം അസാധുവാണെന്നു പ്രഖ്യാപിക്കുന്നതിനും കരുതൽ ദാനയാധാരത്തിലെ തർക്കവിഷയമായ അന്യായ വസ്തുവിലുള്ള അദ്ദേഹത്തിന്റെ അവകാശ പ്രഖ്യാപനത്തിന് വേണ്ടിയും എതിർകക്ഷി 32/2000 എ നമ്പർ ഒറിജിനൽ വ്യവഹാരം വിദ്വാനായ ശാസ്താംകോട്ട മുൻസിഫ് കോടതി മുമ്പാകെ ഫയൽ ചെയ്തു.

6. 20-3-2000-നോ അതിനടുത്തോ, എതിർകക്ഷിയും അയാളുടെ ആൾക്കാരും അന്യായവസ്തുവിൽ അതിക്രമിച്ചു കടക്കുന്നതോ അന്യായവസ്തുവിൽ നാശനഷ്ടം വരുത്തുന്നതോ തടയുന്നതിനായി ശാശ്വതനിരോധന ഉത്തരവിന് അപ്പീൽവാദി വിദ്വാനായ ശാസ്താംകോട്ട മുൻസിഫ് മുമ്പാകെ ഒ.എസ്സ്. നം. 97/2000 ആയി ഒറിജിനൽ വ്യവഹാരം ഫയൽ ചെയ്തു.

7. 12-5-2000-ൽ എതിർകക്ഷി ഒ.എസ്സ്. നം. 32/2000 ആയി ഫയൽ ചെയ്ത അന്യായത്തിൽ അപ്പീൽ വാദിയും അവളുടെ ഭർത്താവും പത്രിക സമർപ്പിച്ചു. പ്രതിഫലത്തിനായാണ് 687/2000 എ നമ്പർ രജിസ്റ്റേർഡ് പ്രമാണം ഫയൽ ചെയ്തിട്ടുള്ളതെന്ന് തർക്കിച്ചുകൊണ്ട് ഒ.എസ്സ്. നം. 97/2000-ലെ പ്രതികൾ 25-7-2000-ത്തിൽ അവരുടെ പത്രിക ഫയൽചെയ്തു.

8. 11-12-2006-തീയതിയിലെ ഒരു വിധിന്യായവും ഉത്തരവും പ്രകാരം ഒറിജിനൽ വ്യവഹാരം നം. 32/2000-ലും ഒ.എസ്സ്. നം. 97/2000-ലും ശാസ്താംകോട്ട മുൻസിഫ് വിധി പുറപ്പെടുവിച്ചു.

9. ആയതിൽ സങ്കടപ്പെട്ടുകൊണ്ട്, അപ്പീൽവാദി കൊല്ലം ജില്ലാ കോടതി മുമ്പാകെ എ.എസ്സ്. നം 30/2007 ആയി ഫസ്റ്റ് അപ്പീൽ ഫയൽ ചെയ്തു. ഒ.എസ് നം. 97/2000-ലെ പ്രതികൾ കൊല്ലം ജില്ലാക്കോടതി മുമ്പാകെ അവരുടെ ഫസ്റ്റ് അപ്പീൽ ഫയൽ ചെയ്തു. 23-9-2010-തീയതിയിലെ ഒരു ഉത്തരവിനാൽ കൊല്ലം അഡീഷണൽ ജില്ലാ കോടതി III, എ. എസ്സ്. നം. 30/2007-എ അപേക്ഷ അനുവദിക്കുകയും ഒ. എസ്സ് നം. 97/2000-ത്തിലെ എതിർകക്ഷികൾ സമർപ്പിച്ചിട്ടുളള എ എസ്സ് നം. 77/2000 തളളുകയും ചെയ്തു.

10. എ.എസ്സ്. നം. 30/2007-ലെ വിധിയ്ക്കും ഉത്തരവിനും എതിരെ എതിർകക്ഷി റെഗുലർ സെക്കന്റ് അപ്പീൽ സമർപ്പിച്ചു. 3-4-2017-തീയതിയിലെ വിധിന്യായവും ഉത്തരവും പ്രകാരം ഹൈക്കോടതി ആർ.എസ്സ്.എ. നം. 757/2011 അനുവദിക്കുകയും എ.എസ്സ്. നം 30/2007-ലെ വിധിയും ഉത്തരവും അസ്ഥിരപ്പെടുത്തുകയും ചെയ്തു.

11. അപ്പീൽ വാദിയുടേയും അവരുടെ ഭർത്താവിന്റേയും മരണശേഷം മാത്രമേ

ദാനയാധാരമായി രൂപപ്പെടുത്തിയിട്ടുള്ള പ്രമാണം പ്രാബല്യത്തിൽ വരുകയുള്ളു എന്ന് അപ്പീൽവാദിയ്ക്ക് വേണ്ടി തർക്കിച്ചു. പ്രമാണം എഴുതിയ ആൾ ഏതു വ്യവസ്ഥ കളിലാണോ പ്രമാണത്തിന്റെ വിഷയമായ വസ്തുവിൽ ഉടമസ്ഥത നിലനിർത്തിയിട്ടു ള്ളതും ആ വസ്തുവിൻമേലുള്ള അവകാശം കരുതി വയ്ക്കുകയും ചെയ്തിട്ടുള്ളത് ആയത് ഒരു ദാനയാധാരമാകുമോ അതോ അത്തരം ഒരു പ്രമാണം ഒരു വിൽപത്ര ത്തിന്റെ സ്വഭാവത്തിലുള്ളതാണോ എന്നതാ യിരുന്നു പ്രശ്ന വിഷയം.

12. 1882-ലെ വസ്തു കൈമാറ്റ ആക്റ്റിന്റെ 122-ാം വകുപ്പ് ദാനം, താഴെ പറയും പ്രകാരം നിർവ്വചിച്ചിരിക്കുന്നു:-

"122. "ദാനം" നിർവചനം. - "ദാനം" നിലവിലുള്ള ജംഗമമോ സ്ഥാവരമോ ആയ നിശ്ചിത വസ്തു, സ്വേഛയായും പ്രതിഫലം കൂടാതേയും ഒരാൾ അയാൾക്ക് ദാനദാതാവ് എന്ന് പേര് പറയുന്നു - മറ്റൊരാൾക്ക് - അയാൾക്ക് ദാനഗൃഹിതാവ് എന്ന് പേര് പറയുന്നു - ചെയ്യുന്നതും ദാനഗൃഹിതാവോ അയാൾക്ക് വേണ്ടിയോ പ്രതിഗ്രഹിക്കുന്നതു മായ കൈമാറ്റം ആകുന്നു."

13. ദാനത്തെ സംബന്ധിച്ച് 1882-ലെ വസ്തു കൈമാറ്റ ആക്റ്റിലെ പ്രസക്തമായ ചില വ്യവസ്ഥകൾ താഴെ പറയുകയും പ്രകാരം പ്രതിപാദിച്ചിരിക്കുന്നു:-

123. <u>കൈമാറ്റം എങ്ങനെ ഉണ്ടാക്കണ മെന്ന്.</u>-സ്ഥാവരവസ്തു ദാനം ചെയ്യുന്നതിന് കൈമാറ്റം ദാനദാതാവോ അയാൾക്കു വേണ്ടിയോ ഒപ്പിട്ടതും കുറഞ്ഞത് രണ്ട് സാക്ഷികളെങ്കിലും സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ പ്രമാണം വഴി ഉണ്ടാക്കണം.

ജംഗമവസ്തു ദാനം ചെയ്യുന്നതിന് കൈമാറ്റം മേല്പറഞ്ഞ വിധം ഒപ്പിട്ട് രജിസ്റ്റർ പ്രമാണം വഴിയോ ഡെലിവറി വഴിയോ സംജാതമാക്കാവുന്നതാകുന്നു.

അങ്ങനെയുള്ള ഡെലിവറി വിൽക്ക പ്പെടുന്ന സാധനങ്ങൾ ഡെലിവർ ചെയ്യുന്ന അതേ രീതിയിൽ ചെയ്യാവുന്നതാണ്.

124. <u>നിലവിലുള്ള വസ്തുവിന്റേയും ഭാവിവസ്തുവിന്റേയും ദാനം.</u>-നിലവിലുള്ള വസ്തുവും ഭാവി വസ്തുവും അടങ്ങുന്ന ദാനം രണ്ടാമത്തെതിനെ സംബന്ധിച്ച് ശൂന്യമാകുന്നു.

125. <u>പലർക്കായി, അവരിൽ ഒരാൾ പ്രതിഗൃഹിക്കാതിരിക്കെയുള്ള ദാനം.</u>-ഒരു സാധനത്തിന്റെ രണ്ടോ അതിലധികമോ ദാനഗൃഹിതാക്കൾക്ക്, അവരിൽ ഒരാൾ അത് പ്രതിഗൃഹിക്കാതിരിക്കെ, ഉള്ള ദാനം പ്രതി ഗൃഹിച്ചിരുന്നുവെങ്കിൽ അയാൾ എടുക്കു മായിരുന്ന അവകാശം സംബന്ധിച്ച് ശൂന്യമാകുന്നു.

126. <u>ദാനം എപ്പോൾ നിറുത്തിവയ്ക്കു കയോ പിൻവലിക്കുകയോ ചെയ്യാമെന്ന്.</u>- ദാനദാതാവിന്റെ ഇച്ഛയെ ആശ്രയിക്കാത്ത ഏതെങ്കിലും നിർദ്ദിഷ്ട സംഭവം നടക്കുന്ന തായാൽ, ദാനം നിറുത്തിവയ്ക്കപ്പെടുകയോ പിൻവലിക്കപ്പെടുകയോ ചെയ്യുമെന്ന് ദാനദാതാവിനും ദാനഗൃഹിതാവിനും കരാർ ചെയ്യാവുന്നതാണ്; എന്നാൽ ദാനദാതാവിന്റെ വെറും ഇച്ഛയനുസരിച്ച് മാത്രം മുഴുവനായോ ഭാഗികമായോ പിൻവലിക്കപ്പെടാവുന്നതാ ണെന്ന് കക്ഷികൾ കരാർ ചെയ്യുന്ന ദാനം, അതതു സംഗതിപോലെ, മുഴുവനായോ ഭാഗികമായോ ശൂന്യമാകുന്നു.

ദാനം, അത് കോൺട്രാക്റ്റായി രുന്നാൽ റദ്ദാക്കപ്പെടാവുന്ന സംഗതികളിൽ ഏതിലെങ്കിലും (പ്രതിഫലം ഇല്ലാത്തതോ നിഷ്ഫലമാകുന്നതോ ആയ സംഗതിയിലൊ ഴികെ) പിൻവലിക്കപ്പെടാവുന്നതും ആണ്.

മേൽപറഞ്ഞ വിധമല്ലാതെ ദാനം പിൻവലിക്കപ്പെടാവുന്നതല്ല.

ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും, നോട്ടീസു കൂടാതെ പ്രതിഫലത്തിന് കൈമാറ്റം വാങ്ങുന്നവരുടെ അവകാശങ്ങളെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

*ദൃഷ്ടാന്തങ്ങൾ*

(1) ക, ഒരു നിലം തനിക്കു മുമ്പായി ഖ-യും അയാളുടെ സന്തതികളും മരിക്കുന്നതായാൽ തിരികെ എടുക്കുന്നതിനുള്ള അവകാശം ഖ-യുടെ സമ്മതത്തോടുകൂടി തനിക്കു വച്ചുകൊണ്ട് ഖ-യ്ക്കു കൊടുക്കുന്നു. ക-യുടെ ജീവിത കാലത്ത് ഖ- സന്തതികൾ ഇല്ലാതെ മരിക്കുന്നു. ക-യ്ക്ക് നിലം തിരികെ എടുക്കാവുന്നതാണ്.

(2) ക, ഒരു ലക്ഷം രൂപ അതിൽ നിന്ന് പതിനായിരം രൂപ തനിക്ക് ഇഷ്ടമുള്ളപ്പോൾ തിരികെ എടുക്കാനുള്ള അവകാശം ഖ-യുടെ സമ്മതത്തോടു കൂടെ തനിക്കു വച്ചുകൊണ്ട് ഖ-യ്ക്ക് കൊടുക്കുന്നു. ദാനം തൊണ്ണൂറായിരം രൂപ സംബന്ധിച്ച് സാധുവും, എന്നാൽ ക-യുടേതായി തുടരുന്ന പതിനായിരം രൂപ സംബന്ധിച്ച് ശൂന്യവും ആകുന്നു.

14. സുപ്രീംകോടതി **നരവദാബെൻ മഗൻലാൽ താക്കർ VS പ്രാണവന്ദാസ് മഗൻലാൽ താക്കറും മറ്റുള്ളവരും** (1997) 2 എസ്സ് സി സി 255 എ കേസിൽ, ദാനം, എന്നാൽ നിലവിലുള്ള ജംഗമമോ സ്ഥാവരമോ ആയ നിശ്ചിത വസ്തു സ്വേച്ഛയായും പ്രതിഫലം കൂടാതെയും ഒരാൾ അയാൾക്ക് ദാനദാതാവ് എന്ന് പേര് പറയുന്നു.-, മറ്റൊരാൾക്ക്-അയാൾക്ക് ദാനഗൃഹിതാവ് എന്ന് പേര് പറയുന്നു- ചെയ്യുന്നതും ദാനഗ്രഹിതാവോ അയാൾക്കു വേണ്ടിയോ പ്രതിഗ്രഹിക്കുന്നതുമായ കൈമാറ്റം ആകുന്നു എന്നു നിർവ്വചിച്ചിരിക്കുന്നു. "ഒരു രജിസ്റ്റേർഡ് ദാനയാധാരം എഴുതികൊടുക്കൽ, ദാനത്തിന്റെ കൈക്കൊളളലും വസ്തുവിന്റെ കൊടുക്കലും ദാനത്തെ പൂർണ്ണമാക്കുന്നതായി **'നരവദാബെൻ മഗൻലാൽ താക്കർ'** (മുകളിലത്തെ)-ൽ ഈ കോടതി കൂടുതലായി വിധിച്ചിട്ടുണ്ട് അതിനുശേഷം, ദാനദാതാവിനു അയാളുടെ ഉടമസ്ഥാവകാശം ഇല്ലാതാക്കുകയും ദാനഗൃഹിതാവ് വസ്തുവിന്റെ പൂർണ്ണ ഉടമസ്ഥനാവുകയും ചെയ്യുന്നു."

15. യാതൊരു സ്വീകാര്യ വിവരണവുമില്ലാത്തതും സ്വീകാര്യത്തിന്റെ പ്രാമാണ്യം സംബന്ധിച്ച യാതൊരു തെളിവുമില്ലാത്തതുമായ ഒരു ഭാരസഹിതദാനം ദാനദാതാവ് ജീവിച്ചിരിക്കുന്നിടത്തോളം കാലം അയാളുടെ കൈവശത്തിലുള്ളതും ദാനദാതാവിന്റെ ജീവിതകാലത്ത് പൂർണ്ണമാകാത്തതുമാണ്. ഒരു ദാനം അപൂർണ്ണവും ഉടമസ്ഥാവകാശം ദാനദാതാവിനൊപ്പം അവശേഷിക്കുകയും ചെയ്യുമ്പോൾ ദാനം റദ്ദു ചെയ്തേക്കാം.

16. **'റെനിൻകുണ്ടല രാജമ്മ VS കെ. സർവ്വനമ്മ (2014) 2 എസ്സ് സി സി 445**-ൽ ഒരു ഹിന്ദു സ്ത്രീ ഉടമസ്ഥാവകാശം നിലനിർത്താനുള്ള അവളുടെ അവകാശവും അവളുടെ ജീവിതകാലത്ത് വസ്തുവിലെ ആദായം സ്വീകരിക്കുന്നതിനുള്ള അവകാശം നിലനിർത്തികൊണ്ട് ഒരു രജിസ്റ്റേർഡ് ദാനയാധാരം എഴുതി ഒപ്പിട്ടു. ദാനഗൃഹിതാവ് ദാനം സ്വീകരിക്കുകയും എന്നാൽ പിന്നീട് റദ്ദാക്കുകയും ചെയ്തു.

17. ദാനദാതാവ് അവളുടെ ജീവിതകാലത്ത് വസ്തു അനുഭവിക്കാനുള്ള അവളുടെ അവകാശം നിലനിർത്തിയത് ആധാരത്തിന്റെ സാധുതയെ ബാധിക്കുന്നില്ലെന്നു ഈ കോടതി **'റെനിൻകുണ്ടല രാജമ്മ'**-യിൽ (മുകളിലത്തെ) വിധിച്ചിട്ടുണ്ട്. ഒരു രജിസ്റ്റേർഡ് പ്രമാണത്താൽ യഥാവിധി എഴുതിയുണ്ടാക്കിയിട്ടുള്ളതോ ദാതാവിനു വേണ്ടി കുറഞ്ഞത് രണ്ട് സാക്ഷികളെങ്കിലും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും പ്രമാണം ആയത് ദാനദാതാവോ അയാൾക്ക് വേണ്ടിയോ

സ്വീകരിക്കുകയാണെങ്കിൽ നിയമസാധുത യുള്ളതാണ്. അത്തരം സ്വീകാര്യം എങ്ങനെ ആയിരുന്നാലും തീർത്തും ദാനദാതാവിന്റെ ജീവിതകാലത്ത് നടന്നിട്ടുള്ളതും അയാൾക്ക് അത്തരം സ്വീകാര്യം നൽകാൻ കഴിയു മ്പോഴും ആകണം.

18. വസ്തുവിൽ കൈവശാവകാശ മില്ലാത്ത അത്തരം വസ്തുവിന്റെ ഉടമസ്ഥാ വകാശം ദാനം ചെയ്യുവാൻ കഴിയുക യില്ലെന്നുള്ളതിന് നിയമത്തിൽ യാതൊരു വ്യവസ്ഥയുമില്ല. ഈ കോടതിയുടെ **'റെനിൻകുണ്ടല രാജമ്മ'** (മുകളിലെ)-യിലെ തീരുമാനത്തോട് ഞങ്ങൾ യോജിക്കുന്നു. എന്നിരുന്നാലും, വസ്തു കെകമാറ്റ ആക്റ്റിന്റെ 122-ാം വകുപ്പിൽ ദാനത്തിന്റെ മുന്നുപാധി കൾ പാലിക്കേണ്ടതാണ്. പ്രതിഫലമില്ലാതെ യുള്ള വസ്തു കൈമാറ്റമാണ് ദാനം. മാത്രവുമല്ല, ഒരു ഭാരസഹിതദാനം ആധാര ത്തിലെ ഉപാധികൾ അനുസരിക്കുമ്പോൾ മാത്രമേ പൂർണ്ണമാകുന്നുള്ളൂ.

19. നിലവിലെ കേസിൽ, തീർച്ചയായും കൈമാറ്റത്തിനുള്ള ആധാരം പ്രതിഫലത്തി നായി എഴുതിയിട്ടുള്ളതും ഏതൊരു സംഗ തിയിലും ദാനഗൃഹിതാവ് ഹർജികക്ഷിയേയും അവളുടെ ഭർത്താവിനേയും സംരക്ഷിക്കാ മെന്ന വ്യവസ്ഥയ്ക്കു വിധേയമായും ദാന ദാതാവിന്റെ മരണശേഷമേ ദാനം പ്രാബല്യ ത്തിൽ വരുകയുള്ളൂ എന്ന വ്യവസ്ഥയ്ക്കു വിധേയമായിട്ടുമാണ്. പ്രശ്ന വിഷയമായ വസ്തുവിന്റെ ദാനം അപ്പീൽവാദിയാൽ എതിർകക്ഷിയ്ക്ക് ലഭിച്ച പൂർണ്ണമായ ദാന മല്ലാത്തതും അപ്പീൽ വാദിയ്ക്ക് ആധാരം റദ്ദു ചെയ്യുന്നതിനു അവളുടേതായ അവകാശമുണ്ടെന്നും വിധിയ്ക്കാൻ ഞങ്ങൾ നിർബന്ധിതരായി. ആയതിനാൽ, ഹൈക്കോടതി യുടെ വിധിന്യായവും ഉത്തരവും നിലനിൽക്ക ത്തക്കതല്ല.

20. അപ്പീൽ അനുവദിക്കുകയും അപ്പീ ലിനു ആധാരമായ വിധിന്യായവും ഉത്തരവും അസ്ഥിരപ്പെടുത്തുകയും ചെയ്യുന്നു.

*—————*

# ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് അഭയ് മനോഹർ സപ്രേ

&

ബഹു. ജസ്റ്റിസ് ഇന്ദു മൽഹോത്ര

സന്തോഷ്

*Vs*

സ്റ്റേറ്റ് ഓഫ് കേരള

ക്രിമിനൽ അപ്പീൽ നം. 1409/2018

പ്രത്യേക അനുമതി ഹർജി (ക്രിമിനൽ) നം. 6224/2017-ൽ നിന്നും ഉത്ഭവിച്ചത്

2018 നവംബർ 16-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**55 (1)-ാം വകുപ്പിന്റെ ഒരു കേവല വായനയിൽ നിന്നും, ജയിൽ ശിക്ഷയെ സംബന്ധിച്ചിടത്തോളം, ഓരോ കേസിന്റെ വസ്തുതകളെ ആശ്രയിച്ച് 10 വർഷം വരെ വ്യാപ്തിയുണ്ടാകുന്നതും വ്യത്യസ്തമാകുന്നതുമാണ്, എന്നാൽ പിഴത്തുകയെ സംബന്ധിച്ചിടത്തോളം, കോടതി ഏറ്റവും കുറഞ്ഞ തുകയായ ഒരു ലക്ഷം രൂപ ചുമത്തേണ്ടതുമാണ്.**

വിധിന്യായം

ജസ്റ്റിസ് അഭയ് മനോഹർ സപ്രേ

1. അനുമതി നൽകി

2. ഇവിടത്തെ അപ്പീൽവാദിയ്ക്ക് മേൽ ചുമത്തിയിരുന്ന കുറ്റസ്ഥാപനം ഭാഗികമായി നിലനിർത്തുകയും എന്നാൽ ശിക്ഷ കുറയ്ക്കുകയും ചെയ്തുകൊണ്ട് 13-9-2010 തീയതിയിൽ പാലക്കാട് അഡീഷണൽ സെഷൻസ് കോടതി (അഡ്ഹോക്-1) പുറപ്പെടുവിച്ച ഉത്തരവിനെ അംഗീകരിച്ചു കൊണ്ട് 13-6-2016-ൽ ക്രിമിനൽ അപ്പീൽ നം. 1837/2010-ൽ ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിയ്ക്കും ഉത്തരവിനും എതിരെയാണ് ഈ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

3. ഈ അപ്പീൽ തീർപ്പാക്കുന്നതിനു വേണ്ടി കുറച്ചു വസ്തുതകൾ പ്രതിപാദിക്കേണ്ടതും ആയതിൽ ഒരു ഹ്രസ്വ ചോദ്യം ഉൾപ്പെടുന്നതുമാണ്.

4. അപ്പീൽവാദി മറ്റ് രണ്ട് പേരോടൊപ്പം കേരള സംസ്ഥാനം നിയമനിർമ്മാണം നടത്തിയിട്ടുളള അബ്കാരി ആക്റ്റിന്റെ 55 (എ) വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചെയ്തതിന് പാലക്കാട് അഡീഷണൽ സെഷൻസ് ജഡ്ജിയുടെ കോടതിയിൽ സെഷൻസ് കേസ് നം. 221/2009-ൽ പ്രോസിക്യൂട്ട് ചെയ്തിട്ടുള്ളതാണ്.

5. 13-9-2010 തീയതിയിലെ ഉത്തരവ് പ്രകാരം, സെഷൻസ് ജഡ്ജി, 3-ാം പ്രതിയെ വെറുതെവിടുകയും എന്നാൽ ഇവിടത്തെ അപ്പീൽവാദിയെയും (2-ാം പ്രതി) 1-ാം പ്രതിയേയും അഞ്ച് വർഷത്തേയ്ക്ക് കഠിന

തടവിനും ഒരു ലക്ഷം രൂപ പിഴ നൽകുന്നതിനും ശിക്ഷിക്കുകയും, പിഴ ഒടുക്കുന്നതിൽ വീഴ്ച്ച വരുത്തുകയാണെങ്കിൽ, കൂടുതൽ ഒരു വർഷത്തേക്കും കഠിന തടവ് അനുഭവിക്കുന്നതിനും വിധിച്ചു.

6. സങ്കടമനുഭവിച്ച അപ്പീൽവാദി, ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. ദോഷമാരോപിക്കപ്പെട്ട ഉത്തരവിനാൽ ഹൈക്കോടതി കുറ്റസ്ഥാപനം ശരിവയ്ക്കുകയും അപ്പീൽവാദിയ്ക്ക് സെഷൻസ് ജഡ്ജി വിധിച്ചിട്ടുള്ള ശിക്ഷയുടെ പര്യാപ്തതയിൽ ഇടപെടുകയും ചെയ്തു. ഹൈക്കോടതി ജയിൽ ശിക്ഷ 5 വർഷത്തിൽ നിന്നും 3 വർഷമായി കുറയ്ക്കുകയും പിഴയായി 1 ലക്ഷം രൂപ ചുമത്തിയിട്ടുള്ളത് ജയിൽ ശിക്ഷയോടൊപ്പം നിർബന്ധമായി നിലനിർത്തുകയും ചെയ്തു.

7. അപ്പീൽവാദി (രണ്ടാം പ്രതി) സങ്കടപ്പെട്ടുകൊണ്ട് പ്രത്യേക അനുമതിയായി ഹൈക്കോടതി ഉത്തരവിനെതിരെ ഈ കോടതിയിൽ നിലവിലെ അപ്പീൽ ഫയൽ ചെയ്തു.

8. അപ്പീൽവാദിക്ക് വിധിച്ചിട്ടുള്ള ശിക്ഷയുടെ പര്യാപ്തതയുമായി ബന്ധപ്പെട്ട ചോദ്യം പരിശോധിക്കുന്നതിലേക്ക് മാത്രമായി എതിർകക്ഷിയ്ക്ക് (സംസ്ഥാനം) ഈ കോടതിയുടെ 7-9-2018-ലെ ഉത്തരവിനാൽ പ്രത്യേക അനുമതി ഹർജിയിലെ നോട്ടീസ് നൽകി.

9. അതിനാൽ, ഈ അപ്പീലിൽ പരിഗണനയ്ക്കായി ഉദിച്ചിട്ടുള്ള ഹ്രസ്വ ചോദ്യം, അപ്പീൽവാദിക്ക് (2-ാം പ്രതി) ഹൈക്കോടതി നൽകിയിട്ടുള്ള ശിക്ഷയുടെ പര്യാപ്തതയിൽ ഇടപെടുന്നതിനായി വസ്തുതയിന്മേലോ നിയമത്തിലോ ഏതെങ്കിലും കേസ് ഉണ്ടായിട്ടുണ്ടോ എന്നതാണ്.

10. അപ്പീൽവാദി, പ്രതിയ്ക്ക് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ മിസ്റ്റർ ഷിനോജ് കെ നാരായണനേയും എതിർകക്ഷി സംസ്ഥാനത്തിന് വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ മിസ്റ്റർ വിപിൻ നായരേയും കേട്ടു.

11. കക്ഷികൾക്കു വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകനെ കേൾക്കുകയും കേസ് രേഖകൾ പരിശോധിക്കുകയും ചെയ്തതിൽ, ഞങ്ങൾ താഴെ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഈ അപ്പീൽ അനുവദിക്കാൻ താല്പര്യപ്പെടുന്നു.

12. അപ്പീൽവാദിയുടെ പ്രോസിക്യൂഷന് ആധാരമായ പ്രശ്ന വിഷയമായ സംഭവം 2007-ൽ ആയിരുന്നു. ഒരു വാസയോഗ്യമായ വീടിന്റെ കാർ പോർച്ചിൽ പാർക്കു ചെയ്തിരുന്ന ഒരു കാറിൽ നിന്ന് 58 കാസുകളിലായി സൂക്ഷിച്ചിരുന്ന സ്പിരിറ്റ് പിടിച്ചെടുത്തതുമായി ബന്ധപ്പെട്ടതായിരുന്നു ഈ കേസ്.

13. ഈ സംഭവുമായി ബന്ധപ്പെട്ട് മൂന്ന് ആളുകളെ അറസ്റ്റ് ചെയ്തു. അവരിലൊരാൾ അപ്പീൽ വാദിയാകുന്നതും, അയാൾ പ്രോസിക്യൂഷൻ പ്രകാരം, പ്രസ്തുത വീട് വാടകയ്ക്ക് എടുത്തിട്ടുള്ളയാളുമാണ്. വീട്ടിൽ നിന്നും സ്പിരിറ്റ് പിടിച്ചെടുത്തത് നിയമവിരുദ്ധമാണെന്ന് വിധിയ്ക്കുകയും, ആയതിനാൽ, അബ്കാരി ആക്റ്റിന്റെ 55 (എ) വകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റമായി വിധിയ്ക്കുകയും ചെയ്തു.

14. അബ്കാരി ആക്റ്റിന്റെ 55 (1)-ാം വകുപ്പ്, (ഡി) ഖണ്ഡത്തിനോ (ഇ) ഖണ്ഡത്തിനോ കീഴിൽ വരുതൊഴികെയുള്ള ഏതൊരു കുറ്റകൃത്യവും 10 വർഷം വരെയാകാവുന്ന തടവും ഒരു ലക്ഷത്തിൽ കുറയാത്ത പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

15. അപ്പീൽവാദിയുടെ കേസിനെ സംബന്ധിച്ചിടത്തോളം, ഇത് (എ) ഖണ്ഡ

ത്തിൻകീഴിൽ വരുന്നതും ആയതിനാൽ, ഇത് അബ്കാരി ആക്റ്റിന്റെ 55 (1)-ാം വകുപ്പിൻകീഴിൽ വരുന്നതുമാണ്.

16. 55 (1)-ാം വകുപ്പിന്റെ ഒരു കേവല വായനയിൽ നിന്നും, ജയിൽ ശിക്ഷയെ സംബന്ധിച്ചിടത്തോളം, ഓരോ കേസിന്റെ വസ്തുതകളെ ആശ്രയിച്ച് 10 വർഷം വരെ വ്യാപ്തിയുണ്ടാകുന്നതും വ്യത്യസ്തമാകുന്നതുമാണ്, എന്നാൽ പിഴത്തുകയെ സംബന്ധിച്ചിടത്തോളം, കോടതിക്ക് ഏറ്റവും കുറഞ്ഞ തുകയായ ഒരു ലക്ഷം രൂപ ചുമത്തേണ്ടതുമാണ്.

17. ആയതിനാൽ, ജയിൽ ശിക്ഷ നൽകുമ്പോൾ കോടതി നിർബന്ധമായും ഒരു പിഴ ചുമത്തേണ്ടതും, രണ്ടാമതായി, ഇത് ഒരു ലക്ഷത്തിൽ കുറയാൻ പാടില്ലാത്തതുമാണ്. എന്നിരുന്നാലും, ഓരോ കേസിലേയും വസ്തുതകളെ അവലംബിച്ച് ഒരു ലക്ഷത്തിൽ കൂടുതൽ പിഴ ഈടാക്കാനുള്ള വിവേചനാധികാരം ഈ കോടതിക്കുണ്ട്.

18. അപ്പീൽവാദി നാളിതുവരെ ഏകദേശം 1 വർഷവും 3 മാസവും ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ളതാണെന്നും ഇപ്പോഴും ജയിലിൽ തുടരുന്നതാണെന്നുമുള്ള കാര്യത്തിൽ തർക്കമില്ല. മറ്റൊരു വിധത്തിൽ, ഹൈക്കോടതി അയാൾക്ക് വിധിച്ചിട്ടുള്ള 3 വർഷത്തെ ജയിൽ ശിക്ഷയിൽ നിന്നും ഇതുവരെ ഏകദേശം ഒരു വർഷ കാലയളവ് അപ്പീൽവാദി അനുഭവിച്ചു. പ്രശ്നവിഷയത്തിലെ മറ്റ് യാതൊരു കേസിലും അപ്പീൽവാദി ഉൾപ്പെട്ടിട്ടില്ല എന്നതിൽ തർക്കമില്ല.

19. പ്രശ്നവിഷയമായ സംഭവം 2007-ൽ ആണെന്ന വസ്തുത കണക്കിലെടുത്തുകൊണ്ടും; രണ്ടാമത്, ഹൈക്കോടതി വിധിച്ചിട്ടുള്ള മൂന്നു വർഷ കാലയളവിൽ അപ്പീൽവാദി 1 വർഷവും 3 മാസവും ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ളതും; മൂന്നാമത്, നിലവിലുള്ള കേസിലൊഴികെ അപ്പീൽവാദി ഒരിക്കലും മറ്റൊരു കേസിലും ഉൾപ്പെട്ടിട്ടില്ലാത്തതും; അവസാനമായി മൂന്ന് പ്രതികളിൽ ഒരാൾക്ക് സംശയത്തിന്റെ ആനുകൂല്യം നൽകിയതും, ഹൈക്കോടതി വിധിച്ചിട്ടുള്ള ശിക്ഷയുടെ പര്യാപ്തതയിൽ ഇടപെടാൻ അപ്പീൽവാദിക്ക് ഒരു കേസ് ഉണ്ടായിട്ടുണ്ടെന്നതാണ് ഞങ്ങളുടെ പരിഗണിതാഭിപ്രായം.

20. മേൽ ചർച്ചയുടെ അടിസ്ഥാനത്തിൽ, അപ്പീൽ വിജയിക്കുന്നതും അതനുസരിച്ച് അനുവദിക്കുകയും ചെയ്യുന്നു. ദോഷമാരോപിക്കപ്പെട്ട ഉത്തരവ് അപ്പീൽവാദിയ്ക്ക് "ഇതിനകം തന്നെ അനുഭവിച്ചു കഴിഞ്ഞു" എന്ന പരിധിയിൽ ജയിൽശിക്ഷ ഭേദഗതി വരുത്തുന്നു. എന്നിരുന്നാലും, കോടതികൾ ചുമത്തിയിട്ടുള്ള പിഴത്തുകയായ ഒരു ലക്ഷം രൂപയെ സംബന്ധിച്ചിടത്തോളം ഇതു ഭേദഗതി ചെയ്യുകയും തദനുസൃതമായി, ഒരു ലക്ഷം രൂപയിൽ നിന്ന് ഒരു ലക്ഷത്തിയമ്പതിനായിരം രൂപയായി ഉയർത്തുകയും ചെയ്യുന്നു. മറ്റൊരു തരത്തിൽ, അപ്പീൽവാദിയ്ക്ക് ഇപ്പോൾ "ഇതിനകം തന്നെ അനുഭവിച്ചു കഴിഞ്ഞ" ജയിൽ ശിക്ഷയും 1,50,000 രൂപയുടെ ഒരു പിഴയും വിധിച്ചു. ഉയർത്തിയിട്ടുള്ള പിഴ തുക കെട്ടിവയ്ക്കുതിൽ പരാജയപ്പെടുന്നപക്ഷം അപ്പീൽവാദി ഒരു വർഷം കൂടി അധിക ജയിൽ ശിക്ഷ അനുഭവിക്കേണ്ടതാണ്.

*——————*

# ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എൻ. വി. രാമണ

&

ബഹു. ജസ്റ്റിസ് മോഹൻ എം. ശാന്തനഗൗഡർ

&

ബഹു. ജസ്റ്റിസ് എം. ആർ. ഷാ

ക്രിമിനൽ അപ്പീൽ നമ്പരുകൾ 1391-1393/2018

[2014-ലെ 6454-6456 നമ്പർ പ്രത്യേകാനുമതി (ക്രിമിനൽ) ഹർജികളിൽ നിന്നും ഉത്ഭവിച്ചത്]

വിജയകുമാർ

*Vs*

സ്റ്റേറ്റ് ഓഫ് ജമ്മു & കാശ്മീർ

2018 നവംബർ 14-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

കുറ്റകൃത്യത്തിന്റെ ഓരോ സാഹചര്യങ്ങളും അതേപോലെ പ്രതി കുറ്റം ചെയ്യുന്നതിലേക്ക് നയിച്ചിട്ടുള്ള വസ്തുതകളും ഞങ്ങൾ പരിഗണിച്ചു. എന്നിരുന്നാലും, കുറ്റകൃത്യത്തിന്റെ ഗാംഭീര്യം ഞങ്ങൾ അംഗീകരിച്ചു. എന്നാൽ ഈ കേസ് അപൂർവ്വങ്ങളിൽ അപൂർവ്വം കേസുകളുടെ വിഭാഗത്തിൽ ഉൾപ്പെടുമെന്ന് ബോധ്യപ്പെടാൻ ഞങ്ങൾക്ക് സാധിക്കുന്നില്ല. കുറ്റം ചെയ്തിട്ടുണ്ടെന്ന് നിസ്സംശയം പറയാവുന്നതും ആയത് ക്രൂരവുമാണ്, എന്നാൽ വധശിക്ഷ ഉറപ്പാക്കാത്തതുമാണ്. പ്രതി അപ്രകാരം ഒരു മുൻകുറ്റവാളിയോ പ്രൊഫഷണൽ കൊലയാളിയോ അല്ലെന്ന് ഇവിടെ ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്.

### വിധിന്യായം

ജസ്റ്റിസ് എൻ. വി. രാമണ

അനുമതി നൽകി

1. ജമ്മു & കാശ്മീർ ഹൈക്കോടതി ക്രിമിനൽ അപ്പീൽ നം. 5/2010-ലും ക്രിമിനൽ എം.എ. നം. 6/2010-ലും സി/ഡബ്ല്യു കൺഫർമേഷൻ നം. 23/2009-ലും 6-3-2014 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിലും ഉത്തരവിലും സങ്കടപ്പെട്ടുകൊണ്ടും അസംതൃപ്തിപ്പെട്ടുകൊണ്ടുമാണ് പ്രതി ഈ അപ്പീലുകൾ സമർപ്പിച്ചിട്ടുള്ളത്.

2. വിചാരണ കോടതി പ്രതിയെ ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെ 302 വകുപ്പിൻകീഴിലും അതേപോലെ 307, 326, 324-ഉം 448-ാം വകുപ്പുകളിൻകീഴിലുമുള്ള കുറ്റങ്ങൾക്ക് പ്രതി ശിക്ഷാർഹനാണെന്നു വിധിച്ചു. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പിൻകീഴിൽ പ്രതി കുറ്റക്കാരനാണെന്നു കണ്ടുകൊണ്ട് വധശിക്ഷ വിധിച്ചു. വിചാരണ കോടതി, ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 307-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന

കുറ്റത്തിന് പ്രതി-അപ്പീൽവാദിയെ 10 വർഷം കഠിന തടവ് അനുഭവിക്കുന്നതിനും 10,000 രൂപ പിഴയായും, പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം ആറു മാസത്തെ വെറും തടവിനും കൂടി ശിക്ഷിച്ചു. വിചാരണ കോടതി, ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 326-ാം വകുപ്പിൻ കീഴിൽ 5 വർഷം കഠിന തടവ് അനുഭവിക്കുന്നതിനും 500 രൂപ പിഴയായും, പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം 3 മാസത്തെ വെറും തടവിനും കൂടി ശിക്ഷിച്ചു. വിചാരണ കോടതി, ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 324-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റത്തിന് പ്രതിയെ ഒരു വർഷത്തെ കഠിന തടവിനും ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 448-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റത്തിന് ഒരു വർഷത്തെ വെറും തടവിനും ശിക്ഷിച്ചു. എല്ലാ ശിക്ഷയും ഒരേ സമയത്ത് അനുഭവിക്കണമെന്ന് കൂടി വിചാരണ കോടതി ഉത്തരവിട്ടു. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പിൻ കീഴിൽ പ്രതി കുറ്റക്കാരനാണെന്ന് കണ്ടുകൊണ്ട് വധശിക്ഷ ശരിവയ്ക്കുകയും ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെ 307, 324, 326-ഉം 448-ഉം വകുപ്പുകളിൻ കീഴിലുള്ള കുറ്റകൃത്യങ്ങൾക്ക് പ്രതിയെ ശിക്ഷിച്ചുകൊണ്ടും ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തിലും ഉത്തരവിലും സങ്കടപ്പെട്ടുകൊണ്ടും അസംതൃപ്തിപ്പെട്ടുകൊണ്ടുമാണ് ഈ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

3. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302, 307, 324, 326-ഉം 448-ഉം വകുപ്പുകളിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് പ്രതി/അപ്പീൽവാദിയ്ക്ക് വിചാരണ കോടതി നൽകിയ കുറ്റസ്ഥാപനവും ശിക്ഷയും ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തിലും ഉത്തരവിലൂടെയും ഹൈക്കോടതി ശരിവച്ചു.

4. ആരംഭത്തിൽ, ഇപ്രകാരം 19-8-2014 തീയതിയിലെ ഉത്തരവിനാൽ ഈ കോടതി ശിക്ഷാവിധിയെപ്പറ്റി മാത്രമുള്ള വിഷയത്തിൽ നോട്ടീസ് പുറപ്പെടുവിക്കുവാൻ ആവശ്യപ്പെട്ടത് ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. ആകയാൽ, ഇപ്രകാരം, നിലവിലെ അപ്പീലുകളിൽ, ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302, 307, 324, 326-ഉം, 448-ഉം വകുപ്പുകളിൻ കീഴിൽ പ്രതിയെ ശിക്ഷിക്കുമ്പോൾ ഈ കോടതി പരിഗണിക്കേണ്ട ഒരേ ഒരു ചോദ്യം വിചാരണ കോടതി ചുമത്തിയിട്ടുള്ളതും ഹൈക്കോടതി ശരിവച്ചിട്ടുള്ളതുമായ ശിക്ഷയാണ്.

4.1. തന്നെയുമല്ല, മറ്റൊരു വിധത്തിൽ രേഖയിലുള്ള തെളിവിന്റേയും അതേപോലെ വിചാരണ കോടതിയുടേയും ഹൈക്കോടതിയുടേയും വിധിന്യായങ്ങളുടെ ഒരു സൂക്ഷ്മ വായനയിലും ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പിൻകീഴിലുള്ള കുറ്റത്തിനു അപ്പീൽവാദി കുറ്റക്കാരനാണെന്നു കണ്ടെത്തുന്നതിനും ഇരു കോടതികൾക്കും മതിയായ കാരണങ്ങൾ ഉണ്ടെന്നതിൽ ഞങ്ങൾ സംതൃപ്തരാണ്. രേഖയിലുള്ള തെളിവിന്റെ ഒരു സൂക്ഷ്മ വായനയിൽ, നിലവിലുള്ള കേസിൽ, പ്രതിയെ കുറ്റക്കാരനാണെന്നു കണ്ടെത്തുകയും ശിക്ഷിക്കുകയും ചെയ്ത കുറ്റങ്ങൾക്ക് പ്രതിക്കെതിരെ കേസ് തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ വിജയിച്ചു എന്നതിൽ ഞങ്ങൾ പൂർണ്ണമായും സംതൃപ്തരാണ്. കുറ്റാരോപണം ബോധ്യപ്പെടുത്തുന്നതിനായി പ്രോസിക്യൂഷന്റെ കേസിനെ പൂർണ്ണമായും പിന്തുണച്ചിട്ടുള്ള പരിക്കേറ്റ ദൃക്സാക്ഷികൾ ഉൾപ്പെടെ ഏകദേശം 27 സാക്ഷികളെ വിസ്തരിച്ചു. 20-9-2009 രാത്രി ഏകദേശം 1-15-ഓടെ (അർദ്ധരാത്രിയിൽ) പ്രതി പ്രായപൂർത്തിയാകാത്ത മൂന്നു കുട്ടികളെ കൊലപ്പെടുത്തുകയും/കൊലപാതകം നടത്തുകയും ജിയാലാലി (പി.ഡബ്ല്യു.3) നേയും കമലേഷ് കുമാരി (പി.ഡബ്ല്യു.4) യേയും ഗുൽഷനേയും

(പ്രായപൂർത്തിയാകാത്ത നാലാമത്തെ കുട്ടി) കൂടി ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്തു. ഏതെങ്കിലും കേസിൽ, മുകളിൽ നിരീക്ഷിച്ചതുപോലെ, 19-8-2014 തീയതിയിലെ ഉത്തരവു പ്രകാരം ശിക്ഷയെ ചോദ്യം ചെയ്തുകൊണ്ടു മാത്രം ഇപ്പോഴത്തെ അപ്പീലുകളിൽ കോടതി ക്ലിപ്ത നോട്ടീസ് നൽകിയിട്ടുണ്ടോ എന്നും, അതുകൊണ്ട് നിലവിലെ അപ്പീലുകളിൽ ഈ കോടതി മുമ്പാകെ ഇപ്പോൾ ഉയർന്നു വന്ന ഒരേ ഒരു ചോദ്യം കേസിന്റെ നിലവിലെ സാഹചര്യങ്ങളിൽ പ്രതിയെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കുമ്പോൾ ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തിലൂടെയും ഉത്തരവിലൂടെയും ഹൈക്കോടതി ശരിവച്ച വധശിക്ഷ വിചാരണക്കോടതി ചുമത്തിയത് നീതീകരിക്കാവുന്നതാണോ?

4.2. കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും വിചാരണക്കോടതിയും അതുപോലെ ഹൈക്കോടതിയും ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് വധശിക്ഷ നൽകി ഗുരുതരമായ തെറ്റുവരുത്തിയതായി അപ്പീൽവാദിക്കു വേണ്ടി ഹാജരായ വിദ്വാനായ മുതിർന്ന അഭിഭാഷകൻ ശ്രീ. എ.റ്റി.എം. രംഗരാമാനുജം ശക്തിയായി ബോധിപ്പിച്ചു.

4.3. ഈ കോടതിയുടെ താഴെപ്പറയുന്ന തീർപ്പുകൾ അവലംബിച്ചുകൊണ്ട് നിലവിലുള്ള കേസിനെ വധശിക്ഷ അർഹിക്കുന്ന അപൂർവ്വങ്ങളിൽ അപൂർവ്വം കേസായി പറയുവാൻ കഴിയുകയില്ല എന്ന് അപ്പീൽവാദിക്കു വേണ്ടി ഹാജരാകുന്ന വിദ്വാനായ മുതിർന്ന അഭിഭാഷകൻ ശക്തിയായി ബോധിപ്പിച്ചു. പിന്തുണയായി, ഈ കോടതിയുടെ താഴെപ്പറയുന്ന തീർപ്പുകൾ അവലംബിച്ചു:-

(1) **ബച്ചൻ സിംഗ് Vs സ്റ്റേറ്റ് ഓഫ് പഞ്ചാബ്** (1980) 2 എസ്സ്.സി.സി 684.

(2) **മാച്ചിസിംഗ് Vs സ്റ്റേറ്റ് ഓഫ് പഞ്ചാബ്** (1983) 3 എസ്സ്.സി.സി 470.

(3) **സ്വാമി ശ്രദ്ധാനന്ദ (2) Vs സ്റ്റേറ്റ് ഓഫ് കർണ്ണാടക** (2008) 13 എസ്സ്.സി.സി 767.

5. വിചാരണ കോടതിയും അതേപോലെ ഹൈക്കോടതിയും പ്രതിക്കനുകൂലമായ കാഠിന്യം കുറയ്ക്കുന്ന സാഹചര്യങ്ങൾ ശരിയായി വിവേചിച്ചറിഞ്ഞിട്ടില്ല എന്നാണ് അപ്പീൽവാദിക്കു വേണ്ടി ഹാജരാകുന്ന വിദ്വാനായ മുതിർന്ന അഭിഭാഷകൻ ശക്തിയായി വാദിച്ചത്. പ്രതി ഒരു മുൻ കുറ്റവാളിയോ ഒരു പ്രൊഫഷണൽ കൊലയാളിയോ അല്ലെന്ന് ഇവിടെ ശക്തിയായി ബോധിപ്പിച്ചു.

6. വ്യത്യസ്തമായി, മിസ് ഫൗസിയ ഷക്കീൽ സംസ്ഥാനത്തിനു വേണ്ടി ഹാജരാകുന്ന വിദുഷിയായ അഭിഭാഷക ഹൈക്കോടതി പുറപ്പെടുവിച്ച ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തിനേയും ഉത്തരവിനേയും പിന്തുണച്ചു. പ്രതി ചൂണ്ടിക്കാട്ടിയിട്ടുള്ള കാഠിന്യം കുറയ്ക്കുന്ന സാഹചര്യങ്ങൾ വിചാരണ കോടതിയും അതേപോലെ ഹൈക്കോടതിയും വിശദമായി പരിഗണിച്ചതായി ഇവിടെ ശക്തമായി ബോധിപ്പിച്ചു. എന്നിരുന്നാലും, ഇപ്രകാരം ഉറങ്ങിക്കിടന്ന പ്രായപൂർത്തിയാകാത്ത മൂന്നു കുട്ടികളെ, അതുപോലെ കൊലപാതകം നടത്തി എന്ന വസ്തുത പരിഗണിച്ചുകൊണ്ടും, പ്രായപൂർത്തിയായിട്ടില്ലാത്ത 4-മത്തെ കുട്ടിക്ക് ഗുരുതരമായ പരിക്കുകളേൽപ്പിച്ചതും ജിയാലാലിനെ ഗുരുതരമായി പരിക്കേൽപ്പിച്ചതും പ്രതിയുടെ പ്രവൃത്തി ക്രൂരമാണെന്നും കണ്ടുകൊണ്ടും അതിനു ശേഷം പ്രകോപിക്കുന്നതും ശാന്തമാകുന്നതുമായ സാഹചര്യങ്ങളുടെ പട്ടിക പരിഗണിച്ചശേഷം വിചാരണക്കോടതി വധശിക്ഷ ചുമത്തുകയും ആയത് ഹൈക്കോടതി ശരിവച്ചിട്ടുള്ളതുമാണ്.

വധശിക്ഷ ഉറപ്പാക്കുന്ന അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ കേസാണ് ഇപ്പോഴത്തെ കേസെന്ന് അപ്പീൽവാദിയുടെ വിദ്വാനായ അഭിഭാഷകൻ ശക്തിയായി വാദിച്ചു. ഈ കോടതിയുടെ **യൂണിയൻ ഓഫ് ഇൻഡ്യ Vs ശ്രീഹരൻ** (2016) 7 എസ്സ്.സി.സി1 ഖണ്ഡിക 87 എന്ന കേസിലെ തീർപ്പിനെ അവലംബിച്ചു കൊണ്ട് ഈ അപ്പീലുകൾ തള്ളുവാൻ അപേക്ഷിച്ചിട്ടുള്ളതാണ്. ബദലായി, അപൂർവ്വങ്ങളിൽ അപൂർവ്വമായ കേസിന്റെ പട്ടികയിൽ നിലവിലെ കേസ് ഉൾപ്പെടുകയില്ല എന്നും വധശിക്ഷയെ ജീവപര്യന്തം തടവാക്കി മാറ്റണമെന്നും ഈ കോടതിയ്ക്ക് അഭിപ്രായമുള്ളപക്ഷം, ജീവിതം എന്നാൽ അപ്പീൽവാദിയുടെ സ്വാഭാവിക മരണം വരെയുള്ള ജീവിതമാണെന്നും അപ്പീൽവാദി ഇളവിനു അർഹനല്ലെന്നും ഇവിടെ ഉചിതമായി നിരീക്ഷിക്കാവുന്നതാണെന്നും ബോധിപ്പിച്ചു.

7. വിചാരണ കോടതി ചുമത്തിയിട്ടുള്ളതും കേസിന്റെ വസ്തുതകളുടേയും സാഹചര്യങ്ങളുടേയും സമ്പൂർണ്ണത **ബച്ചൻ സിംഗും** (മുകളിലത്തെ) **മാച്ചി സിംഗും** (മുകളിലത്തെ) **സ്വാമി ശ്രദ്ധാനന്ദയിലേയും** (മുകളിലത്തെ) തീർപ്പുകളും പരിഗണിച്ചതിനുശേഷവും വിചാരണ കോടതി ചുമത്തിയിട്ടുള്ളതും ഹൈക്കോടതി ശരിവച്ചിട്ടുള്ളതുമായ വധശിക്ഷ സംബന്ധിച്ച് പ്രതിക്കു വേണ്ടി ഹാജരായ വിദ്വാനായ അഭിഭാഷകനേയും അതേപോലെ സംസ്ഥാനത്തിനേയും കേട്ടതിനു ശേഷവും വധശിക്ഷ ഉറപ്പാക്കുന്ന അപൂർവ്വങ്ങളിൽ അപൂർവ്വം കേസുകളുടെ വിഭാഗത്തിൽ ഉൾപ്പെടുന്നതല്ല നിലവിലെ കേസ് എന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. കുറ്റകൃത്യത്തിന്റെ ഓരോ സാഹചര്യങ്ങളും അതേപോലെ പ്രതി കുറ്റം ചെയ്യുന്നതിലേക്ക് നയിച്ചിട്ടുള്ള വസ്തുതകളും ഞങ്ങൾ പരിഗണിച്ചു. എന്നിരുന്നാലും, കുറ്റകൃത്യത്തിന്റെ ഗാംഭീര്യം ഞങ്ങൾ അംഗീകരിച്ചു. എന്നാൽ ഈ കേസ് അപൂർവ്വങ്ങളിൽ അപൂർവ്വം കേസുകളുടെ വിഭാഗത്തിൽ ഉൾപ്പെടുമെന്ന് ബോധ്യപ്പെടാൻ ഞങ്ങൾക്ക് സാധിക്കുന്നില്ല. കുറ്റം ചെയ്തിട്ടുണ്ടെന്ന് നിസ്സംശയം പറയാവുന്നതും ആയത് ക്രൂരവുമാണ്, എന്നാൽ വധശിക്ഷ ഉറപ്പാക്കാത്തതുമാണ്. പ്രതി അപ്രകാരം ഒരു മുൻകുറ്റവാളിയോ പ്രൊഫഷണൽ കൊലയാളിയോ അല്ലെന്ന് ഇവിടെ ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. ദാമ്പത്യ സംബന്ധമായ ഒരു തർക്കം അവിടെയുണ്ടായിരുന്നതും, ജിയാലാലും അയാളുടെ ഭാര്യ കമലേഷ് കുമാരിയും പ്രതിയ്ക്ക് എന്തെങ്കിലും സഹായഹസ്തം നൽകുന്നതിനോ അയാളുടെ ഭാര്യയെ തിരിച്ചുകൊണ്ടുവരുന്നതിനോ ശ്രമിച്ചില്ല എന്ന് പ്രതി കരുതിയിരുന്നു. കുറ്റം ചെയ്യുന്നതിനും ജിയാലാലിന്റെ കുടുംബത്തെ ഒഴിവാക്കുന്നതിനും പ്രതിക്ക് ഉദ്ദേശ്യമുണ്ടായിരുന്നു എന്ന് രേഖകളിലുള്ള വസ്തുതകളിൽ നിന്നും വെളിപ്പെടുന്നു. ജിയാലാൽ ഭാര്യാ സഹോദരി ഭർത്താവും കമലേഷ് കുമാരി സഹോദര ഭാര്യയുമാണ്. പ്രതിയുടെ ദാമ്പത്യബന്ധം തരപ്പെടുത്തുന്നതിൽ അവരാണ് കാരണഭൂതരായതെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മുകളിൽ പറഞ്ഞിട്ടുള്ള ലഘൂകരിക്കാവുന്ന സാഹചര്യങ്ങളും പ്രതി കുറ്റം ചെയ്യുന്നതിലേക്കു നയിച്ച പ്രേരണയും **ബച്ചൻ സിംഗിലേയും** (മുകളിലത്തെ) **മാച്ചി സിംഗിലേയും** (മുകളിലത്തെ) **സ്വാമി ശ്രദ്ധാനന്ദയിലേയും** (മുകളിലത്തെ) തീർപ്പുകളും പരിഗണിച്ചുകൊണ്ട് നീതിയുടെ താൽപര്യാർത്ഥം വധശിക്ഷയെ യാതൊരു ഇളവും കൂടാതെ പ്രതിയുടെ മരണം വരെയുള്ള ജീവപര്യന്തമാക്കി മാറ്റാമെന്നു ഞങ്ങൾ കരുതുന്നു. ഇളവു കൂടാതെ ജീവപര്യന്തം ചുമത്തുന്നതിനെ സംബന്ധിച്ച്, ഈ കോടതിയുടെ **വി. ശ്രീഹരൻ** (മുകളിലത്തെ) കേസിലെ തീർപ്പ് ഞങ്ങൾ

പിന്തുണയ്ക്കുന്നതും, ആയത് പ്രകാരം **സ്വാമി ശ്രദ്ധാനന്ദയിലെ** (മുകളിലത്തെ) മുൻപുള്ള തീർപ്പ് അംഗീകരിക്കുമ്പോൾ വധശിക്ഷയെ ജീവപര്യന്തമായി മാറ്റുമ്പോൾ ഇതിനെ ഒരു പ്രത്യേക തരത്തിലുള്ള ശിക്ഷ എന്നു പറയാവുന്നതും ഇളവു കൂടാതെ ജീവപര്യന്തം ചുമത്തുന്നത് അനുവദനീയ വുമാണ്. **വി. ശ്രീഹരന്റെ** കേസിൽ (മുകളിലത്തെ) 178-ാം ഖണ്ഡികയിൽ ഈ കോടതി താഴെ പറയും പ്രകാരം വിധിച്ചു:

"178. ഒരു പ്രത്യേക രീതിയിലുള്ള ശിക്ഷയ്ക്ക്, സ്വാമി ശ്രദ്ധാനന്ദ (2) [സ്വാമി ശ്രദ്ധാനന്ദ (2) Vs സ്റ്റേറ്റ് ഓഫ് കർണ്ണാടക (2008) 13 എസ്സ്.സി.സി 767:(2009) 3 എസ്സ്.സി.സി (ക്രിമിനൽ) 113] ൽ പ്രതിപാദിച്ച തോതിൽ ഞങ്ങൾ പരിഗണി ക്കുന്നു, വധശിക്ഷയ്ക്കു പകരമായി ജീവപര്യന്തം തടവോ 14 വർഷത്തിൽ കവിയുന്ന തടവോ പകരംവയ്ക്കാവുന്നതും ആ വിഭാഗം ഇളവിന്റെ ബാധകതയ്ക്ക് അപ്പുറമാണെന്നുള്ളത് സുസ്ഥാപിതവും ഞങ്ങൾ പ്രസ്തുത ചോദ്യത്തിന് ഉറപ്പിക്കുന്ന മറുപടിയും നൽകുന്നു."

8. അപ്രകാരം, ഇൻഡ്യൻ ശിക്ഷാനിയമ ത്തിലെ 302, 307, 324, 326-ഉം 448-ഉം വകുപ്പുകളിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് പ്രതിയെ ശിക്ഷിച്ചുകൊണ്ട് ഹൈക്കോടതി പുറപ്പെടുവിച്ച ദോഷമാരോ പിക്കപ്പെട്ട വിധിന്യായവും ഉത്തരവും സ്ഥിരീകരിച്ചുകൊണ്ട് താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചു:-

"ക്രിമിനൽ അപ്പീൽ നം. 05/2010-ലും, ക്രിമിനൽ എം.എ. നം. 06/2016-ലും ഹൈക്കോടതിയുടെ 6-3-2014 തീയതിയിലെ ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തിലും ഉത്തരവിലും നിന്നും പ്രതി സമർപ്പിച്ച സി/ഡബ്ല്യു കൺഫർമേഷൻ നം. 23/2019-ൽ നിന്നും ഉത്ഭവിച്ചിട്ടുള്ള ഈ അപ്പീലുകൾ വധശിക്ഷയെ ജീവപര്യന്തമാക്കി മാറ്റിക്കൊണ്ട് തീർപ്പാക്കുന്നതും വിചാരണ കോടതി ചുമത്തിയിട്ടുള്ളതും പിന്നീട് ഹൈക്കോടതി ശരിവച്ചിട്ടുള്ളതുമായ വധശിക്ഷ ജീവപര്യന്ത മാക്കി, അതായത്, അപ്പീൽവാദിയുടെ മരണം വരെ ആയി മാറ്റുകയും ചെയ്യുന്നു. അപ്പീൽവാദിയ്ക്ക് ഇളവ് അനുവദിക്കാവു തല്ലെന്ന് ഇവിടെ പ്രത്യേകം വ്യക്തമാക്കി യിരിക്കുന്നു."

9. നിലവിലെ അപ്പീലുകൾ മേൽപറഞ്ഞ വ്യവസ്ഥകളാൽ ഭാഗികമായി അനുവദിച്ചു.

*——————*

# ഹൈക്കോടതി വിധിന്യായങ്ങൾ

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് സുനിൽ തോമസ്

രാജീവ് തോമസ്

*Vs*

ഷീജാ ആന്റണി

റിട്ട് പെറ്റീഷൻ (സിവിൽ) നം. 8218/2017

2018 ജൂലൈ 23-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഒരു സിവിൽ കോടതിയ്ക്കോ കുടുംബ കോടതിയ്ക്കോ ഗാർഹിക പീഢന ആക്റ്റിലെ 12-ാം വകുപ്പിൻ കീഴിലെ ഒരു അപേക്ഷയിൽ ഇടപെടുന്നതിനോ 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻകീഴിലെ പരിഹാരങ്ങൾ 12 -ാം വകുപ്പിൻകീഴിലെ അങ്ങനെയുള്ള അപേക്ഷയിൽ നൽകുന്നതിനോ ക്ഷമതയുണ്ടെന്ന് വിദൂരത്തിലെങ്കിലും നിർദ്ദേശിക്കുന്ന യാതൊന്നും തന്നെ ഗാർഹിക പീഢന ആക്റ്റിന്റെ ഭാഷയിലോ വ്യവസ്ഥയിലോ അർത്ഥത്തിലോ ഇല്ല. തീർച്ചയായും, കുടുംബകോടതിയ്ക്കും സിവിൽ കോടതിയ്ക്കും അതിന്റെ മുമ്പിൽ നിലനിൽക്കുന്ന നടപടിയിൽ ഗാർഹിക പീഢന ആക്റ്റിന്റെ 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻകീഴിലും പരിഹാരങ്ങൾ നൽകുന്നതിന് അധികാരമുണ്ട്. തീർച്ചയായും, 12 -ാം വകുപ്പിൻ കീഴിലെ ഒരു അപേക്ഷയിൽ ഇടപെടുന്നതിന് കുടുംബ കോടതിയ്ക്കോ സിവിൽ കോടതിയ്ക്കോ യാതൊരു അധികാരവുമില്ല.**

### വിധിന്യായം

**ജസ്റ്റിസ് സുനിൽ തോമസ്**

ഒന്നാം ഹർജികക്ഷിയും ഒന്നാം എതിർകക്ഷിയും യഥാക്രമം ഭാര്യാഭർത്താക്കന്മാരാണ്. രണ്ടാം ഹർജികക്ഷി ഭാര്യാമാതാവും മൂന്നാം ഹർജികക്ഷി ഒന്നാം ഹർജികക്ഷിയുടെ സഹോദര ഭാര്യയുമാണ്. ഒന്നാം എതിർകക്ഷി ഇവിടത്തെ ഹർജികക്ഷികൾക്കെതിരെ പരിഹാരങ്ങൾ തേടികൊണ്ട് ഏറ്റുമാനൂർ കുടുംബകോടതി മുമ്പാകെ ഒ. പി. നം. 300/2016 ഫയൽ ചെയ്തു. ഒന്നാം എതിർകക്ഷിയുടെ ആരോപണത്തിന്റെ കാതലായ ഭാഗം അവൾ ദോഹയിൽ ജോലി ചെയ്തിരുന്നെന്നും കാര്യമായി സമ്പാദിച്ചിട്ടുണ്ടെന്നുമാണ്. ദാമ്പത്യബന്ധ കാലയളവിൽ ഭീമമായ ഋണ ബാധ്യതയുള്ള ഒന്നാം എതിർകക്ഷിക്ക് അയാളെ സാമ്പത്തിക ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷിക്കുന്നതിനും ഒരു ബിസിനസ്സ് തുടങ്ങുന്നതിനും വലിയ തുക ഒന്നാം എതിർകക്ഷി നൽകിയിരുന്നു. 2016-ലെ പ്രമാണം നം. 1 -ൽ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിടം അവൾക്കു കൈമാറ്റം ചെയ്യാമെന്ന വ്യക്തമായ ധാരണയാലാണ് ഇങ്ങനെ മുൻകൂറായി നൽകിയത്. അങ്ങനെയിരിക്കെ ഒന്നാം എതിർകക്ഷി ഒരു വസ്തു വാങ്ങുന്നതിനുള്ള അവളുടെ ഉദ്ദേശ്യം പ്രകടിപ്പിച്ചു. അവൾ മുൻകൂറായി പണം

ഒന്നാം ഹർജി കക്ഷിയ്ക്ക് നൽകുകയും അയാൾ, 2016-ലെ 3-ാം നമ്പർ പ്രമാണത്തിൽ ഉൾപ്പെട്ട ഒരു വസ്തു അയാളുടെ സ്വന്തം പേരിൽ വാങ്ങുകയും ചെയ്തു. പിന്നീട് ദാമ്പത്യ ജീവിതത്തിൽ തർക്കങ്ങൾ ഉത്ഭവിച്ചു. രണ്ടു വസ്തുക്കളും ഒന്നാം ഹർജി കക്ഷിയുടെ പേരിലാണെങ്കിലും 2016-ലെ 1-ാം നമ്പർ പ്രമാണത്തിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവിന്റെ യഥാർത്ഥ അവകാശം അവൾക്കായിരുന്നെന്നു മറ്റു പലതിന്റേയും കൂട്ടത്തിൽ തർക്കിച്ചുകൊണ്ട് കുടുംബ കോടതി മുമ്പാകെ അവൾ നടപടികൾ ആരംഭിച്ചു. ഗാർഹിക പീഡന ആക്റ്റിലെ (ഇതിനുശേഷം 'ഡി.വി. ആക്റ്റ്' എന്നു സംഗ്രഹിക്കുന്നു) വ്യവസ്ഥകൾ അവലംബിച്ചുകൊണ്ട് അവൾ ചങ്ങനാശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ എം.സി. നം.14/2016 ആയ നടപടികൾ കൂടി ആരംഭിക്കുകയും അവൾക്ക് അനുകൂലമായി ഒരു ഇടക്കാല ഉത്തരവ് നേടുകയും ചെയ്തു. പിന്നീട്, 2016 -ലെ 1-ാം നമ്പർ പ്രമാണത്തിലും 2016-ലെ 3-ലും ഉൾപ്പെട്ടിട്ടുള്ള വസ്തുക്കൾ ഇവിടത്തെ ഹർജിക്കാരുടെ അടുത്ത ബന്ധുവായ ഇവിടത്തെ രണ്ടാം എതിർകക്ഷിയ്ക്ക് കൈമാറ്റം ചെയ്തിട്ടുള്ളതായി അവൾക്ക് മനസ്സിലായി. അപ്രകാരം അവൾ ഹർജിക്കാർക്കും രണ്ടാം എതിർകക്ഷിയ്ക്കും എതിരെ കുടുംബ കോടതി മുമ്പാകെ ഒ.പി. നം. 300/2016 ആയി ഇരു എതിർകക്ഷികൾക്കും അനുകൂലമായി എഴുതിക്കൊടുത്തിട്ടുള്ള തീറാധാരങ്ങൾ നിയമസാധുതയില്ലാത്തതാണെന്നും അതിലുൾപ്പെട്ട വസ്തുവകകളുടെ ഉടമസ്ഥ അവളായിരുന്നെന്നുമുള്ള പ്രഖ്യാപനത്തിന്, അല്ലെങ്കിൽ, പകരമായി ഹർജികക്ഷികളിൽ നിന്നും 67,00,000 രൂപ 18% പലിശയോടെ തിരികെ കിട്ടുന്നതിനുള്ള കോടതി വിധിയ്ക്കുമായി നടപടികൾ ആരംഭിച്ചു. മാനസിക പീഢയ്ക്കും കഷ്ടപ്പാടിനുമായി 50,00,000 രൂപ നഷ്ടപരിഹാരത്തിന് വേണ്ടിയുള്ള ഒരു വിധി ന്യായവും കൂടി അവൾ തേടി.

2. വ്യത്യസ്തങ്ങളായ രണ്ടു നടപടികൾ രണ്ടു വ്യത്യസ്തങ്ങളായ കോടതിയിൽ നിലനിൽക്കുകയാണെങ്കിലും, ഇരു നടപടിയിലേയ്ക്കും പരിഗണിക്കുന്ന വിഷയം ഒന്നു തന്നെയാണെന്നും ഒരേ കക്ഷികളാകുന്നതും എക്സിബിറ്റ് പി 1 - അതായത് 2016-ലെ ഒ.പി. നം. 300-ലെ നടപടികളും 2016-ലെ എം.സി. നം. 14-ലെ എക്സിബിറ്റ് പി2 നടപടികളും ഒന്നാണെന്നും തർക്കിച്ചു കൊണ്ട് ഹർജികക്ഷികൾ ഈ കോടതിയെ സമീപിച്ചു. സ്ത്രീക്കെതിരെയുണ്ടാകുന്ന ഗാർഹിക പീഢന ആക്റ്റിലെ 26-ാം വകുപ്പിന്റെ വെളിച്ചത്തിൽ എക്സിബിറ്റ് പി 2-ൽ ഉൾപ്പെടുത്തിയിട്ടുള്ള പരിഹാരങ്ങൾ കുടുംബ കോടതിയ്ക്കും നൽകാവുന്നതാണ്. ആയതിനാൽ, ഹർജികക്ഷികൾ ചങ്ങനാശ്ശേരി ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി മുമ്പാകെ തീർപ്പാകാതെയുള്ള 2016-ലെ എം.സി. നം. 14, 2016-ലെ ഒ.പി. നം. 300 നൊപ്പം വിചാരണയ്ക്കും തീർപ്പാക്കലിനും വേണ്ടി ഏറ്റുമാനൂർ കുടുംബകോടതിയിലേക്ക് മാറ്റുന്നതിന് ആവശ്യപ്പെട്ടു.

3. ഇരു ഭാഗങ്ങളും കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.

4. ദാമ്പത്യബന്ധം, വസ്തുവകകൾ വാങ്ങിയതും ഇപ്പോഴത്തെ ആയാസപ്പെട്ട ബന്ധവും തർക്കത്തിലില്ലാത്തതാണ്. ഇരു നടപടികളിലേയും വാദങ്ങളും ആവശ്യപ്പെട്ടിട്ടുള്ള പരിഹാരങ്ങളും അതിരു കടക്കുകയും കൂടി ചെയ്തിട്ടുണ്ട്. ഗാർഹിക പീഢന ആക്റ്റിലെ 26-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ എം.സി. നമ്പർ 14/2016-ൽ ആവശ്യപ്പെട്ടിട്ടുള്ള പരിഹാരങ്ങൾ നൽകുന്നതിനു കുടുംബകോടതിയ്ക്ക് ക്ഷമതയുണ്ട്. നീതിയുടെ താത്പര്യാർത്ഥവും രണ്ടു വ്യത്യസ്ത ഫോറങ്ങൾ മുമ്പാകെ സമകാലിക നടപടി

കൾ നേരിടുന്നതിൽ നിന്നും കക്ഷികളെ സംരക്ഷിക്കുന്നതിനുവേണ്ടിയും, നടപടികളുടെ ആധിക്യവും വ്യത്യസ്തങ്ങളായ തീരുമാനങ്ങളും ഒഴിവാക്കുന്നതിന് വേണ്ടിയും രണ്ടും ഒരേ കോടതിയിൽ വിസ്തരിക്കാമോ എന്നുള്ളതാണ് നിർണ്ണായക ചോദ്യം.

5. എക്സിബിറ്റ് പി2 നടപടികൾ ക്രിമിനൽ കോടതി മുമ്പാകെ നിലനിൽക്കുന്നതിനാൽ പരിഹാരനിവൃത്തിയ്ക്കായി സിവിൽ നടപടി നിയമ സംഹിതയുടെ 24 -ാം വകുപ്പ് അവലംബിക്കുവാൻ കഴിയുകയില്ലെന്ന് തർക്കിച്ചു. എക്സിബിറ്റ് പി1 നടപടികൾ സിവിൽ കോടതി മുമ്പാകെ നിലനിൽക്കുന്നതുകൊണ്ട് ക്രിമിനൽ നടപടി നിയമ സംഹിതയിലെ 407-ഉം 408-ഉം വകുപ്പുകളും അവലംബിക്കാൻ കഴിയുകയില്ല. ആയതിനാൽ ഭരണഘടനയുടെ 227-ാം അനുച്ഛേദത്തിൻ കീഴിലുള്ള അസാധാരണ അധികാരിത അവലംബിച്ചുകൊണ്ട് മാത്രമേ പരിഹാരം ആവശ്യപ്പെടാൻ സാധിക്കുകയുള്ളു എന്ന് തർക്കിച്ചിരുന്നു. വാസ്തവത്തിൽ, റിട്ട് ഹർജിയിൽ ഉന്നയിച്ചിട്ടുള്ള പരിഹാരങ്ങൾ തേടുന്നതിന് സിവിൽ നടപടി നിയമ സംഹിതയിലെ 221-ാം വകുപ്പോ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 407-ഉം 408-ഉം വകുപ്പുകളോ അവലംബിക്കാൻ സാധിക്കില്ല.

6. ആക്റ്റിന്റെ 26-ാം വകുപ്പ് അവതരിപ്പിക്കുമ്പോൾ നിയമ നിർമ്മാണ സഭയുടെ ഉദ്ദേശ്യം മജിസ്ട്രേറ്റ് കോടതിയ്ക്കും കുടുംബകോടതിയ്ക്കും സമവർത്തി അധികാരിത നൽകുകയായിരുന്നെന്ന് ഹർജികക്ഷിയുടെ വിദ്വാനായ അഭിഭാഷകൻ വാദിച്ചു. സമകാലിക അധികാരിതയുടെ പ്രയോഗം ആയത് നിരോധിച്ചില്ലെങ്കിൽ അനുവദിക്കാമെന്ന് തർക്കിച്ചു. ആക്റ്റിന്റെ 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻ കീഴിലെ തർക്കങ്ങൾ തീരുമാനിക്കുന്നതിന് മറ്റു കോടതികൾക്കും അത്തരം പരിഹാരങ്ങൾ നൽകുവാൻ കഴിയുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ആക്റ്റിലെ 26-ാം വകുപ്പ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതിയ്ക്കും കുടുംബകോടതിയ്ക്കും സമവർത്തി അധികാരിത പരോക്ഷമായി നൽകിയിട്ടുണ്ടെന്ന് വാദിച്ചു.

7. മേൽ വാദം വിശദീകരിക്കുന്നതിനായി, ഹർജികക്ഷിക്ക് വേണ്ടിയുള്ള വിദ്വാന്മാരായ അഭിഭാഷകർ കജേറിയാ കോർപ്പറേറ്റീവ് (പി) ലിമിറ്റഡ് VS വിമലാ ബായ് (1967 കെ.എൽ.റ്റി. 575) - ലെ വിധിന്യായവും **രാഘവൻ നായർ VS അപ്പുകിടവു,** (1979 കെ.എൽ.റ്റി 458)-ലെ ഡിവിഷൻ ബഞ്ച് വിധിന്യായവും **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ VS രഞ്ജൻ കെമിക്കൽസ് ലിമിറ്റഡും മറ്റൊരാളും** മനു/എസ്സ്.സി/4506/2006: (2007 (1) കെ.എൽ.റ്റി ഓൺലൈൻ 1106 (എസ്സ് സി): (2007) 1 എസ്സ്.സി.സി 97) ലെ സുപ്രീംകോടതി വിധിന്യായവും അവലംബിച്ചു. **കജേറിയ കോപ്പറേറ്റീവ് (പി) ലിമിറ്റഡ്** കേസിൽ, മുൻസിഫ് കോടതി മുമ്പാകെ നിലനിൽക്കുന്ന ഒഴിപ്പിക്കൽ വ്യവഹാരവും വാടക നിയന്ത്രണ കോടതിയായുള്ള പദവിയിലെ അതേ മുൻസിഫിന്റെ മുമ്പാകെ നിലനിൽക്കുന്ന അപേക്ഷയും ഒരുമിച്ചു വിചാരണ ചെയ്തു. ഒരു വ്യക്തി എപ്പോഴെങ്കിലും അയാൾ തന്നെ രണ്ടു ഓഫീസുകളും സംയോജിപ്പിച്ചു കൊണ്ടുപോകുമ്പോൾ, ഇരു അധികാരങ്ങളുടെയും സമകാലിക വിനിയോഗം അത് നിരോധിച്ചിട്ടില്ലെങ്കിൽ, അനുവദനീയവും അങ്ങനെയുള്ള ഒരു വിനിയോഗം അയാൾ സാധുതയോടെ യാതൊന്നും വിനിയോഗിച്ചിട്ടില്ലായെന്ന് അർത്ഥമാകുന്നില്ല എന്ന് ഒരു തർക്കത്തിൽ ഹൈക്കോടതി വിധിച്ചിട്ടുണ്ട്. ഒരു വ്യവഹാരം മുൻസിഫ് എന്ന പദവിയിൽ വിചാരണ ചെയ്തിട്ടുള്ളതും, ആ വ്യവഹാരത്തോടൊപ്പം വാടക നിയന്ത്രണ കോടതിയുടെ അധികാരത്തിൽ അയാൾ രണ്ടു പരാതികൾ

വിചാരണ ചെയ്തു എന്ന വസ്തുത കൊണ്ട് മാത്രം അയാളുടെ മുൻസിഫ് എന്ന പദവിയോ അയാളുടെ അധികാരിതയോ ഇല്ലാതാക്കുന്നില്ല. രാഘവൻ നായരുടെ കേസിൽ, ഡിവിഷൻ ബഞ്ച്, തിരഞ്ഞെടുപ്പിലൂടെയുള്ള വാദതടസ്സം സംബന്ധിച്ച തത്വം പ്രതിപാദിച്ചിരുന്നു. തർക്കത്തിലുള്ള സംഗതികളിൽ ഒരു വ്യവഹാരിയ്ക്ക് എപ്പോഴെങ്കിലും അധികാരിതയുള്ള സമാന്തരമായ ട്രൈബ്യൂണലുകൾ ലഭ്യമാണെങ്കിൽ അയാൾ അയാളുടെ പരിഹാരത്തിനായി മറ്റേതിനേക്കാൾ അങ്ങനെയുള്ള ഒരു ട്രൈബ്യൂണലിനു പരിഗണന നൽകുമ്പോൾ, എതിരാളിയ്ക്ക് നേരെ പിന്നീട് തുടർന്നു വരുന്ന ഏതെങ്കിലും നിവൃത്തിയിൽ അതേപോലെ സമാന്തര രീതിയിലുള്ള രണ്ട് വിചാരണയുടെ സംഗതിയിൽ, ഒരു വ്യവഹാരി, ഉദാസീനമായ നടത്തിപ്പിനാൽ ഇതിൽ ഏതെങ്കിലും ഒരു നീതി സ്വീകരിക്കുകയാണെങ്കിൽ യാതൊരു വിമർശനമോ എതിർപ്പോ ഇല്ലാതെ അതിന്റെ പരിസമാപ്തി വരെ നടപടികളിൽ പങ്കെടുക്കുകയും, ആ സമയത്ത് അയാൾ തൃപ്തിപ്പെട്ടു വന്ന വിചാരണയുടെ രീതി ക്രമവിരുദ്ധമെന്നോ അധികാരിതയില്ലാത്തതാണെന്നോ പിന്നീട് പരാതിപ്പെടാൻ സാധിക്കുകയില്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കേസിൽ സുപ്രീംകോടതി, വ്യവഹാര കാരണങ്ങളുടെ കൂട്ട വിചാരണയുടെ തത്വം പ്രതിപാദിക്കുകയുണ്ടായി. ഇരു നടപടികളിലും ഒരു പൊതു നിയമ പ്രശ്നമോ വസ്തുതയോ ഉയർന്നുവരുകയോ അവയിൽ ഉന്നയിച്ചിട്ടുള്ള പരിഹാരത്തിന്റെ അവകാശം, ഒരു ഇടപാടിൽ നിന്നോ ഇടപാടുകളുടെ ഒരു ശൃംഖലയിൽ നിന്നോ ഉയർന്നിട്ടുള്ളതാണെങ്കിൽ കൂട്ടവിചാരണയ്ക്ക് ഉത്തരവിടാമെന്ന് വിധിച്ചിട്ടുണ്ട്. കക്ഷികൾ ഒന്നുതന്നെയാവുകയും ആയത് തെളിവിന്റെ അതിവ്യാപനത്തെ തടയുകയും ചെയ്യുമെങ്കിൽ ഇത് അനുവർത്തിക്കാവുന്നതാണ്.

8. മുകളിലെ യാതൊരു തീരുമാനങ്ങളും ഈ കേസിലെ വസ്തുതകൾക്ക് ബാധകമല്ല. മുകളിലത്തെ എല്ലാ കേസുകളിലും, ഓരോ കോടതിയും മറ്റേ കേസ് വിചാരണ ചെയ്യാൻ ക്ഷമതയുള്ളപ്പോൾ, രണ്ടു കോടതികളുടേയും അധികാര വിനിയോഗത്തെ സംബന്ധിച്ചായിരുന്നു ചോദ്യം. നിലവിലെ കേസിൽ, ഓരോ കോടതിയ്ക്കും മറ്റു നടപടികൾ വിചാരണ ചെയ്യാൻ ക്ഷമത യുണ്ടോ എന്നു വിലയിരുത്തേണ്ടതാണ്.

9. ഗാർഹിക പീഢന ആക്റ്റിലെ 18 മുതൽ 22 വരെയുള്ള പരിഹാരങ്ങളിൽ തീർപ്പുകൽപ്പിക്കുമ്പോൾ ഗാർഹിക പീഢന നിയമത്തിന്റെ 26-ാം വകുപ്പ് കുടുംബ കോടതിയ്ക്കും അതേപോലെ മജിസ്ട്രേറ്റ് കോടതിയ്ക്കും സമവർത്തി അധികാരിത നൽകിയിട്ടുണ്ടെന്നുള്ളതായിരുന്നു ഹർജിക്കാർക്കുവേണ്ടിയുള്ള വിദ്വാന്മാരായ അഭിഭാഷകരുടെ നിർദ്ദിഷ്ട വാദം. ഗാർഹിക പീഢന ആക്റ്റിന്റെ അവതരണത്തിനു മുമ്പോ അതിനുശേഷമോ ആരംഭിച്ചിട്ടുള്ള തീർപ്പാക്കാനുള്ള ഏതെങ്കിലും നടപടിയിൽ ഹർജികക്ഷിയ്ക്ക് മറ്റു പരിഹാരങ്ങളോടൊപ്പം 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻ കീഴിലുള്ള പരിഹാരങ്ങളും തേടാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് 26-ാം വകുപ്പ് വ്യക്തമായി സ്പഷ്ടമാക്കുന്നു. ഡി. വി. ആക്റ്റിന്റെ 26-ാം വകുപ്പിന്റെ ശരിയായ വ്യാഖ്യാനവും വ്യാപ്തിയും വിവിധ കോടതികളുടെ തീരുമാനങ്ങളുടെ വിഷയമായിരുന്നു. **ശ്രീമതി കുമാ ബെഹറാ vs സ്റ്റേറ്റ് ഓഫ് ഒറീസ്സയും മറ്റുള്ളവരും,** മനു/ഒ.ആർ/0531/2009: (2010(1) കെ.എൽ.റ്റി ഓൺലൈൻ 1102 (ഒറീസ്സ): എ.ഐ.ആർ 2010 (ഒറീസ്സ 68)-ൽ നിലവിലുള്ള ഒരു നടപടിയിലാണ് അങ്ങനെയുള്ള പരിഹാരങ്ങൾ തേടുന്നതെങ്കിൽ കുടുംബകോടതിയ്ക്ക് 18 മുതൽ 22 വരെയുള്ള വകുപ്പുകളിൽ ലഭ്യമായ

ഏതൊരു പരിഹാരവും അനുവദിയ്ക്കാൻ സാധിക്കുമെന്ന് വിധിച്ചു. എന്നിരുന്നാലും 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻ കീഴിലെ പരിഹാരം തേടുന്നതിനുള്ള ഒരു സ്വതന്ത്ര നടപടിയിൽ ഗാർഹിക പീഢന ആക്റ്റിലെ 26-ഉം 27-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട മജിസ്ട്രേറ്റിനു മാത്രമേ അധികാരമുള്ളൂ. ഈ കാഴ്ചപ്പാട് ഒറീസ്സാ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച്, **ബ്രുന്ദാബൻ പത്രയും മറ്റൊരാളും vs രാജലക്ഷ്മി പത്ര** (മനു/ഒ.ആർ/0236/2011:2011 (4) കെ.എച്ച്.സി 740)-ൽ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. **അംബ്രീൻ അഖൂൻ vs ആദിത്യ ഔം പൗഡ് വാൾ-ഉം മറ്റൊരാളും** (മനു/എം എച്ച്/1865/2015: (2016 (1) കെ എൽ റ്റി ഓൺലൈൻ 2583 (ബോംബെ) : 2016 ക്രി.ലാ ജേർണൽ 141-ലും ഇത് കൂടുതലായി വിശദീകരിച്ചിട്ടുണ്ട്. ആയതിൽ, ബോംബെ ഹൈക്കോടതി, ഗാർഹിക പീഢന ആക്റ്റിലെ 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻ കീഴിൽ ലഭ്യമായ പരിഹാരം, സങ്കടമനുഭവിക്കുന്ന ഒരു കക്ഷിയെ ബാധിക്കുന്ന സിവിൽ കോടതിയ്ക്കോ കുടുംബകോടതിയ്ക്കോ ക്രിമിനൽ കോടതിയ്ക്കോ മുമ്പാകെയുള്ള ഏതെങ്കിലും നിയമ നടപടി അങ്ങനെയുള്ള നടപടികൾ ഗാർഹിക പീഢന ആക്റ്റ് വരുന്നതിനു മുമ്പോ അതിനു ശേഷമോ ആണ് ആരംഭിച്ചിട്ടുള്ളതെങ്കിലും, ഗാർഹിക പീഢന ആക്റ്റിലെ 26-ാം വകുപ്പ് പ്രകാരം തേടുന്നതിന് പ്രാപ്തനാക്കുമെന്ന് വിധിച്ചു. 26-ാം വകുപ്പിലെ (1)-ഉം (2)-ഉം ഉപവകുപ്പുകൾ, സിവിലോ ക്രിമിനലോ കോടതി മുമ്പാകെ, നിലവിലുള്ള ഒരു വ്യവഹാരത്തിലോ നിയമ നടപടിയിലോ തേടിയിട്ടുള്ള മറ്റു പരിഹാരത്തിന് പുറമേ, ഗാർഹിക പീഢന ആക്റ്റിൻ കിഴിലുള്ള പരിഹാരവും വേണമെന്നാണ് ഉദ്ദേശിക്കുന്നത് എന്ന് വിധിച്ചു. തേടിയിട്ടുള്ള മറ്റു പരിഹാരങ്ങൾക്കൊപ്പം കുടുംബകോടതി മുമ്പാകെ നിലനിൽക്കുന്ന മറ്റേതെങ്കിലും നടപടികളിലും 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻകീഴിലുള്ള അതേ പരിഹാരം തേടാമെന്നതാണ് ഗാർഹിക പീഢന ആക്റ്റിന്റെ 26-ാം വകുപ്പിന്റെ ഉദ്ദേശ്യം എന്നു വിധിയ്ക്കുകയുണ്ടായി. ഈ കോടതിയിലെ വിദ്വാനായ ഒരു സിംഗിൾ ജഡ്ജ് **രാജു നാരായണ സ്വാമി vs ബീന.എം.ഡി** മനു/കെ.ഇ/0103/2017 : (2017 (1) കെ എൽ റ്റി 661: 2017 (1) കെ എച്ച് സി 607)-ൽ ഇത് വിശദീകരിച്ചിട്ടുണ്ട്. ഒരു നിയമനടപടി നിലനിൽക്കുകയും ആ നടപടിയിൽ 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻ കീഴിലുള്ള പരിഹാരം തേടികൊണ്ട് അപേക്ഷയും സമർപ്പിച്ചിട്ടുണ്ടെങ്കിൽ മാത്രമേ ഗാർഹിക പീഢനത്തിലെ ഇരയ്ക്ക് ഗാർഹിക പീഢന ആക്റ്റിൻ കീഴിലുള്ള പരിഹാരം നൽകാൻ കുടുംബകോടതിയ്ക്ക് അധികാരിതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

10. **നീതു സിംഗ് vs സുനിൽ സിംഗ്** (2007 (4) കെ.എൽ.റ്റി ഓൺലൈൻ 1202 (ഛത്തിസ്ഗർ) : എ.ഐ.ആർ.2008 ഛത്തിസ്ഗർ 1)-ൽ ഗാർഹിക പീഢന ആക്റ്റിൻ കീഴിലുള്ള പരിഹാരങ്ങൾ കുടുംബകോടതി മുമ്പാകെയുള്ള നടപടിയിൽ ഭാര്യ തേടി. ക്ഷമതയുള്ള കോടതി മുമ്പാകെ ഫയൽ ചെയ്യുന്നതിനായി അപേക്ഷ തിരിച്ചു നൽകുന്നതിന് ഉത്തരവായി. ഇത് ഛത്തിസ്ഗർ ഹൈക്കോടതി മുമ്പാകെ ചോദ്യം ചെയ്യപ്പെട്ടു. 12 -ാം വകുപ്പിൻ കീഴിലുള്ള അപേക്ഷ ഫയൽ ചെയ്യുന്നതിനു പുറമേ, സിവിൽ കോടതിയിലോ ക്രിമിനൽ കോടതിയിലോ കുടുംബകോടതിയിലോ നിലനിൽക്കുന്ന ഒരു നിയമ നടപടിയിൽ 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻ കീഴിൽ ലഭ്യമായിട്ടുള്ള പരിഹാരങ്ങൾ തേടാൻ സങ്കടമനുഭവിക്കുന്ന വ്യക്തിയ്ക്ക് ഗാർഹിക പീഢന ആക്റ്റിന്റെ 26-ാം വകുപ്പിൻ കീഴിൽ ഒരു സ്വാതന്ത്ര്യമുള്ളതായി വിധിച്ചു. 12-ാം വകുപ്പിൻ കീഴിലെ ഒരു അപേക്ഷ

കുടുംബകോടതി മുമ്പാകെ ഫയൽ ചെയ്യാൻ സാധിക്കില്ല, എന്തുകൊണ്ടെന്നാൽ, ആക്റ്റിലെ പദ്ധതി പ്രകാരം, 2005 ആക്റ്റിലെ 12 -ാം വകുപ്പിൻ കീഴിലെ അപേക്ഷ ആ അപേക്ഷ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള മജിസ്ട്രേറ്റിന് മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

11. ഗാർഹിക പീഢന ആക്റ്റിലെ 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻ കീഴിൽ വിഭാവനം ചെയ്തിട്ടുള്ള പരിഹാരങ്ങൾ വ്യക്തിയ്ക്ക് ആവശ്യമാണെങ്കിൽ, ഗാർഹിക പീഢന ആക്റ്റിലെ 26-ാം വകുപ്പ്, സങ്കട മനുഭവിക്കുന്ന വ്യക്തിയ്ക്ക് ആക്റ്റിന്റെ 12-ാം വകുപ്പിൻ കീഴിൽ മജിസ്ട്രേറ്റിനെയോ കുടുംബ കോടതിയെയോ സമീപിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകാമോ എന്ന ചോദ്യം പരിഗണിക്കുകയുണ്ടായി. ഗാർഹിക പീഢന ആക്റ്റിലെ 12-ാം വകുപ്പ് മജിസ്ട്രേറ്റ് കോടതിയ്ക്ക് പ്രത്യേകമായ അധികാരങ്ങൾ നൽകുന്നെങ്കിലും സമാനമായ പരിഹാരങ്ങൾ കുടുംബ കോടതിയിലൂടെയും തേടാമെന്ന് 26-ാം വകുപ്പ് വിശദീകരിക്കുന്നതായി ഇവിടെ വിധിയ്ക്കുകയും, 12-ാം വകുപ്പിൻ കീഴിലുള്ള അപേക്ഷ മജിസ്ട്രേറ്റ് കോടതിയിൽ മാത്രമേ ഫയൽ ചെയ്യാൻ കഴിയുകയുള്ളൂവെന്നും അങ്ങനെയുള്ള ഒരു അധികാരം കുടുംബ കോടതിയ്ക്ക് നൽകിയിട്ടില്ലെന്നുമുള്ള വ്യത്യാസം ഇപ്രകാരം വ്യക്തമാകുന്നു.

12. **എം.എ.മണി VS ലീലാമ്മയും മറ്റൊരാളും** (മനു/കെ.എ/0242/2007 : 2007 (2) കെ.എൽ.റ്റി 432 : 2007 (2) കെ. എൽ ജെ 209)-ലും ഈ കോടതിയിലെ ഒരു വിദ്വാനായ സിംഗിൾ ജഡ്ജി വ്യത്യാസം വിശദീകരിച്ചിട്ടുണ്ട്. 7 (2) (ബി) വകുപ്പിൻ കീഴിൽ കുടുംബ കോടതി വസ്തുതകളുമായി ഇടപഴകാൻ അധികാരപ്പെട്ടിട്ടുണ്ടെങ്കിലും ആയത് മറ്റേതെങ്കിലും നിയമത്തിൻ കീഴിൽ കുടുംബ കോടതിയ്ക്ക് പരിഗണിയ്ക്കാൻ കഴിയുന്നതും, ഗാർഹിക പീഢന ആക്റ്റിലെ 12-ാം വകുപ്പിൻ കീഴിലുള്ള ഒരു അപേക്ഷ കൈകാര്യം ചെയ്യുവാൻ കുടുംബകോടതിയ്ക്ക് യാതൊരു അധികാരവും നിക്ഷിപ്തമാക്കിയിട്ടില്ല എന്നത് പ്രാധാന്യമർഹിക്കുന്നു. 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻകീഴിലെ പരിഹാരങ്ങൾ മറ്റേതെങ്കിലും നടപടിയിൽ കുടുംബകോടതി മുമ്പാകെ ആവശ്യപ്പെടാൻ കഴിയുന്നതും, ആയത്, 12-ാം വകുപ്പിൻ കീഴിലെ ഒരു ഹർജി കുടുംബകോടതിയ്ക്ക് പരിഗണിക്കുന്നതിനും തീർപ്പാക്കുന്നതിനും സാധിക്കും എന്ന തർക്കത്തിൽ നിന്നും വ്യത്യസ്തമാണ്. ഒരു സിവിൽ കോടതിയ്ക്കോ കുടുംബ കോടതിയ്ക്കോ ഗാർഹിക പീഢന ആക്റ്റിലെ 12-ാം വകുപ്പിൻ കീഴിലെ ഒരു അപേക്ഷയിൽ ഇടപെടുന്നതിനോ 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻ കീഴിലെ പരിഹാരങ്ങൾ നൽകുന്നതിനോ ക്ഷമതയുണ്ടെന്ന് വിദൂരത്തിലെങ്കിലും നിർദ്ദേശിക്കുന്ന യാതൊന്നും തന്നെ ഗാർഹിക പീഢന ആക്റ്റിന്റെ ഭാഷയിലോ വ്യവസ്ഥയിലോ അർത്ഥത്തിലോ ഇല്ല.

13. മേൽ കാഴ്ചപ്പാട് **അനീഷ് ആന്റെണി Vs നീന** (മനു/കെ ഇ/1448/2011: 2011 (3) കെ.എൽറ്റി 409)-ൽ പിന്തുടർന്നിട്ടുള്ളതും, അതിൽ, 26-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ, 'മജിസ്ട്രേറ്റിന്' കൂടാതെ, ഒരു സിവിൽ കോടതിയ്ക്കോ കുടുംബ കോടതിയ്ക്കോ ക്രിമിനൽ കോടതിയ്ക്കോ കൂടി ഗാർഹിക പീഢന ആക്റ്റിന്റെ 18 മുതൽ 22 വരെയുള്ള വകുപ്പിൻ കീഴിലെ പരിഹാരം നൽകുവാൻ അധികാരമുണ്ട് എന്ന് വിധിച്ചു. ആക്റ്റിൻ കീഴിലുള്ള അധികാരം വിനിയോഗിക്കുന്ന മജിസ്ട്രേറ്റിനെ ആക്റ്റിൻ കീഴിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള ചില പരിഹാരങ്ങൾ നൽകാൻ ചുമതലപ്പെടുത്തിയിട്ടുള്ള കുടുംബകോടതിയുമായോ സിവിൽ കോടതിയുമായോ തുല്യമാക്കാൻ ഉദ്ദേശിച്ചിട്ടില്ല. ചില പരിഹാരങ്ങൾ നൽകാൻ മറ്റു കോടതികളെ ചുമതലപ്പെടുത്തി എന്ന വസ്തുത കൊണ്ടുമാത്രം, മജിസ്ട്രേറ്റ് മുമ്പാകെ നിലനിൽക്കുന്ന നടപടികൾ ആ കോടതികളിലേക്ക് മാറ്റാൻ കഴിയുമെന്ന് അർത്ഥമാക്കുന്നില്ല. ആക്റ്റിൻ കീഴിലുള്ള അധികാരം വിനിയോഗിക്കുന്ന മജിസ്ട്രേറ്റ്, ഒരു ക്രിമിനൽ കോടതിയാണെന്ന് വിധിച്ചു. 29-ാം വകുപ്പിൽ നിന്നും ഇത് വ്യക്തമാകുന്നതും, ആയതിൽ മജിസ്ട്രേറ്റ് പുറപ്പെടുവിച്ചിട്ടുള്ള

ഉത്തരവിൽനിന്നുള്ള അപ്പീൽ സെഷൻസ് കോടതിയിലേ നിലനിൽക്കുകയുള്ളൂ എന്ന് പ്രസ്താവിച്ചിട്ടുമുണ്ട്.

14. എം.എ. മണിയുടെ കേസിലും (മുകളിലത്തെ) അനീഷ് ആന്റണിയുടെ കേസിലും (മുകളിലത്തെ) ഉൾപ്പെട്ട തത്വം, മദ്രാസ് ഹൈക്കോടതിയിലെ വിദ്വാനായ ഒരു സിംഗിൾ **ജഡ്ജി ക്യാപ്റ്റൻ സി.വി.എസ്സ്. രവി Vs മിസ്സിസ്സ്. രത്നാ സൈലജ** (2008 (3) കെഎൽറ്റി ഓൺലൈൻ 1102 (മദ്രാസ്) ക്രിമിനൽ ഒ.പി. നം. 17122/2008)-ലും പിൻതുടർന്നിട്ടുണ്ട്. കീഴ്‌വഴക്കങ്ങൾ അവലംബിച്ചു കൊണ്ട് ആക്റ്റിലെ 7 (2) (ബി) വകുപ്പിന്റെ കീഴിൽ മറ്റേതെങ്കിലും നിയമത്തിൻ കീഴിലെ വസ്തുതകൾ പരിഗണിക്കുതിനും കൈകാര്യം ചെയ്യുന്നതിനും കുടുംബ കോടതിയ്ക്ക് അധികാരമുണ്ടെങ്കിലും ഗാർഹികപീഢന ആക്റ്റിലെ 12-ാം വകുപ്പിൻ കീഴിലെ ഒരു അപേക്ഷ കൈകാര്യം ചെയ്യുന്നതിന് യാതൊരു അധികാരവും കുടുംബ കോടതിയിൽ നിക്ഷിപ്തമല്ലെന്നത് പ്രാധാന്യമർഹിക്കുന്നു എന്ന് വിദ്വാനായ സിംഗിൾ ജഡ്ജി വിധിച്ചു. ഒരു സിവിൽ കോടതിയ്ക്കോ കുടുംബകോടതിയ്ക്കോ ഗാർഹിക പീഢന ആക്റ്റിലെ 12 -ാം വകുപ്പിൻ കീഴിലെ ഒരു അപേക്ഷയിൽ ഇടപെടുന്നതിനോ 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻ കീഴിലെ പരിഹാരങ്ങൾ 12 -ാം വകുപ്പിൻ കീഴിലെ അങ്ങനെയുള്ള അപേക്ഷയിൽ നൽകുന്നതിനോ ക്ഷമതയുണ്ടെന്ന് വിദൂരത്തിലെങ്കിലും നിർദ്ദേശിക്കുന്ന യാതൊന്നും തന്നെ ഗാർഹിക പീഢന ആക്റ്റിന്റെ ഭാഷയിലോ വ്യവസ്ഥയിലോ അർത്ഥത്തിലോ ഇല്ല. തീർച്ചയായും, കുടുംബ കോടതിയ്ക്കും സിവിൽ കോടതിയ്ക്കും അതിന്റെ മുമ്പിൽ നിലനിൽക്കുന്ന നടപടിയിൽ ഗാർഹിക പീഢന ആക്റ്റിന്റെ 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻ കീഴിലും പരിഹാരങ്ങൾ നൽകുന്നതിന് അധികാരമുണ്ട്. ഉറപ്പായും, 12-ാം വകുപ്പിൻ കീഴിലെ ഒരു അപേക്ഷയിൽ ഇടപെടുന്നതിന് കുടുംബ കോടതിയ്ക്കോ സിവിൽ കോടതിയ്ക്കോ യാതൊരു അധികാരവുമില്ല.

15. 12-ാം വകുപ്പിൻ കീഴിലുള്ള ഒരു അപേക്ഷ ഒരു മജിസ്ട്രേറ്റിനു മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളെന്നും കുടുംബ കോടതിയ്ക്കോ സിവിൽ കോടതിയ്ക്കോ മറ്റേതെങ്കിലും കോടതിയ്ക്കോ പരിഗണിയ്ക്കാൻ കഴിയാത്തതും 18 മുതൽ 22 വരെ വകുപ്പുകളിൻ കീഴിൽ നൽകാൻ കഴിയുന്ന പരിഹാരങ്ങൾ തീർപ്പാക്കാത്ത തർക്കങ്ങൾ കൈകാര്യം ചെയ്യുമ്പോൾ മറ്റു കോടതികൾക്കും നൽകാൻ കഴിയുമെന്നതുമാണ് ഗാർഹിക പീഢന ആക്റ്റിലെ 26-ാം വകുപ്പിന്റെ ശരിയായ വ്യാഖ്യാനമെന്ന് ഈ തീരുമാനങ്ങൾ വ്യക്തമായി കാണിക്കുന്നു. ഇരു കോടതികൾക്കും സമവർത്തി അധികാരിത ഉണ്ടെന്ന് സ്ഥാപിക്കുന്നതിൽ വലിയ വ്യത്യാസമുള്ളതും, മറ്റൊരു കോടതിയ്ക്ക് നൽകാൻ കഴിയുന്ന പരിഹാരങ്ങൾ ഒരു കോടതിയ്ക്ക് നൽകാൻ കഴിയുന്നതുമാണ്. 26-ാം വകുപ്പ് വ്യക്തമാക്കുതെന്തെന്നാൽ, 18 മുതൽ 22 വരെ വകുപ്പുകളിൻ കീഴിലുള്ള പരിഹാരങ്ങൾ മറ്റു സിവിൽ കോടതികൾക്കും നൽകാൻ കഴിയുമെന്നതാണ്. 18 മുതൽ 22 വരെയുള്ള വകുപ്പുകളിൻ കീഴിലെ ഒരു പരിഹാരം മറ്റൊരു കോടതി നൽകുകയാണെങ്കിൽ, അത് അധികാര പരിധിയിലുള്ള മജിസ്ട്രേറ്റിനെ അറിയിക്കേണ്ടതാണെന്നും, മറ്റു കോടതികൾക്കു നൽകിയിട്ടുള്ള ഇരു അധികാരങ്ങളും സമവർത്തിയല്ലെന്നും ഗാർഹിക പീഢന ആക്റ്റിലെ 22 (3) വകുപ്പ് വ്യക്തമായും ഉറപ്പായും സ്പഷ്ടമാക്കുന്നു. അധികാര പരിധികളുടെ വ്യക്തമായ വ്യത്യാസത്തിന്റെ വെളിച്ചത്തിൽ, ഗാർഹിക പീഢന ആക്റ്റിലെ 12-ാം വകുപ്പിൻ കീഴിൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ നിലനിൽക്കുന്ന ഒരു കേസ് കുടുംബകോടതിയിലേക്ക് മാറ്റാൻ കഴിയുകയില്ല. മാത്രവുമല്ല അന്തിമ തീരുമാനത്തിൽ പാലിക്കേണ്ട നടപടികളും ഉത്തരവുകളുടെ നടപ്പാക്കലും അപ്പീലിന്റെ വ്യവസ്ഥകളും ഇരു കോടതികളിലും വ്യത്യസ്തമാണ്. ആയതുകൊണ്ട്, ഇവിടത്തെ ഹർജിക്കാർ ആവശ്യപ്പെട്ടിട്ടുള്ള പരിഹാരങ്ങൾ നൽകാൻ കഴിയുകയില്ല.

ഫലത്തിൽ, റിട്ട് ഹർജി പരാജയപ്പെടുകയും തള്ളുകയും ചെയ്തു.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് സി. ചിദംബരേഷ്

&

ബഹു. ജസ്റ്റിസ് സതീഷ് നൈനാൻ

റിയാ കെ. ആർ.

*Vs*

ആൽബിൻ വർഗ്ഗീസ്. വി.

മാട്രിമോണിയൽ അപ്പീൽ നം. 230/2018

2018 ഫെബ്രുവരി 23-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**പ്രത്യേക വിവാഹ നിയമത്തിലെ 25-ാം വകുപ്പിലെ (1)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ പ്രകാരം, എതിർകക്ഷിയുടെ മന:പൂർവ്വമായ വിസമ്മതംമൂലം വിവാഹം പൂർത്തിയായിട്ടില്ലായെങ്കിൽ വിവാഹം അസാധുവെന്ന് കരുതാവുന്നതും ഒരു അസാധുവാക്കൽ ഡിക്രി വഴി അസാധുവാക്കാൻ ബാദ്ധ്യസ്ഥവുമാണ്.**

വിധിന്യായം

**ജസ്റ്റിസ്. സതീഷ് നൈനാൻ**

1. വിവാഹ തീയതി മുതൽ ഒരു വർഷം കഴിഞ്ഞിട്ടില്ലാത്തതിനാൽ ഒരു അസാധുവാക്കൽ ഡിക്രിയാൽ വിവാഹം റദ്ദ് ചെയ്യണമെന്ന് ആരാഞ്ഞുകൊണ്ടുള്ള ഒരു ഒറിജിനൽ ഹർജി പ്രത്യേക വിവാഹ നിയമ (ചുരുക്കത്തിൽ "ആക്റ്റ്") ത്തിലെ 25 (1) വകുപ്പിൻ കീഴിൽ, പരിഗണിക്കാതെ കുടുംബ കോടതി നിരസിച്ചു.

2. കക്ഷികൾ ഇൻഡ്യൻ ക്രിസ്ത്യാനികളാണ്. അവരുടെ വിവാഹം 28-6-2017-ൽ ആക്റ്റിലെ വ്യവസ്ഥകളിൻ കീഴിൽ നടന്നിട്ടുളളതാണ്. വിവാഹ സമയം വാദിക്കും എതിർകക്ഷിക്കും യഥാക്രമം 20-ഉം 25-ഉം വയസ്സ് ഉണ്ടായിരുന്നു. വിവാഹം അവരുടെ മാതാപിതാക്കളുടെ സമ്മതത്തോടെയല്ലായിരുന്നു. വിവാഹശേഷം അവർ അവരുടെ മാതാപിതാക്കളോടൊപ്പം താമസം തുടർന്നു. മാതാപിതാക്കൾ അവരുടെ വിവാഹബന്ധം അംഗീകരിച്ചില്ല. എതിർകക്ഷി, ഹർജികക്ഷി/ അപ്പീൽവാദിയുമായുള്ള ബന്ധത്തിൽ നിന്നും വിട്ടുനിൽക്കുകയും വിവാഹം പൂർത്തീകരിക്കുന്നതിന് മന:പൂർവ്വം വിസമ്മതിക്കുകയും ചെയ്തു. അക്കാരണത്താൽ വിവാഹം റദ്ദ് ചെയ്യാൻ ഒറിജിനൽ ഹർജി ഫയൽ ചെയ്തു. എതിർകക്ഷി ഹാജരാകുകയും ഒറിജിനൽ ഹർജിയിലെ ആരോപണങ്ങൾ അംഗീകരിച്ചുകൊണ്ട് സത്യവാങ്മൂലം ഫയൽ ചെയ്യുകയും ചെയ്തു.

3. കുടുംബകോടതി, ആക്റ്റിലെ 29-ാം വകുപ്പിനെ അവലംബിച്ചുകൊണ്ട്, ഹർജി, വിവാഹ തീയതി മുതൽ ഒരു വർഷത്തിനകം ഫയൽ ചെയ്തു എന്ന കണ്ടെത്തലോടെ നിലനിൽക്കുന്നതല്ല എന്ന കാരണത്താൽ തള്ളി. ഞങ്ങൾക്ക് കീഴ്ക്കോടതിയോട് യോജിക്കാൻ സാധ്യമല്ല.

4. ആക്റ്റിലെ 29-ാം വകുപ്പ് ഇപ്രകാരം വായിക്കാം:

"29. വിവാഹത്തിന് ശേഷം ഒരു വർഷക്കാലയളവിൽ വിവാഹമോചനത്തിന് വേണ്ടിയുള്ള ഹർജിയിലെ നിയന്ത്രണം- (1) വിവാഹ സർട്ടിഫിക്കറ്റ് ബുക്കിൽ വിവാഹ സർട്ടിഫിക്കറ്റിന്റെ തീയതി രേഖപ്പെടുത്തിയതു മുതൽ ഒരു വർഷത്തിനകമുള്ള തീയതിയിൽ യാതൊരു വിവാഹമോചന ഹർജിയും ജില്ലാ കോടതിയിൽ സമർപ്പിക്കാൻ പാടില്ല.:

എന്നാൽ ജില്ലാ കോടതിക്ക്, അസാധാരണമായ കഷ്ടപ്പാടോ എതിർകക്ഷിയുടെ ഭാഗത്തു നിന്നും അസാധാരണമായ ദുഷ്ടതയോ അനുഭവിക്കുന്ന സംഗതിയിൽ ഹർജികക്ഷി ഇതിലേക്ക് അപേക്ഷ നൽകുന്ന പക്ഷം, ഹർജി ഒരു വർഷം തികയുന്നതിന് മുമ്പ് സമർപ്പിച്ചതാണെങ്കിലും അനുവദിക്കാവുന്നതും, എന്നാൽ, ഹർജി വാദിക്കുന്ന സമയത്ത് ഹർജികക്ഷി, ഹർജി സമർപ്പിക്കുവാനുള്ള അനുവാദം തേടിയത് ഏതെങ്കിലും വ്യാജപ്രസ്താവനയിലൂടെയോ അല്ലെങ്കിൽ കേസിന്റെ പ്രകൃതം മറച്ചുവച്ചോ ആണെന്നു ജില്ലാ കോടതിയ്ക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം, ജില്ലാകോടതി അപ്രകാരം ഒരു ഡിക്രി പുറപ്പെടുവിക്കുന്നപക്ഷം, വിവാഹ തീയതി മുതൽ ഒരു വർഷം കഴിയുന്നതു വരെ ഡിക്രിയ്ക്ക് യാതൊരു പ്രഭാവവും ഉണ്ടായിരിക്കില്ല എന്ന ഉപാധിയ്ക്ക് വിധേയമായോ പ്രസ്തുത ഒരു വർഷം തീരും മുമ്പ് കൊണ്ടുവരുന്ന അതേ പോലെയുള്ളതോ ഏകദേശം അതേ പോലെയുള്ള വസ്തുതയിന്മേലോ ഉള്ള ഹർജി തള്ളാവുന്നതും അപ്രകാരം തള്ളിയ ഹർജിയെ പിന്തുണക്കുന്നവയെ തെളിയിക്കേണ്ടതുമാണ്."

വകുപ്പിന്റെ ഒരു വായനയിൽ നിന്നും, ഒരു വർഷക്കാല നിയന്ത്രണം വിവാഹമോചനം ആവശ്യപ്പെട്ടുകൊണ്ടുള്ള നടപടിക്രമം ആരംഭിക്കുന്നതിന് മാത്രം ബാധകമാകുന്നു എന്ന് തെളിയുന്നു. ഒരു വിവാഹമോചനം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജിയും ആക്റ്റിലെ 25-ാം വകുപ്പിൻ കീഴിൽ അസാധുവാക്കൽ ഡിക്രി വഴി വിവാഹം അസ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെടുന്ന ഹർജിയും തമ്മിൽ അളവില്ലാത്ത വ്യത്യാസമുണ്ട്. ആക്റ്റിലെ 25-ാം വകുപ്പ് ഇങ്ങനെ വായിക്കാം:

"25. സാധുവല്ലാതാക്കാവുന്ന വിവാഹം- ഈ ആക്റ്റിൻ കീഴിൽ, യഥാവിധി നടന്ന ഏതെങ്കിലും വിവാഹം -

(i) വിവാഹ പൂർത്തീകരണത്തിന് എതിർകക്ഷിയുടെ മന:പൂർവ്വമായ വിസ്സമ്മതം മൂലം വിവാഹം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ; അല്ലെങ്കിൽ

(ii) എതിർകക്ഷി, ഹർജികക്ഷിയല്ലാതെ മറ്റേതെങ്കിലും വ്യക്തിയാൽ വിവാഹ സമയത്ത് ഗർഭിണിയായിരുന്നെങ്കിൽ; അല്ലെങ്കിൽ

(iii) വിവാഹത്തിന് രണ്ടിലേതെങ്കിലും കക്ഷിയുടെ സമ്മതം, 1872-ലെ ഇൻഡ്യൻ ഉടമ്പടി (1872-ലെ ix ) ആക്റ്റിൽ നിർവ്വചിച്ചിരിക്കുന്നതുപോലെ നിർബന്ധിച്ചോ അല്ലെങ്കിൽ വഞ്ചിച്ചോ നേടിയതാണെങ്കിൽ,

സാധുവല്ലാതാക്കാവുന്നതും ഒരു അസാധുവാക്കൽ ഡിക്രി വഴി അസാധുവാക്കാവുന്നതുമാണ്:

എന്നാൽ (ii)-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ചിരിക്കുന്ന സംഗതിയിൽ-

(എ) ആരോപിക്കപ്പെട്ട വസ്തുതകളെക്കുറിച്ച് ഹർജിക്കാരന് വിവാഹ സമയത്ത് അറിവില്ലായിരുന്നെന്നും;

(ബി) വിവാഹതീയതി മുതൽ ഒരു വർഷത്തിനുള്ളിൽ നടപടികൾ ആരംഭിച്ചിരുന്നു; കൂടാതെ

(സി) ഹർജിക്കാരന്റെ സമ്മതത്തോടുകൂടിയുള്ള വൈവാഹിക ബന്ധം ഒരു ഡിക്രിക്കുള്ള കാരണങ്ങൾ നിലനില്ക്കുന്നുവെന്ന ഹർജിക്കാരന്റെ കണ്ടെത്തലിനുശേഷം നടന്നിട്ടില്ലായെന്നും;

കോടതിയ്ക്ക് ബോധ്യപ്പെടുന്നപക്ഷം ഒരു ഡിക്രി അനുവദിക്കാൻ പാടില്ല:

എന്നുമാത്രമല്ല (iii)-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ച സംഗതിയിൽ -

(എ) അതത്സംഗതിപോലെ, ബലപ്രയോഗം അവസാനിച്ചതിനോ ചതി കണ്ടുപിടിച്ചതിനോ ശേഷം ഒരു വർഷത്തിനുള്ളിൽ നടപടികൾ ആരംഭിച്ചിട്ടില്ല; അല്ലെങ്കിൽ

(ബി) ഹർജികക്ഷി അയാളുടെയോ അവളുടെയോ സ്വതന്ത്ര സമ്മതത്തോടെ വിവാഹത്തിലെ മറ്റേ കക്ഷിയോടൊപ്പം ഭർത്താവും ഭാര്യയുമായി, അതത്സംഗതിപോലെ, ബലപ്രയോഗം അവസാനിച്ചതിനോ ചതി കണ്ടുപിടിച്ചതിനോ ശേഷം ജീവിച്ചിട്ടുണ്ടെങ്കിൽ, കോടതി ഒരു ഡിക്രി നൽകാൻ പാടില്ല".

25-ാം വകുപ്പിലെ (1)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ പ്രകാരം, എതിർകക്ഷിയുടെ മന:പൂർവ്വമായ വിസമ്മതംമൂലം വിവാഹം പൂർത്തിയായിട്ടില്ലായെങ്കിൽ വിവാഹം അസാധുവെന്ന് കരുതാവുന്നതും ഒരു അസാധുവാക്കൽ ഡിക്രി വഴി അസാധുവാക്കാൻ ബാദ്ധ്യസ്ഥവുമാണ്. 25-ാം വകുപ്പിലെ ക്ലിപ്ത നിബന്ധനയുടെ ഒരു വായന, (ii)-ാം ഉപ-ഖണ്ഡം ബാധകമാകുന്ന സംഗതികളിൽ, വിവാഹ തീയതി മുതൽ ഒരു വർഷകാലത്തിനുള്ളിൽ നടപടി ആരംഭിക്കേണ്ടതാണെന്ന് കൂടുതലായി ചൂണ്ടിക്കാണിക്കുന്നു. അതിനാൽ, പ്രത്യക്ഷമായി, കുടുംബ കോടതിയുടെ വിചിന്തനം ശരിയല്ല. വിവാഹം മുതൽ ഒരു വർഷത്തിനകം വിവാഹ മോചനത്തിനുള്ള ഒരു ഹർജി ഫയൽ ചെയ്യുന്നത് നിരോധിച്ചുകൊണ്ടുള്ള 29-ാം വകുപ്പിൻ കീഴിലെ നിയന്ത്രണം, ബാധകമാകുന്നത് 27-ാം വകുപ്പിൻ കീഴിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കാരണങ്ങളാൽ വിവാഹമോചനത്തിനായുള്ള ഒരു ഡിക്രിയാൽ ഒരു വിവാഹം വേർപിരിക്കുന്നതിന് ആവശ്യപ്പെടുന്ന സംഗതികളിൽ മാത്രം ബാധകമാകുന്നതാണ്. വിവാഹമോചനത്തിന് വേണ്ടിയുള്ള ഒരു ഒറിജിനൽ ഹർജി, ഒരു വിവാഹം, അത് അസാധുവല്ലെന്നോ സാധുവല്ലാതാക്കാവുന്നതല്ലെന്നോ മുൻകൂട്ടി നിശ്ചയിക്കുന്നതാണ്. ആക്റ്റിലെ 25-ാം വകുപ്പ് സാധുവല്ലാതാക്കാവുന്ന വിവാഹങ്ങളെകുറിച്ച് പ്രതിപാദിക്കുന്നു. യാദൃശ്ചികമായി, ആക്റ്റിലെ 24-ാം വകുപ്പ് പരിശോധിക്കുന്നത് ഇവിടെ ഉചിതമാണ്, ആയത് അസാധുവായ വിവാഹങ്ങളെകുറിച്ച് പരാമർശിക്കുന്നു.

"24. അസാധുവായ വിവാഹങ്ങൾ - (1) ഈ ആക്റ്റിൻ കീഴിൽ നടന്ന ഏതെങ്കിലും വിവാഹം-

(i) 4-ാം വകുപ്പിലെ (എ) (ബി) (സി) കൂടാതെ (ഡി) ഖണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള ഏതെങ്കിലും ഉപാധികൾ നിറവേറ്റിയിട്ടില്ലെങ്കിൽ;

(ii) എതിർകക്ഷി വിവാഹ സമയത്തും കേസ് ഫയൽ ചെയ്യുന്ന സമയത്തും ഷണ്ഡനാണെങ്കിൽ,

നിയമപരമായി നിലനില്ക്കാത്തതും എന്നാൽ അതിലെ ഏതെങ്കിലും കക്ഷി മറ്റേ കക്ഷിക്ക് എതിരെ ഹർജി സമർപ്പിക്കുമ്പോൾ ഒരു റദ്ദാക്കൽ ഡിക്രി വഴി അപ്രകാരം അങ്ങനെയെങ്കിൽ പ്രഖ്യാപിക്കുന്നതാണ്.

(2) ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും, ഈ ആക്റ്റിലെ 18-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ യഥാവിധി നടത്തിയിട്ടുള്ള വിവാഹത്തിന് ബാധകമല്ലാത്തതും, എന്നാൽ, III-ാം അദ്ധ്യായത്തിൻ കീഴിലെ അങ്ങനെയുള്ള ഏതെങ്കിലും വിവാഹത്തിന്റെ രജിസ്ട്രേഷൻ 15-ാം വകുപ്പിന്റെ (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ഏതെങ്കിലും വ്യവസ്ഥ

കൾക്ക് വിരുദ്ധമായിട്ടാണ് രജിസ്ട്രേഷനെങ്കിൽ യാതൊരു പ്രഭാവവുമില്ലെന്നു പ്രഖ്യാപിക്കാവുന്നതാണ്:

എന്നാൽ ഏതെങ്കിലും കേസിൽ അങ്ങനെയുള്ള പ്രഖ്യാപനം ഉണ്ടാകാത്തിടത്തും 17-ാം വകുപ്പിൻ കീഴിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളിടത്തും ജില്ലാ കോടതിയുടെ തീരുമാനം അന്തിമമാകുന്നുതുമാണ്."

അങ്ങനെയുള്ള കേസുകളിൽ വിവാഹം റദ്ദാക്കികൊണ്ടുള്ള പ്രഖ്യാപനത്തിനായി ഹർജി ഫയൽ ചെയ്യാവുന്നതാണ്. കൂടാതെ ആക്റ്റിലെ 27-ാം വകുപ്പിൻകീഴിലെ ഏതെങ്കിലും കാരണത്തിൻകീഴിൽ വിവാഹമോചനം ആവശ്യപ്പെട്ട കേസല്ലാത്തതിനാൽ ആക്റ്റിലെ 29-ാം വകുപ്പിന്റെ കർശനതത്വത്തിൽ ഇത് വരില്ല.

5. മൊത്തത്തിൽ പറയുമ്പോൾ, വിവാഹത്തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ വിവാഹ മോചനത്തിനുള്ള ഒരു ഹർജി പരിഗണിക്കുന്നതിനുള്ള ആക്റ്റിന്റെ 29-ാം വകുപ്പിലെ നിയന്ത്രണം, ആക്റ്റിലെ 24-ാം വകുപ്പിൻ കീഴിൽ വിവാഹം അസാധുവാക്കുന്നതിനുള്ള ഒരു പ്രഖ്യാപനത്തിന് വേണ്ടിയുള്ള ഒരു ഹർജിയ്ക്കോ ആക്റ്റിന്റെ 25-ാം വകുപ്പിൻ കീഴിൽ വിവാഹം അസാധുവാക്കിയ ഡിക്രി വഴി വിവാഹം സാധുതയില്ലാതാക്കുന്നതിനുള്ള ഹർജിയ്ക്കോ ബാധകമല്ല.

6. ഇപ്പോൾ വസ്തുതാപരമായ ഉത്ഭവസ്ഥാനത്ത് വരുമ്പോൾ, എതിർകക്ഷിയുടെ ഭാഗത്ത് നിന്നുള്ള മന:പൂർവ്വമായ വിസമ്മതം മൂലം വിവാഹ പൂർത്തീകരണം നടന്നിട്ടില്ലായെന്നുള്ള ഒറിജിനൽ ഹർജിയിലെ ആരോപണങ്ങൾ എതിർപ്പില്ലാതെ നിലകൊള്ളുന്നതും അംഗീകരിക്കപ്പെടുന്നതുമാണ്. വിവാഹ തീയതിയിൽ ഹർജികക്ഷിക്ക് 20 വയസ്സ് മാത്രവും എതിർകക്ഷിക്ക് 25 വയസ്സുമായിരുന്നു. മാതാപിതാക്കളുടെ സമ്മതമില്ലാതെയാണ് വിവാഹം നടന്നത്. മാതാപിതാക്കളുടെ ഭാഗത്ത് നിന്നും ബന്ധം അംഗീകരിക്കാനുള്ള നിരാകരണത്തിന്റെ അനന്തരഫലമായി എതിർകക്ഷിയുടെ ഭാഗത്തു നിന്നും വിവാഹ പൂർത്തീകരണത്തിന് മന:പൂർവ്വമായ വിസമ്മതം ഉണ്ടായിരുന്നുവെന്ന ഹർജികക്ഷിയുടെ ഭാഷ്യം അവിശ്വസിക്കാൻ കാരണമില്ല. എതിർകക്ഷി ഹർജിയിലെ ആരോപണങ്ങൾ ഒരു സത്യവാങ്മൂലം മുഖേന സമ്മതിച്ചു. ഞങ്ങൾ ഒറിജിനൽ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ള നിവൃത്തികൾ നിരാകരിക്കാൻ കാരണം കാണുന്നില്ല.

ഫലത്തിൽ, അപ്പീൽ അനുവദിച്ചു. ചോദ്യം ചെയ്യപ്പെട്ട വിധിന്യായം അസ്ഥിരപ്പെടുത്തുകയും ഒ.പി. നമ്പർ 2438/17 അനുവദിക്കുകയും ചെയ്യുന്നു. ഹർജികക്ഷിയും എതിർകക്ഷിയും തമ്മിൽ 28-06-2017-ൽ നടന്ന വിവാഹം ഒരു അസാധുവാക്കൽ ഡിക്രി വഴി അസ്ഥിരപ്പെടുത്തുന്നു.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് പി. ഉബൈദ്

ക്രിമിനൽ റിവിഷൻ പെറ്റിഷൻ നം. 1039/2010

സുരേഷ്

*Vs*

സ്റ്റേറ്റ് ഓഫ് കേരള

ക്രിമിനൽ റിവിഷൻ പെറ്റീഷൻ നം. 1039/2010

2018 ജൂലൈ 19-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**സിനിമോട്ടോഗ്രാഫിക് ആക്റ്റിലെ 5-ാം വകുപ്പിലെ ക്ലിപ്തനിബന്ധനയുടെ സംരക്ഷണത്തിന്റെ അവകാശവാദത്തിൽ, ആക്ഷേപാർഹമായ ഭാഗം സർട്ടിഫൈഡ് ഫിലിമിന്റെ ഭാഗമാണോ എന്ന് തീരുമാനിക്കുന്നതിന് മുഴുവൻ ഫിലിമും പൂർണ്ണമായി പരിശോധിക്കുകയും കാണുകയും വേണം. അശ്ലീല സീനുകൾ ഉൾക്കൊള്ളുന്ന ആക്ഷേപാർഹമായ ഭാഗം യഥാർത്ഥത്തിൽ മുഖ്യ ഫിലിമിന്റെ ഭാഗമാണോ അല്ലയോ എന്ന് അപ്പോൾ മാത്രമേ തിരിച്ചറിയാനോ പറയാനോ സാധിക്കുകയുള്ളൂ. അശ്ലീല സീനുകൾ ഉൾക്കൊള്ളുന്ന ആക്ഷേപാർഹമായ ഭാഗം യഥാർത്ഥത്തിൽ സർട്ടിഫൈഡ് ഫിലിമിന്റെ ഭാഗമല്ലെന്നോ യഥാർത്ഥത്തിൽ ഒരു കൂട്ടിച്ചേർക്കലാണെന്നോ തെളിയിക്കപ്പെടുന്ന പക്ഷം, ക്ലിപ്ത നിബന്ധനയുടെ സംരക്ഷണം പ്രദർശകന് കിട്ടുകയില്ല.**

### വിധിന്യായം

ജസ്റ്റീസ് പി. ഉബൈദ്

ഇതിൽ റിവിഷൻ ഹർജിക്കാർ, പട്ടാമ്പി, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ സി.സി. നം.397/2004-ൽ അവർക്കെതിരെയുള്ള കുറ്റസ്ഥാപത്തിനേയും ശിക്ഷയേയുമാണ് എതിർക്കുന്നത്. ഒന്നാം റിവിഷൻ ഹർജിക്കാരൻ ഒരു ഫിലിം പ്രദർശകന്റെ മാനേജറും രണ്ടാം റിവിഷൻ ഹർജിക്കാരൻ അയാളുടെ ഓപ്പറേറ്ററുമാണ്. ചില രഹസ്യ അറിവിന്റെ അടിസ്ഥാനത്തിൽ, 7-2-2002 ഉച്ചയ്ക്ക് ഏതാണ്ട് 12 മണിയോട് കൂടി "മതിലകം സൈൻ മൂവീസ്" എന്ന പേരുള്ള തീയേറ്ററിൽ "മയങ്ങുന്ന മനസ്സ്" എന്ന ഫിലിം പ്രദർശിപ്പിച്ചു കൊണ്ടിരുന്നപ്പോൾ പട്ടാമ്പി സബ്-ഇൻസ്പെക്ടർ ഓഫ് പോലീസ് ഒരു പരിശോധന നടത്തി. ഏതാനും അശ്ലീലവും നഗ്നവുമായ സീനുകൾ സിനിമയുടെ ഭാഗമായി പ്രദർശിപ്പിച്ചിട്ടുള്ളത് കണ്ടുകൊണ്ട്, സബ് ഇൻസ്പെക്ടർ ഫിലിം പ്രദർശനം അവിടെ നിർത്തുകയും, പ്രധാന ഫിലിമിന്റെ ഇടയിൽ ചേർത്തിട്ടുള്ള ഫിലിമിന്റെ ആക്ഷേപാർഹമായ ഭാഗം പിടിച്ചെടുക്കുകയും ചെയ്തു. അയാളിൽ നിന്നും പിടിച്ചെടുത്ത ആക്ഷേപാർഹമായ ഫിലിം കോടതിയിൽ ഹാജരാക്കി. അന്വേഷണത്തിനുശേഷം രണ്ടു പ്രതികൾക്കുമെതിരെ, പോലീസ്, ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 292 (2) (എ) വകുപ്പിനും സിനിമാട്ടോഗ്രാഫ് ആക്റ്റിന്റെ 7 (എ) (i) ഉം

(ii) (ചുരുക്കത്തിൽ "ആക്റ്റ്") വകുപ്പിനും കീഴിൽ പട്ടാമ്പി ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. രണ്ടു പ്രതികളും വിദ്വാനായ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാകുകയും അവർക്കെതിരെ ചമച്ചിട്ടുള്ള കുറ്റത്തിൽ കുറ്റക്കാരല്ലെന്നു ബോധിപ്പിക്കുകയും ചെയ്തു. വിചാരണക്കോടതിയിൽ പ്രോസിക്യൂഷൻ ഒൻപത് സാക്ഷികളെ വിസ്തരിക്കുകയും എക്സിബിറ്റ്സ് പി1 മുതൽ പി 8 വരെയുള്ള രേഖകൾ തെളിയിക്കുകയും ചെയ്തു. അശ്ലീല സീനുകൾ ഉൾക്കൊള്ളുന്ന 8 മിനിട്ടുകൾ ചുരുക്ക ദൈർഘ്യമുള്ള എം.ഓ 1 ഫിലിം സ്പൂളും വിചാരണവേളയിൽ തിരിച്ചറിഞ്ഞു.

2. ക്രിമിനൽ നടപടി നിയമ സംഹിതയുടെ 313-ാം വകുപ്പിൻ കീഴിൽ വിസ്തരിച്ചപ്പോൾ, രണ്ടു പ്രതികളും കുറ്റം ചുമത്തിയിട്ടുള്ള സാഹചര്യങ്ങൾ നിഷേധിച്ചു. അവർ എതിർവാദത്തിൽ യാതൊരു തെളിവും ഹാജരാക്കിയില്ല.

3. തെളിവിന്റെ ഒരു വിവേചിച്ചറിയലിൽ കോടതി രണ്ടുപേരും കുറ്റക്കാരാണെന്ന് കണ്ടെത്തി. കുറ്റസ്ഥാപനത്തിനു ശേഷം ആക്റ്റിലെ 7 (എ) (i) ഉം (ii) ഉം വകുപ്പിൻ കീഴിൽ ആറുമാസം വെറും തടവ് അനുഭവിക്കുന്നതിന് ശിക്ഷിച്ചു. ഇൻഡ്യൻ ശിക്ഷാ നിയമത്തിന്റെ 292 (2) (എ) വകുപ്പിൻ കീഴിലെ യാതൊരു പ്രത്യേക ശിക്ഷയും ചുമത്തിയിട്ടില്ല.

4. 17-9-2008 തീയതിയിലെ കുറ്റസ്ഥാപന വിധിയിൽ സങ്കടപ്പെട്ടുകൊണ്ട് പ്രതി ക്രിമിനൽ അപ്പീൽ നം. 602/2008 പാലക്കാട് സെഷൻസ് കോടതിയെ മുമ്പാകെ സമർപ്പിച്ചു. അപ്പീലിൽ, അഡീഷണൽ സെഷൻസ് ജഡ്ജ് (അഡ്ഹോക് II), കുറ്റസ്ഥാപനവും ശിക്ഷയും ശരിവയ്ക്കുകയും തദനുസൃതമായി അപ്പീൽ തള്ളുകയും ചെയ്തു. ഇപ്പോൾ കുറ്റസ്ഥാപനത്തിന്റെയും ശിക്ഷയുടേയും നിയമ സാധുത്വവും ഔചിത്യവും ചോദ്യം ചെയ്തു കൊണ്ട് രണ്ട് പ്രതികളും ഈ കോടതിയിൽ റിവിഷൻ സമർപ്പിച്ചിരിക്കുന്നു.

5. ഇരു ഭാഗവും കേൾക്കുകയും മുഴുവൻ വസ്തുതകളും പരിശോധിക്കുകയും ചെയ്തതിൽ ആക്റ്റിന്റെ 7 (എ) (i)ഉം (ii)ഉം വകുപ്പിൻ കീഴിലുള്ള ഈ കേസിലെ കുറ്റസ്ഥാപനം നിലനില്ക്കുന്നതല്ലെന്ന് ഞാൻ കണ്ടെത്തുന്നു. തിയേറ്ററിൽ നിന്നും പോലീസ് പിടിച്ചെടുത്ത 8 മിനിട്ടുകൾ ദൈർഘ്യമുള്ള ഒരു ഫിലിം സ്പൂളിനെ സംബന്ധിച്ചുള്ളതാണ് പ്രധാന തർക്കം. ഒരു സവിശേഷ ഫിലിം പ്രദർശിപ്പിച്ചുകൊണ്ടിരുന്നപ്പോൾ സബ് ഇൻസ്പെക്ടർ അവിടെ പരിശോധന നടത്തി. സർട്ടിഫൈ ചെയ്ത ഫിലിമിൽ അശ്ലീല രംഗങ്ങൾ അടങ്ങുന്ന ഒരു ഫിലിം സ്പൂൾ കൂട്ടിച്ചേർത്തതായി കണ്ടു എന്നാണ് പ്രോസിക്യൂഷൻ കേസ്.

6. റിവിഷൻ ഹർജിക്കാർ, ആക്റ്റിന്റെ 5 എ യിലെ ക്ലിപ്ത നിബന്ധനയിലുള്ള സംരക്ഷണം അവകാശപ്പെട്ടു. ആക്റ്റിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള ബോർഡ്, സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷിച്ചിട്ടുള്ള ഫിലിം പരിശോധിക്കേണ്ടതും ആക്ഷേപാർഹമായ യാതൊരു വസ്തുതയും കണ്ടെത്താത്ത പക്ഷം, ബോർഡ്, ഉചിതമായി സർട്ടിഫിക്കറ്റ് നൽകാവുന്നതാണ് എന്ന് ആക്റ്റിലെ 5 എ വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ആക്റ്റിലെ 5 എ വകുപ്പിൻ കീഴിൽ വിഭിന്നമായ വിഭാഗങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. ഫിലിമിന്റെ ഉള്ളടക്കങ്ങളെയും ബോർഡ് നടത്തിയിട്ടുള്ള സ്ക്രീനിംഗിന്റെ ഫലത്തെയും ആശ്രയിച്ച് ബോർഡിന് 'യു' സർട്ടിഫിക്കറ്റോ 'യു എ' സർട്ടിഫിക്കറ്റോ 'എ' സർട്ടിഫിക്കറ്റോ 'എസ്സ്' സർട്ടിഫിക്കറ്റോ നൽകാൻ കഴിയും. ഏതുവിധത്തിലായാലും, സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പ് ഫിലിം മുഴുവനും ബോർഡ് പരിശോധിക്കേണ്ടതാണ്. ഒരു സിനിമാ ഫിലിം ആയിരിക്കെ, ഇതിൽ വ്യത്യസ്തങ്ങളായ സീനുകൾ ഉൾപ്പെടുന്നതും ചില കേസുകളിൽ അശ്ലീലകരവും ആക്ഷേപാർഹവുമായ സീനുകൾ പോലും ഉണ്ടാകും. സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള അപേക്ഷയിൽ മുഴുവൻ ഫിലിമും പരിശോധിക്കുകയും ഉചിതമായ തീരുമാനം എടുക്കേണ്ടതും

ബോർഡിന്റെ ചുമതലയാണ്. സർട്ടിഫിക്കറ്റിനുള്ള അപേക്ഷകനോ, ഏതെങ്കിലും വിതരണക്കാരനോ പ്രദർശകനോ ഫിലിമിന്റെ അവകാശം കൈമാറിയിട്ടുള്ള മറ്റേതെങ്കിലും വ്യക്തിയോ വകുപ്പിലെ (എ) യോ (ബി) യോ ഖണ്ഡത്തിൻ കീഴിൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള ഫിലിമിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും വസ്തുതകൾക്ക് അശ്ലീലവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമത്തിൻ കീഴിൽ ശിക്ഷിക്കാൻ ബാദ്ധ്യസ്ഥനല്ലെന്ന് ആക്റ്റിലെ 5 എ വകുപ്പിലെ ക്ലിപ്ത നിബന്ധന വ്യവസ്ഥ ചെയ്യുന്നു. പ്രതിയ്ക്ക് 'മയങ്ങുന്ന മനസ്സ്' എന്ന ഫിലിമിനു വേണ്ടി ഒരു സർട്ടിഫിക്കറ്റ് കിട്ടിയിട്ടുള്ള ഒരു കേസാണിത്. ഈ സംഗതിയിൽ യാതൊരു തർക്കവുമില്ല. പോലീസ് പിടിച്ചെടുത്തിട്ടുള്ള ആക്ഷേപകരമായ സ്പൂൾ സർട്ടിഫൈഡ് ഫിലിമിന്റെ ഭാഗമാണോ അതോ ഇതൊരു കൂട്ടിച്ചേർക്കലാണോ എന്നതു മാത്രമാണ് തർക്കം.

7. ആക്ഷേപാർഹമായ ഭാഗം ഒരു പ്രത്യേക അശ്ലീല ഭാഗമാണോ അതോ ഒരു സർട്ടിഫൈഡ് ഫിലിമിന്റെ ഭാഗമാണോ എന്നു തീരുമാനിക്കുന്നതിന് കോടതി ഫിലിം മുഴുവനും കാണേണ്ടതും പരിശോധിക്കേണ്ടതും ഈ ആവശ്യത്തിലേക്കായി ഫിലിം മുഴുവനും കോടതിയിൽ ഹാജരാക്കേണ്ടതാണെന്നുമുള്ള തർക്കമാണ് റിവിഷൻ ഹർജിക്കാർ ഉയർത്തിയത്. ആക്ഷേപാർഹമായ ഒരു അശ്ലീല ഫിലിം ഒരു സർട്ടിഫൈഡ് ഫിലിമിന്റെ ഭാഗമാണോ അല്ലയോ എന്നു തീരുമാനിക്കുന്നതിന് തിയേറ്ററിൽ ഒരു സവിശേഷ പ്രദർശനാ വേളയിൽ പ്രദർശിപ്പിച്ചിട്ടുള്ള മുഴുവൻ സിനിമയും പിടിച്ചെടുക്കേണ്ടതും പരിശോധിക്കേണ്ടതും, ആക്ഷേപാർഹമായ സീനോ ഭാഗമോ മാത്രം സെൻസേർഡ് ഫിലിമിൽ നിന്നും വിച്ഛേദിച്ചതിനു ശേഷം ഹാജരാക്കുന്നതും പര്യാപ്തമല്ലെന്നും രാജ്കപൂർ vs ലക്ഷ്മൺ (1980 കെ എച്ച് സി 620): (1980 ക്രി. ലോജേർണൽ 436) അനുഗമിച്ചുകൊണ്ട് രാമകൃഷ്ണൻ vs സ്റ്റേറ്റ് ഓഫ് കേരള [2002 (3) കെ എൽ റ്റി 118] ലെ ഈ കോടതിയുടെ അടിയുറച്ച അഭിപ്രായം അവർ അവലംബിച്ചു.

8. പോലീസ് ഫിലിം പൂർണ്ണമായും പിടിച്ചെടുത്തില്ലെന്നുള്ളത് ഈ കേസിലെ ഒരു അംഗീകരിക്കപ്പെട്ട വസ്തുതയാണ്. 8 മിനിട്ടുകൾ ദൈർഘ്യമുള്ള ഒരു പ്രത്യേകമായ ഒരു സ്പൂൾ മാത്രം പിടിച്ചെടുത്തിട്ടുള്ളതും അതിനെ കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ് വിചാരണ വേളയിൽ, ഇത് എം ഒ1 ആയി തിരിച്ചറിഞ്ഞിട്ടുള്ളതാണ്. വിദ്വാനായ മജിസ്ട്രേറ്റ് "മയങ്ങുന്ന മനസ്സ്" എന്ന മുഴുവൻ സിനിമയുടേയും മാസ്റ്റർ വീഡിയോ കാസറ്റ് കാണുന്നതിനും ആക്ഷേപാർഹമായ ഫിലിം ഇതിന്റെ ഭാഗമാണോ അല്ലയോ എന്നൊരു റിപ്പോർട്ട് നൽകുന്നതിനും ഒരു റവന്യൂ തഹസീൽദാറോട് നിർദ്ദേശിച്ചിരുന്നു. തഹസിൽദാർ ആക്ഷേപാർഹമായ ഫിലിം കാണുകയും പരിശോധിക്കുകയും അതിൽ അശ്ലീല സീനുകൾ അടങ്ങുന്നതായി ഒരു റിപ്പോർട്ട് കോടതിയ്ക്ക് സമർപ്പിക്കുകയും ചെയ്തു. വിചാരണ വേളയിൽ തഹസീൽദാരെ പി ഡബ്ല്യു 5 ആയി വിസ്തരിച്ചിരുന്നു.

9. പി ഡബ്ല്യു 5 നൽകിയിട്ടുള്ള തെളിവുകൾ പരിശോധിച്ചതിൽ മാസ്റ്റർ ഫിലിമിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ സീനുകളും തഹസീൽദാർ കാണുകയോ പരിശോധിക്കുകയോ ചെയ്തിട്ടില്ലെന്നു ഞാൻ കണ്ടെത്തിയിട്ടുള്ളതും അയാളുടെ റിപ്പോർട്ട്, എംഒ 1-ആയി തിരിച്ചറിഞ്ഞിട്ടുള്ള ആക്ഷേപാർഹമായ സ്പൂളിൽ അയാൾ കണ്ടതിനെ സംബന്ധിച്ചുള്ളത് മാത്രമാണ്. അയാൾ ഫിലിം സ്പൂൾ കണ്ടപ്പോൾ അതിൽ അശ്ലീല രംഗങ്ങൾ അയാൾക്ക് കണ്ടെത്താൻ കഴിഞ്ഞു എന്നാണ് അയാളുടെ തെളിവ്. മാസ്റ്റർ വീഡിയോ കാസറ്റിലെ ഫിലിമിന്റെ മറ്റു ഭാഗങ്ങളുമായി ആക്ഷേപാർഹമായ സ്പൂൾ അയാൾ താരതമ്യം ചെയ്തിട്ടുള്ളതായോ ആക്ഷേപാർഹമായ സ്പൂൾ ഇതിന്റെ ഭാഗമാണോ അല്ലെങ്കിൽ പ്രത്യേക ഒരു ഫിലിമാണോ എന്ന യാതൊരു കേസും അയാൾക്കില്ല.

10. ആക്റ്റിലെ 5-ാം വകുപ്പിലെ ക്ലിപ്ത നിബന്ധനയുടെ സംരക്ഷണത്തിന്റെ അവകാശ വാദത്തിൽ, ആക്ഷേപാർഹമായ ഭാഗം സർട്ടി

ഫൈഡ് ഫിലിമിന്റെ ഭാഗമാണോ എന്നു തീരുമാനിക്കുന്നതിന് മുഴുവൻ ഫിലിമും പൂർണ്ണമായി പരിശോധിക്കുകയും കാണുകയും വേണം. അശ്ലീല സീനുകൾ ഉൾക്കൊള്ളുന്ന ആക്ഷേപാർഹമായ ഭാഗം യഥാർത്ഥത്തിൽ മുഖ്യ ഫിലിമിന്റെ ഭാഗമാണോ അല്ലയോ എന്ന് അപ്പോൾ മാത്രമേ തിരിച്ചറിയാനോ പറയാനോ സാധിക്കുകയുള്ളൂ. അശ്ലീല സീനുകൾ ഉൾക്കൊള്ളുന്ന ആക്ഷേപാർഹമായ ഭാഗം യഥാർത്ഥത്തിൽ സർട്ടിഫൈഡ് ഫിലിമിന്റെ ഭാഗമല്ലെന്നോ യഥാർത്ഥത്തിൽ ഒരു കൂട്ടിച്ചേർക്കലാണെന്നോ തെളിയിക്കപ്പെടുന്നപക്ഷം, ക്ലിപ്തം നിബന്ധനയുടെ സംരക്ഷണം പ്രദർശകനു കിട്ടുകയില്ല. ഈ കേസിൽ പ്രതി കുറ്റക്കാരനാണെന്നു കണ്ടെത്തുന്നതിന് അശ്ലീല സീനുകൾ ഉൾപ്പെടുത്തിയിട്ടുള്ള എം.ഒ.1 ഫിലിം സർട്ടിഫൈഡ് ഫിലിമിൽ കൂട്ടിച്ചേർത്തതായി കാണിക്കുന്ന തെളിവുണ്ടാകണം. എന്നാൽ, ഈ വീക്ഷണം തെളിയിക്കുന്നതിന് യാതൊരു തെളിവുമില്ല. ആക്ഷേപാർഹമായ ഫിലിം ഉൾപ്പെടെ മുഴുവൻ ഫിലിമും പരിശോധിക്കാൻ കോടതി റവന്യൂ തഹസീൽദാരോടു നിർദ്ദേശിച്ചിരുന്നെങ്കിലും അയാൾ അതു ചെയ്തില്ല. പകരം, അയാൾ എം.ഒ.1 ഫിലിം സ്പൂൾ മാത്രം കാണുകയും അതിൽ അശ്ലീല സീനുകൾ ഉള്ളതായി ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തീർച്ചയായും, ആക്ഷേപാർഹമായ സ്പൂളോ സിനിമയുടെ ഭാഗമോ യഥാർത്ഥത്തിൽ ആക്റ്റിൻ കീഴിലെ സർട്ടിഫൈഡ് ഫിലിമിന്റെ ഭാഗമല്ലെങ്കിൽ, പ്രദർശകനെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 292 (2) (എ) വകുപ്പിൽ കീഴിൽ പ്രോസിക്യൂട്ട് ചെയ്യാമെന്നുള്ളത് ശരിയാണ്. കേസിൽ ഹാജരാക്കിയിട്ടുള്ള ആക്ഷേപാർഹമായ സ്പൂൾ സർട്ടിഫൈഡ് ഫിലിമിന്റെ ഭാഗമല്ലെന്നോ അതിന് സർട്ടിഫൈഡ് ഫിലിമുമായി യാതൊരു ബന്ധവുമില്ലെന്നോ തെളിയിക്കുകയാണെങ്കിൽ മാത്രം ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 292 (2) (എ) വകുപ്പിൻ കീഴിൽ പോലും പ്രതിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിനും ശിക്ഷിക്കുന്നതിനും കഴിയും. ഈ വീക്ഷണം തീരുമാനിക്കുന്നതിന് മുഴുവൻ ഫിലിമും കാണേണ്ടതും പരിശോധിക്കേണ്ടതുമാണ്. മുഴുവൻ ഫിലിമും കാണുകയോ പരിശോധിക്കുകയോ ആക്ഷേപാർഹമായ ഭാഗത്തെ മറ്റു ഭാഗങ്ങളുമായി താരതമ്യം ചെയ്യാതെയോ, ഇത് യഥാർത്ഥ ഫിലിമിന്റെ ഭാഗമാണെന്നോ അശ്ലീല സീനുകൾ അടങ്ങുന്ന വ്യത്യസ്ത സ്പൂളുകൾ പ്രധാന ഫിലിമുമായി കൂട്ടിച്ചേർത്തിട്ടുള്ളതാണെന്ന് ഒരാൾക്ക് പറയുവാൻ കഴിയുകയില്ല. ഇവിടെയാണ്, ഈ കോടതിയുടെ രാമകൃഷ്ണന്റെ കേസിലെ തീരുമാനത്തിന്റെ പ്രാധാന്യം ഏറ്റെടുക്കുന്നത്. റിവിഷൻ ഹർജിക്കാർ രാമകൃഷ്ണന്റെ കേസിൽ പ്രതിപാദിച്ചിട്ടുള്ള സംരക്ഷണത്തിന് അവകാശപ്പെട്ടിട്ടുള്ളതായും അശ്ലീല സീനുകൾ ഉൾപ്പെടുത്തിയിട്ടുള്ള എം൦1 ഫിലിം സ്പൂൾ സർട്ടിഫൈഡ് ഫിലിമിൽ നിന്നും വേർതിരിച്ചിട്ടുള്ള ഒന്നാണെന്ന് തിരിച്ചറിഞ്ഞിട്ടില്ലാത്തതും മറ്റു തരത്തിൽ തെളിയിക്കാൻ യാതൊന്നും ഇല്ലാത്തതും ആക്റ്റിലെ 5 എ വകുപ്പിലെ ക്ലിപ്ത നിബന്ധനയിലുള്ള സംരക്ഷണത്തിന് റിവിഷൻ ഹർജിക്കാരെ യോഗ്യരാക്കുന്നു. അപ്രകാരം അവർ കുറ്റവിമുക്തമാകുന്നതിന് യോഗ്യരാണെന്ന് ഞാൻ കണ്ടെത്തുന്നു.

ഫലത്തിൽ, റിവിഷൻ ഹർജി അനുവദിക്കുന്നു. ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 292 (2) (എ) വകുപ്പിനും ആക്റ്റിലെ 7 (എ) (i) ഉം (ii) ഉം വകുപ്പിനും കീഴിൽ റിവിഷൻ ഹർജിക്കാർ കുറ്റക്കാരല്ലെന്നു കാണുകയും, തദനുസരണമായി, റിവിഷനിൽ അവരെ കുറ്റവിമുക്തരാക്കുകയും ചെയ്യുന്നു. വിചാരണ കോടതിയുടെ സി. സി. നം. 397/2004-ലെയും പാലക്കാട് സെഷൻസ് കോടതിയുടെ ക്രിമിനൽ അപ്പീൽ നം. 602/2008-ലെയും കുറ്റസ്ഥാപനത്തിന്റെയും റിവിഷൻ ഹർജിക്കെതിരെയുള്ള ശിക്ഷയുടെയും സ്ഥിരീകരണവും അസ്ഥിരപ്പെടുത്തുന്നു.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എ. എം. ഷഫീക്ക്

&

ബഹു. ജസ്റ്റിസ് എ. എം. ബാബു

ഉദയകുമാർ

*Vs*

സ്റ്റേറ്റ് ഓഫ് കേരള

ക്രിമിനൽ അപ്പീൽ നം. 513/2015

2019 ഫെബ്രുവരി 1-ന് വിധി പുറപ്പെടുവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**പ്രോസിക്യൂഷനു എതിരായിട്ടുള്ള സാക്ഷികളുടെ തെളിവുകൾ പൂർണ്ണമായും നിരസിക്കേണ്ടതില്ലെന്നത് അടിസ്ഥാനപരമായ തത്വമാണ്. "ഒരു കാര്യത്തിൽ തെറ്റെങ്കിൽ എല്ലാ കാര്യത്തിലും തെറ്റുതന്നെ" എന്ന തത്വം ഇൻഡ്യൻ ക്രിമിനൽ ജൂറിസ്പ്രൂഡൻസിൽ സ്വീകരിച്ചിട്ടില്ല. പ്രോസിക്യൂഷൻ കേസിനു മതിയായ വെളിച്ചം നൽകുന്ന തെളിവിന്റെ ആ ഭാഗം കോടതിയ്ക്ക് പരിഗണിയ്ക്കാൻ കഴിയും. നിലവിലെ കേസിൽ, ഉദ്ധരിച്ച എല്ലാ സംഭവസാക്ഷികളും പൂർണ്ണമായും കൂറുമാറി. അവരുടെ തെളിവ് യാതൊരു തരത്തിലും പ്രോസിക്യൂഷൻ കേസിനെ പിന്തുണയ്ക്കുകയോ പ്രോസിക്യൂഷൻ അവലംബിച്ചിട്ടുള്ള സാഹചര്യം തെളിയിക്കുന്ന ചുറ്റുപാടുകളിലേയ്ക്കോ യാതൊരു തെളിവും നൽകുന്നില്ല.**

### വിധിന്യായം

**ജസ്റ്റീസ് ഷഫീക്ക്**

കൊല്ലം ഒന്നാം അഡീഷണൽ സെഷൻസ് ജഡ്ജി എസ്സ്.സി.നം. 629/2011-ൽ അയാളെ 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ (ചുരുക്കത്തിൽ ഇൻഡ്യൻ ശിക്ഷാനിയമം) 302-ാം വകുപ്പിൻ കീഴിലുള്ള കുറ്റത്തിനു കുറ്റക്കാരനാണെന്നു കണ്ടെത്തുകയും ജീവപര്യന്തം തടവനുഭവിക്കാൻ ശിക്ഷിക്കുകയും നഷ്ടപരിഹാര തുകയായി 25,000 രൂപ (ഇരുപത്തയ്യായിരം രൂപ) യും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൻ (ചുരുക്കത്തിൽ ക്രിമിനൽ നടപടി നിയമ സംഹിത) കീഴിൽ 357 (3) വകുപ്പ് പ്രകാരം ഇവിടത്തെ അപ്പീൽവാദിയായ പരേതന്റെ അമ്മ പി.ഡബ്ല്യൂ. 2-ന് നഷ്ടപരിഹാരം നൽകണമെന്നുമുള്ള കുറ്റസ്ഥാപനവും ശിക്ഷാവിധിയും എതിർത്തുകൊണ്ടാണ് അപ്പീൽവാദി ഈ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

2. ഇവിടത്തെ ലായങ്ങളിൽ (ലേബർ ലൈൻ) ഒന്നായ ഈസ്ഫീൽഡ് എസ്റ്റേറ്റ്, ഫസ്റ്റ് ഡിവിഷൻ, ഹാരിസൺ മലയാളം ലിമിറ്റഡ്, കഴുത്തുരുത്തി എപി IX/40, തെന്മല പഞ്ചായത്തിലെ അവരുടെ വീടിന്റെ വരാന്തയിലെ മുറിയിൽ നിന്നും ടെലിവിഷൻ മാറ്റുന്നതു സംബന്ധിച്ച ശത്രുതയുടെ ഭാഗമായി അപ്പീൽവാദി അയാളുടെ സഹോദരനായ ഗിരീഷ് കുമാറിനെ ഒരു

കത്തി കൊണ്ട് കുത്തി കൊലപ്പെടുത്തിയെന്നതാണ് പ്രോസിക്യൂഷൻ കേസ്.

3. അവരുടെ കേസ് തെളിയിക്കുന്നതിനായി, പ്രോസിക്യൂഷൻ, പി.ഡബ്ല്യു. 1 മുതൽ പി.ഡബ്ല്യു. 16 വരെ സാക്ഷികളെ വിസ്തരിക്കുകയും എക്സിബിറ്റ്സ് പി 1 മുതൽ പി 27 വരെയുള്ള രേഖകൾ മാർക്ക് ചെയ്യുകയും എം.ഒ 1 മുതൽ എം.ഒ 16 വരെ തൊണ്ടി മുതലുകൾ തിരിച്ചറിയുകയും ചെയ്തു. 313 വിസ്താര വേളയിൽ അപ്പീൽവാദി അയാൾക്ക് എതിരെ ചുമത്തിയിട്ടുള്ള എല്ലാ കുറ്റവും നിഷേധിക്കുകയും നിരപരാധിയാണെന്ന് വാദിക്കുകയും ചെയ്തു. അയാൾ ക്രിമിനൽ നടപടി നിയമസംഹിതയുടെ 313 (5) വകുപ്പിൻകീഴിൽ ഒരു പത്രിക സമർപ്പിച്ചു. പ്രതിഭാഗത്തു നിന്നും ഡി.ഡബ്ല്യു. 1 നെ വിസ്തരിച്ചു.

4. അപ്പീൽവാദി സമർപ്പിച്ച പ്രസ്താവനയിൽ, സംഭവദിവസം അയാൾക്ക് ജോലി ഇല്ലാതിരുന്നതിനാൽ രാവിലെ വളരെ നേരത്തെ അയാൾ നെടുംപാറ ജംഗ്ഷനിലേക്ക് പോയതായി അയാൾ പറഞ്ഞു. അയാളുടെ അമ്മയായ പി.ഡബ്ല്യു 2 ക്ഷേത്രത്തിലേക്ക് പോകുകയും പരേതൻ വീട്ടിലുമുണ്ടായിരുന്നു. വഴിമധ്യേ അയാൾ പി.ഡബ്ല്യു. 7 നെ കണ്ടുമുട്ടുകയും അവർ രണ്ടുപേരും കഴുത്തുരുത്തിയിലേക്ക് പോകുകയും ഉച്ചതിരിഞ്ഞ് 2 മണിയോടുകൂടി മടങ്ങി എത്തിയിട്ടുള്ളതുമാണ്. ലായത്തിന്റെ വാതിൽ അടഞ്ഞുകിടന്നതുകൊണ്ട് അയാൾ കതക് തള്ളി തുറന്നു. അയാൾ ക്ഷീണിതനായതിനാൽ അയാൾ അടുക്കളയിൽ പ്രവേശിക്കുകയും അവിടെ അയാളുടെ സഹോദരന്റെ മൃതശരീരം കാണുകയും ചെയ്തു. അയാൾ ബോധരഹിതനായി. ആ സമയം പി.ഡബ്ല്യു. 7 അവിടെ എത്തിച്ചേർന്നു. പരേതനെ അയാൾ അടുക്കളയിൽ നിന്നും എടുത്തതിനാൽ അയാളുടെ തുണികളിൽ രക്തക്കറ പുരണ്ടു. അയാൾ പറയുന്നതനുസരിച്ച്, അയാളെ 3-5-2009 വൈകിട്ട് 4 മണിയോടെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുകയും കീഴടങ്ങാൻ ആവശ്യപ്പെടുകയും ചെയ്തു. അയാളുടെ മാതാവ് എത്തിയപ്പോൾ പോലീസ് കാണിച്ച പേപ്പറുകളിൽ ഒപ്പിടാൻ അവരോട് ആവശ്യപ്പെട്ടു. അയാളെ തെറ്റായി ഉൾപ്പെടുത്തിയതായി അയാൾ വാദിച്ചു.

5. ആരോപിക്കപ്പെട്ട കുറ്റകൃത്യത്തിൽ പ്രതിയെ ഉൾപ്പെടുത്താൻ ഇവിടെ വ്യക്തമായ യാതൊരു തെളിവുമില്ലെന്ന് അപ്പീൽവാദിക്കു വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ വാദിച്ചു. അയാൾ നിരപരാധിയാണ്. പ്രോസിക്യൂഷൻ സാക്ഷികൾ പ്രതികൂലമായി. ആരോപിക്കപ്പെട്ട വീണ്ടെടുക്കൽ കെട്ടിച്ചമച്ച ഒന്നാണ്. അപ്പീൽവാദി ഏതെങ്കിലും തരത്തിൽ കുറ്റകൃത്യവുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നു കാണിക്കുന്ന വ്യക്തമായ യാതൊരു തെളിവുമില്ല. ഇത്തരം തീർപ്പിൽ എത്തിയതിൽ കീഴ്കോടതിയ്ക്ക് ഗുരുതരമായ തെറ്റുപറ്റുകയും ഇത് തികച്ചും യുക്തിരഹിതവുമാണ്. പ്രതികൂല സാക്ഷികളുടെ 161-ാം പ്രസ്താവനയിലെ വൈരുദ്ധ്യമായ ഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് കുറ്റസ്ഥാപനം. നിയമപരമല്ലാത്തതും, സ്വീകാര്യ യോഗ്യമല്ലാത്ത വസ്തുതകളും രേഖകളും അടിസ്ഥാനമാക്കിയാണ് അത്തരം ഒരു ഗുരുതരമായ കുറ്റത്തിന് അപ്പീൽവാദിയെ ജയിലിലേക്ക് അയച്ചത്. അയാൾ കുറ്റവിമുക്തിയ്ക്കായി വാദിച്ചു.

6. ഇവിടത്തെ അപ്പീൽവാദിയുടെ കുറ്റം തെളിയിക്കുന്നതിന് മതിയായ തെളിവുണ്ടെന്ന് വിദ്വാനായ മുതിർന്ന പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. എസ്സ്.യു. നാസർ വാദിച്ചു. അയാളെ പരേതനോടൊപ്പം അവസാനം കണ്ടിരുന്നു. മരണപ്പെടുന്നതിനു തൊട്ടുമുമ്പ് അയാളോ

ടൊപ്പം കണ്ട അയാളുടെ സഹോദരന് എന്തു സംഭവിച്ചു എന്നു വിശദീകരിക്കുന്നതിന് അയാൾക്ക് ബാദ്ധ്യതയുണ്ടായിരുന്നു. നിർണ്ണായക സാക്ഷി കൂറുമാറി എന്നത് ശരിയാണ്. അപ്പീൽവാദിയും പരേതനും തമ്മിലുള്ള ശത്രുത തെളിവിൽ കൊണ്ടു വന്നിട്ടുള്ളതും ആയത് ഉദ്ദേശ്യം കാണി ക്കുകയും ചെയ്യുന്നു. കൂറുമാറിയ സാക്ഷി കളുടെ തെളിവുകൾ പൂർണ്ണമായും നിരസിക്കേണ്ട ആവശ്യമില്ലാത്തതും അവരുടെ തെളിവ് പ്രോസിക്യൂഷൻ കേസിനെ എത്ര മാത്രം പിന്തുണയ്ക്കുന്നുവോ അത്രമാത്രം സ്വീകാര്യവുമാണ്. കീഴ്ക്കോടതി ഈ നിഗമനത്തിൽ എത്തിയത് നീതീകരിക്കാ വുന്നതും ആയത് അസ്ഥിരമാക്കേണ്ട ആവശ്യമില്ലാത്തതുമാണെന്ന് അയാൾ വാദിച്ചു.

7. താഴെപ്പറയുന്ന തെളിവ് ഹാജരാക്കി ക്കൊണ്ട് പ്രോസിക്യൂഷൻ അവരുടെ കേസ് തെളിയിക്കാൻ ശ്രമിച്ചു, ആയത് ചുരുക്കത്തിൽ, താഴെ പറയും പ്രകാരമാണ്:-

8. പി.ഡബ്ല്യു. 2-ഉം പി.ഡബ്ല്യു. 3 മുതൽ പി.ഡബ്ല്യു. 7 വരെയുള്ളവരും പി. ഡബ്ല്യു. 9-ഉം സംഭവ സാക്ഷികളായി ഉദ്ധരിച്ചു. പി.ഡബ്ല്യു. 1 അന്നത്തെ തെൻമല സബ്-ഇൻ ഇൻസ്പെക്ട റായിരുന്ന പി.ഡബ്ല്യു. 14 നോട് പ്രഥമ വിവര മൊഴി നൽകി. എക്സിബിറ്റ് പി 1-നെ അടിസ്ഥാനമാക്കി, എക്സിബിറ്റ് പി 1 (എ) പ്രഥമ വിവര റിപ്പോർട്ട് പി.ഡബ്ല്യു. 14 രജിസ്റ്റർ ചെയ്തു. എക്സിബിറ്റ് പി 8 അയാൾ തയ്യാറാക്കിയ ഇൻക്വസ്റ്റും പി.ഡബ്ല്യു. 8 അത് സാക്ഷ്യപ്പെടുത്തിയ ആളുമാണ്. എക്സിബിറ്റ് പി. 19 സീൻ മഹസ്സറും അയാൾ തയ്യാറാക്കിയ താണ്. അയാൾ എം.ഒ 2 മുതൽ എം.ഒ. 8 വരെ പിടിച്ചെടുക്കുകയും ആയതിനുള്ള 151 എ ഫോറം എക്സിബിറ്റ് പി 14 ആണ്. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പ് ഉൾപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ടാണ് എക്സിബിറ്റ് പി.15. അപ്പീൽവാദി/പ്രതിയെ പരിശോധിച്ച ഡോക്ടറാണ് പി.ഡബ്ല്യു. 10. അയാൾ എക്സിബിറ്റ് പി. 10 മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകി. എക്സിബിറ്റ് പി. 23 ഒ.പി. ടിക്കറ്റാണ്. പരേതന്റെ പ്രേത പരിശോധന നടത്തിയ ഡോക്ടറാണ് പി.ഡബ്ല്യു. 11. അയാൾ നൽകിയിട്ടുള്ള പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റാണ് എക്സിബിറ്റ് പി. 11. കൃത്യസ്ഥല പ്ലാൻ തയ്യാറാക്കിയിട്ടുള്ള തെൻമല വില്ലേജ് ഓഫീസറാണ് പി.ഡബ്ല്യു. 12. പി.ഡബ്ല്യു. 13 ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ്. അയാൾ കൃത്യസ്ഥല മായ ലായത്തിന് എക്സിബിറ്റ് പി. 13 കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകിയി ട്ടുള്ളതും ആയത് ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ളതും അതിൽ പി.ഡബ്ല്യു. 2 താമസിച്ചു വന്നിരുന്നതുമാണ്. എക്സിബിറ്റ് പി.15 റിപ്പോർട്ടിനെ ആധാര മാക്കി അന്വേഷണം ഏറ്റെടുത്തിട്ടുള്ള അന്നത്തെ കുളത്തൂപ്പുഴ സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസാണ് പി.ഡബ്ല്യു. 15. അയാൾ അപ്പീൽവാദിയെ 3-5-2009 2.30-പി.എം-ന് ആമ്പനാട് എസ്റ്റേറ്റിൽ നിന്നും അറസ്റ്റ് ചെയ്യുകയും ആയതിന്റെ അറസ്റ്റ് മെമ്മോ എക്സിബിറ്റ് പി. 16-ഉം എക്സിബിറ്റ് പി. 17 ബോഡിനോട്ടും എക്സിബിറ്റ് പി. 18 കസ്റ്റഡി മെമ്മോയും ആണ്. അപ്പീൽവാദി ധരിച്ചിരുന്ന വസ്ത്രങ്ങൾ (എം.ഒ 10 മുതൽ എം.ഒ 12 വരെ) പിടിച്ചെടു ക്കുമ്പോൾ തയ്യാറാക്കിയിട്ടുള്ള മഹസ്സർ ആണ് എക്സിബിറ്റ് പി. 20. അപ്പീൽവാദിയെ തിരിച്ചറിഞ്ഞിട്ടുള്ള റിപ്പോർട്ടാണ് എക്സിബിറ്റ് പി. 21. എക്സിബിറ്റ് പി. 22 റിമാൻഡ് റിപ്പോർട്ടാണ്. അപ്പീൽവാദി/പ്രതിയുടെ മെഡിക്കൽ പരിശോധനയുടെ ഒ.പി. ടിക്കറ്റാണ് എക്സിബിറ്റ് പി. 23. പോസ്റ്റ്മോർട്ടം

പരിശോധനാവേളയിൽ പരേതനിൽ നിന്നും കണ്ടെടുത്തിട്ടുള്ള നഖശകലങ്ങളാണ് എം.ഒ.13 സീരീസ്. ആയത് രാസപരിശോധനയ്ക്ക് അയച്ചിട്ടുള്ള കുറിപ്പാണ് എക്സിബിറ്റ് പി.25. അതേപോലെ എം.ഒ. 14 മുതൽ എം.ഒ. 15 വരെ അയാൾ ശേഖരിച്ചിട്ടുണ്ട്. അപ്പീൽവാദി/പ്രതിയുടെ വെളിപ്പെടുത്തൽ പ്രസ്താവനയായ പി9 (എ)-യെ ആധാരമാക്കി അയാൾ എം.ഒ. 9 കത്തിലായത്തിൽ നിന്നും വീണ്ടെടുത്തിട്ടുള്ളതും എക്സിബിറ്റ് പി.9 ആയതിന്റെ മഹസ്സറും ആയത് പി.ഡബ്ല്യു.9 സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായും ആരോപിക്കുന്നു. എം.ഒ. 9 പി.ഡബ്ല്യു.11-നെ കാണിച്ചിരുന്നതും എക്സിബിറ്റ് പി. 24 മുഖാന്തിരം 8-5-2009-ൽ കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. പി.ഡബ്ല്യു. 16 കുളത്തൂപ്പുഴ സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസാണ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചത്.

9. ഇരയ്ക്ക് സംഭവിച്ചത് ഒരു നരഹത്യയാണ് എന്ന വസ്തുതയിൽ യാതൊരു തർക്കവുമില്ല. എക്സിബിറ്റ് പി. 8 ഇൻക്വസ്റ്റ് റിപ്പോർട്ടാണ്. പരേതന്റെ ശരീരത്തിൽ മരണത്തിന് മുൻപ് 10 പരിക്കുകൾ ഉണ്ടായിരുന്നതും അതിൽ 1-ാം നമ്പർ പരിക്ക് സാധാരണ സ്ഥിതിയിൽ മരണം സംഭവിക്കുന്നതിന് മതിയാകുമെന്ന് പി.ഡബ്ല്യു. 11-ന്റെ തെളിവ് കാണിക്കുന്നു. എക്സിബിറ്റ് പി.11 പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിൽ കാണപ്പെട്ടിട്ടുള്ളതും അവർ മൊഴി നൽകിയിട്ടുള്ളതുമായ പരിക്കുകൾ താഴെ പറയും പ്രകാരമാണ്:-

1. കഴുത്തിന്റെ ഇടതുവശത്ത് ശബ്ദയോനിയ്ക്ക് മുമ്പിലായി 4.5 ജ 2.2 ജ 6.6 സെ.മീ ആഴത്തിൽ വെട്ടേറ്റ ചെറു മുറിവ്, ഏറെക്കുറെ സമാന്തരമായി, അതിന്റെ അവസാനഭാഗം മിഡ്ലൈനിൽ ആഴത്തിലുള്ള മുറിവ്, കഴുത്തിന്റെ അടിയിൽ 2 സെ.മീ മുകളിലായി നേരിയ തോതിൽ താഴേയ്ക്കും വലത്തോട്ടും വാലുപോലെ 0.8 സെ.മീ. നീളത്തിൽ കാണുന്നു. ഇതിന്റെ പുറം അരിക് മൂർച്ചയില്ലാത്ത അഗ്രങ്ങൾ കാണിക്കുന്നു. മാറെല്ലിന്റെ അടിയിലെ മസിൽ മുറിഞ്ഞതായി കാണപ്പെടുന്നു. ഇടത് കഴുത്തിലെ ഞരമ്പുകളും ഭുജസംബന്ധിയായ നാഡീവ്യൂഹവും ഇടത് കണ്ഠാസ്ഥിയ്ക്ക് സമീപമുള്ള രക്തധമനിയും മുറിഞ്ഞതായി കാണപ്പെട്ടു. മുറിവ് താഴേയ്ക്കും ഇടത്തേയ്ക്കും ക്രമമായിരിക്കുന്നു.

2. കഴുത്തിൽ ശബ്ദയോനിയ്ക്കു മുമ്പായി 1.8 ജ 0.2 സെ.മീറ്ററിൽ ബാഹ്യമായി ആഴത്തിലുള്ള മുറിവും മിഡ്ലൈനിന് വലതു ഭാഗത്ത് 0.5 സെ.മീ. ആഴത്തിലും അതേ നിരയിൽ തോളെല്ലിനു മുകളിൽ 1 സെ.മീറ്ററിൽ 1-ാം നമ്പർ മുറിവ്.

3. കഴുത്തിനു പുറകിലായി ബാഹ്യമായി 1.5 ജ 0.2 സെ.മീറ്ററും, മിഡ്ലൈനിനു ഇടത്തായി 1 സെ.മീറ്ററും കഴുത്തിന്റെ ശബ്ദയോനിയ്ക്കു മുകളിലായി 3.5 സെ.മീറ്ററുമായി ആഴത്തിലുള്ള മുറിവ്.

4. ഇടത് കൈയ്ക്ക് മുമ്പിലായി 4.5 ജ 0.1 സെ.മീറ്ററിലുള്ള വളഞ്ഞതും, കൈമുട്ടിനു മുകളിലായി താഴെ ഉൾവശത്തായി 5 സെ.മീറ്റർ ആഴത്തിലല്ലാത്ത മുറിവ്.

5. മദ്ധ്യഭാഗത്തുള്ള മൂന്നാമത്തെ വിരലിന്റെ അടിയിൽ തൊട്ടുമുകളിലായി വലതു കൈയുടെ പിന്നിൽ 6 ജ 2 സെ.മീറ്റർ ഭാഗത്ത് അനേകം ചെറിയ പോറലുകൾ.

6. വലതു മോതിരവിരലിന്റെ മദ്ധ്യസന്ധിയുടെ ഉൾവശത്ത് 0.5 ജ 0.5 സെ.മീറ്ററിലുള്ള പോറലുകൾ.

7. വലതു മോതിരവിരലിന്റെ അറ്റത്തെ അംഗുലീയ സന്ധിയിൽ 0.8 ॥ 5 സെ.മീറ്ററിൽ പോറൽ.

8. വലതു ചൂണ്ടുവിരലിന്റെ അഗ്രത്തായി 0.5 ॥ 0.5 ॥ 0.2 സെ.മീറ്ററിൽ ചതവ്.

9. ഇടത് തോളിന് പിന്നിൽ അഗ്രത്തായി 3 സെ.മീറ്റർ താഴെ 5.5 ॥ 5 സെ.മീറ്റർ ഭാഗത്ത് അനേകം ചെറിയ പോറലുകൾ.

10. കൈയ്യുടെ പിന്നിൽ 6.5 ॥ 2.5 സെ.മീറ്ററിലും, മിഡ്ലൈനിനു ഇടത് 6.5 സെ.മീറ്ററിലും തോളെല്ലിനു 11 സെ.മീറ്റർ താഴെയും ക്രമരഹിതമായ മുറിവുകൾ.

10. എം.ഒ. 9 കത്തി കൊണ്ട് ഗിരീഷ് കുമാറിന്റെ മൃതശരീരത്തിലെ മുറിവുകൾ ഉണ്ടാകാമെന്ന് അയാൾ മൊഴി നൽകി. സംഭവ ദിവസം ഇരയ്ക്ക് മാരകമായ മുറിവുകൾ ഉണ്ടാക്കിയ അപ്പീൽവാദിയെ, അക്രമിയെ പോലെ ശിക്ഷിച്ചതിൽ വിചാരണ കോടതിയെ നീതീകരിക്കാവുന്നതാണോ എന്നത് ഒരു ചോദ്യം മാത്രമാണ്.

11. കീഴ്കോടതി താഴെപ്പറയുന്ന സാഹചര്യങ്ങൾ അടിസ്ഥാനമാക്കി അതിന്റെ നിഗമനത്തിലെത്തി ചേർന്നു:-

(i) എക്സിബിറ്റ് പി2 മുതൽ എക്സിബിറ്റ് പി2 (സി), പി3 മുതൽ പി3 (ബി), പി4, പി5, പി6 മുതൽ പി6(എ) യും എക്സിബിറ്റ്സ് പി7 മുതൽ പി7 (ബി) വൈരുദ്ധ്യങ്ങൾ യഥാക്രമം പി.ഡബ്ല്യു. 2 - പി.ഡബ്ല്യു. 7 മുഖാന്തിരം രേഖപ്പെടുത്തി.

(ii) അപ്പീൽവാദിയുടെയും പരേതന്റെയും അടുത്ത ബന്ധുക്കളിൽ നിന്നും അടുത്ത അയൽവാസികളിൽ നിന്നുമുള്ള തെളിവിൽ നിന്നും ഉദ്ദേശ്യം വെളിവായിട്ടുള്ളതാണ്.

(iii) എകസിബിറ്റ് പി 9 മഹസ്സർ മുഖാന്തിരം അപ്പീൽവാദിയുടെ എക്സിബിറ്റ് പി 9 (എ) വെളിവാക്കൽ മൊഴിയെ അടിസ്ഥാനമാക്കിയുള്ള എം.ഒ. 9 കത്തിയുടെ 1872-ലെ ഇൻഡ്യൻ തെളിവു നിയമത്തിൻ കീഴിലുള്ള (ചുരുക്കത്തിൽ തെളിവുനിയമം) കണ്ടെത്തൽ സാക്ഷ്യപ്പെടുത്തിയ ഒരാളാണ് പി.ഡബ്ല്യു. 9.

(iv) സംഭവത്തിനു ശേഷം അപ്പീൽവാദി ഒളിവിൽ പോയി.

(v) അപ്പീൽവാദിയുടെ അറസ്റ്റിന്റെ സമയം രക്തക്കറ പുരണ്ട തുണികൾ പിടിച്ചെടുത്തു.

12. പ്രോസിക്യൂഷനു എതിരായിട്ടുള്ള സാക്ഷികളുടെ തെളിവുകൾ പൂർണ്ണമായും നിരസിക്കേണ്ടതില്ലെന്നത് അടിസ്ഥാനപരമായ തത്വമാണ്. "ഒരു കാര്യത്തിൽ തെറ്റെങ്കിൽ എല്ലാ കാര്യത്തിലും തെറ്റുതന്നെ" എന്ന തത്വം ഇൻഡ്യൻ ക്രിമിനൽ ജൂറിസ്പ്രൂഡൻസിൽ സ്വീകരിച്ചിട്ടില്ല. പ്രോസിക്യൂഷൻ കേസിനു മതിയായ വെളിച്ചം നൽകുന്ന തെളിവിന്റെ ആ ഭാഗം കോടതിയ്ക്ക് പരിഗണിയ്ക്കാൻ കഴിയും. നിലവിലെ കേസിൽ, ഉദ്ധരിച്ച എല്ലാ സംഭവ സാക്ഷികളും പൂർണ്ണമായും കൂറുമാറി. അവരുടെ തെളിവ് യാതൊരു തരത്തിലും പ്രോസിക്യൂഷൻ കേസിനെ പിന്തുണയ്ക്കുകയോ പ്രോസിക്യൂഷൻ അവലംബിച്ചിട്ടുള്ള സാഹചര്യം തെളിയിക്കുന്ന ചുറ്റുപാടുകളിലേയ്ക്കോ യാതൊരു തെളിവും നൽകുന്നില്ല. അപ്പീൽവാദി/പ്രതിയും പരേതനും തമ്മിൽ വഴക്കുണ്ടായത് എല്ലാ സാക്ഷികളും നിഷേധിച്ചു. മറ്റാരുമല്ല, പരേതന്റെ അമ്മയായ പി.ഡബ്ല്യു. 2 രാജമ്മ പൂർണ്ണമായും കൂറുമാറി. മറ്റു സാക്ഷികളും അതേപോലെയായി. അപ്പീൽവാദി കുറ്റക്കാരനാണെന്നു കണ്ടെത്തുന്നതിൽ സംഭവ സാക്ഷികളുടെ 161 പ്രസ്താവനയിലെ വൈരുദ്ധ്യമായ ഭാഗങ്ങളെ കീഴ്ക്കോടതി ആശ്രയിച്ചിട്ടുള്ളതും ഇവിടെ കാണാൻ കഴിയും. ഇതൊരു നിയമലംഘനമാണെന്ന്

പറയേണ്ടതില്ല. അപ്രകാരം ആയതിനെ കണക്കിലെടുക്കാൻ കഴിയുകയില്ല. പ്രത്യക്ഷമായും, ഇവിടത്തെ അപ്പീൽവാദി/പ്രതിയ്ക്കെതിരെയുള്ള യാതൊരു സാഹചര്യങ്ങളും കോടതിയ്ക്കു തൃപ്തമായ തരത്തിൽ തെളിയിക്കുന്നതിന് പ്രോസിക്യൂഷന് സാധിച്ചില്ല. വിരലടയാളം പോലെയുള്ള യാതൊരു ശാസ്ത്രീയ തെളിവും നൽകിയിട്ടില്ല. വസ്തുതകൾ അങ്ങനെയായിരിക്കെ, അപ്പീൽവാദിയ്ക്കെതിരെയുള്ള വിചാരണ കോടതിയുടെ കണ്ടെത്തലിന് യാതൊരു അടിസ്ഥാനവും ഞങ്ങൾ കാണുന്നില്ല. പ്രോസിക്യൂഷൻ ആരോപിക്കപ്പെട്ട ഉദ്ദേശ്യം പ്രോസിക്യൂഷൻ തെളിവിൽ കൊണ്ടുവന്നിട്ടില്ല. പരേതന്റെ മരണത്തിനു തൊട്ടുമുമ്പ് അപ്പീൽവാദിയും പരേതനും തമ്മിൽ അവസാനമായി കണ്ടിരുന്നു എന്നു കാണിക്കുവാൻ യാതൊരു വസ്തുതയുമില്ല. ആരോപിക്കപ്പെട്ട വീണ്ടെടുക്കൽ സംഭവം നടന്ന വീട്ടിൽ നിന്നുമായിരുന്നതും അപ്പീൽവാദിയും പി.ഡബ്ല്യു. 2-ഉം ആ സ്ഥലത്ത് താമസിച്ചിരുന്നതുമാണ്. എക്സിബിറ്റ് പി. 9-ൽ പി.ഡബ്ല്യു. 9-ന്റെ ഒപ്പ് അയാൾ ശരിവച്ചിട്ടുള്ളതാണ്. എന്നാൽ അയാൾ മഹസ്സറിലെ വസ്തുതകളെപ്പറ്റി യാതൊരു മൊഴിയും നൽകിയിട്ടില്ല. ഇത് മുഴുവനായും പരിശോധിക്കുമ്പോൾ ആരോപിക്കപ്പെട്ട വീണ്ടെടുക്കൽ സംശയകരവും ആകയാൽ ഞങ്ങളുടെ വിശ്വാസത്തെ പിന്തുണയ്ക്കുന്നതുമല്ല. അപ്പീൽവാദി/പ്രതി ഒളിവിൽ പോയതായി കാണിക്കുന്ന യാതൊരു തെളിവും കൊണ്ടുവന്നിട്ടില്ല. ഒരു ഗിരീഷ് കുമാറിനെ അയാളുടെ ലായത്തിന്റെ അടുക്കള മുറിയിൽ വച്ച് കൊലപ്പെടുത്തിയതായി പ്രോസിക്യൂഷൻ തെളിയിച്ചു. എന്നാൽ ആരാണ് ഗിരീഷ് കുമാറിനെ കൊലപ്പെടുത്തിയത് എന്ന് സംശയാതീതമായി തെളിയിക്കേണ്ടതാണ്. ഈ സാഹചര്യങ്ങളിൽ നിലവിലെ അപ്പീൽവാദി/പ്രതിയ്ക്ക് സംശയത്തിന്റെ ആനുകൂല്യം നൽകുന്നതിന് ഞങ്ങൾക്ക് യാതൊരു മടിയും ഇല്ല.

ഫലത്തിൽ, അപ്പീൽ അനുവദിക്കുന്നു. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പിൻ കീഴിൽ അപ്പീൽവാദിയ്ക്കുമേൽ, വിചാരണ കോടതി ചുമത്തിയിട്ടുള്ള കുറ്റസ്ഥാപനവും ശിക്ഷയും ഇതിനാൽ അസ്ഥിരപ്പെടുത്തുന്നു. മറ്റേതെങ്കിലും കേസുമായി ബന്ധപ്പെട്ട് അയാളുടെ സാന്നിദ്ധ്യം ആവശ്യമില്ലെങ്കിൽ അയാളെ ഉടൻതന്നെ മോചിപ്പിക്കേണ്ടതാണ്.

*——————*

FORM IV

Statement about ownership and other particulars about newspaper (NIYAMA DWANI) to be published in the first issue every year after the last day of February.

| | | | |
|---|---|---|---|
| 1. | Place of publication | : | Thiruvananthapuram |
| 2. | Periodicity of its publication | : | FMLY |
| 3. | Printer's Name | : | SUPERINTENDENT OF GOVT. PRESSES |
| | Nationality | : | Indian |
| | Address | : | Government Press, Mannanthala, Thiruvananthapuram. |
| 4. | Publisher's Name | : | LAW SECRETARY |
| | Nationality | : | Indian |
| | Address | : | Law Department, Government Secretariat, Thiruvananthapuram. |
| 5. | Editor's Name | : | Law Secretary |
| | Nationality | : | Indian |
| | Address | : | Law Department, Government Secretariat, Thiruvananthapuram. |
| 6. | Name and address of individual who own the newspapers and partners or share holders holding more than one percent of the total capital | : | B.G. Harindranath, Law Secretary, Law Department, Government of Kerala on behalf of Government of Kerala. |

I, B.G. Harindranath hereby declare that the particulars given above are true to the best of my knowledge and belief.

(Sd.)

Date: 7-12-2018.

*Signature of Publisher.*







നിയമ ധ്വനിയുടെ മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
**www.keralalawsect.org**

RNI REG. No. KERMAL/2017/74542

നിയമധ്വനി

NIYAMADWANI

TITLE CODE KERMAL-15918

വാല്യം 4

ഡിസംബർ 2018

December 2018

DATE OF PUBLICATION

7-12-2018

ഇഷ്യൂ 1



Printed by M. G. Sheela, the Superintendent of Government Presses, Thiruvananthapuram
Published by B.G. Harindranath, Secretary, Law Department, Government Secretariat, Thiruvananthapuram
On behalf of Govt. of Kerala and printed at Govt. Press, Mannnanthala, Thiruvananthapuram-695 001
and published at Law Department, Secretariat, Thiruvananthapuram-695 001, Editor: B, G. Harindranath